VOL NO: 04 | ISSUE 27
www.nerpatham.com
mail@nerpatham.com

2020 JULY 04 | ₹12

# നേർപഥം

വാരിക



## വേട്ടയാടപ്പെടുന്ന വാരിയൻകുന്നത്തും മലബാറിലെ സ്വാതന്ത്ര്യസമരവും

മലബാറിലെ സ്വാതന്ത്ര്യ പോരാട്ടവും വാരിയൻകുന്നത്തും ഒരിക്കൽ കൂടി ചർച്ചയാവുകയാണ്. ബ്രിട്ടീഷ് വിരുദ്ധ ചെറുത്തുനിൽപിന്റെ ത്യാഗോജ്ജ്വല കഥയാണ് 1921ലെ സായുധ വിപ്ലവത്തിന്റെ അടിസ്ഥാനം. എന്നാൽ കാലങ്ങൾക്കിപ്പുറത്ത് അതിന് വർഗീയതയുടെ വിഷം കലർത്താനാണ് ഫാസിസ്റ്റുകൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. യഥാർഥ ചരിത്രം അനാവരണം ചെയ്യപ്പെടുന്നു.

**മഴ: അനുഗ്രഹവും ദൃഷ്ടാന്തവും**

**ശുദ്ധജലവും ഉപ്പുജലവും അവയ്ക്കിടയിലെ മറയും**

**പരിണാമത്തെ വെള്ളപൂശുന്ന വ്യാഖ്യാന ഫാക്ടറികൾ**

## കേരളം പ്രവാസികളെ കൈവെടിഞ്ഞോ?

കോവിഡ് ബാധിച്ച് കേരളത്തിൽ മരണമടഞ്ഞ മലയാളികളുടെ എണ്ണത്തെക്കാൾ എത്രയോ ഇരട്ടിയാണ് അന്യരാജ്യങ്ങളിലുള്ളത്. കൃത്യമായ പരിശോധയുടെയും ചികിത്സയുടെയും അഭാവം തന്നെയാണ് പ്രധാന മരണകാരണം. എന്നാൽ നാട്ടിലെത്തി ചികിത്സ നേടി സമാശ്വസിക്കാനുള്ള അവരുടെ അവകാശങ്ങൾക്ക് സർക്കാർ നിയമങ്ങൾ വിലങ്ങുതടിയായി മാറിയിരിക്കുകയാണിപ്പോൾ.

جـامعة الـهند الإسـلامية
JAMIA ALHIND AL ISLAMIYA

# നിങ്ങളുടെ കുട്ടികളെ നീതിബോധത്തിന്റെ വിശുദ്ധി അറിഞ്ഞു വളർത്തുക

## 2020-21 രജിസ്ട്രേഷൻ പുനരാരംഭിച്ചു



- ക്ലാസുകൾ, ഞായറാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും മാത്രം!!
- ജൂൺ ഒന്നിന് ആറര വയസ് കവിയാത്ത, സ്കൂളിൽ ഒന്നാം ക്ലാസിൽ ചേർന്നവർക്ക് പ്രവേശം

**രജിസ്റ്റർ ചെയ്യാനുള്ള അവസാന തിയതി: ജൂൺ 30**

അപേക്ഷകർ, **www.schoolofquran.in** എന്ന വെബ്സൈറ്റിൽ നിന്ന് ഏറ്റവുമടുത്ത സെന്റർ സെലക്ട് ചെയ്ത് ഓൺലൈൻ അപേക്ഷാ ഫോം പൂരിപ്പിക്കുക.

SCHOOL OF Qura'n
READ. LEARN. EVOLVE

+91 8089999597 schoolofquran.in SchoolOfQuranJamia

# നേർപഥം
വാരിക

നേർപഥം വാരിക / 0181 / 2020 ജൂലൈ 04/ 1441 ദുൽകഅദ് 13 / പുസ്തകം 04 / ലക്കം 27




## വേട്ടയാടപ്പെടുന്ന വാരിയൻകുന്നത്തും മലബാറിലെ സ്വാതന്ത്ര്യസമരവും


സുഫ്‌യാൻ അബ്ദുസ്സലാം / 10

**മുഖമൊഴി**

ജീവിതവും പരീക്ഷണങ്ങളും / 05

**ക്വുർആൻ പാഠം**

മഴ: അനുഗ്രഹവും ദൃഷ്ടാന്തവും / 19
അബൂഅമീൻ

**കഥ**

കോവിഡുകാലത്തെ ഗൾഫുകാരന്റെ വീട് / 34
ഉസ്മാൻ പാലക്കാഴി

**ലേഖനം**

ശുദ്ധജലവും ഉപ്പുജലവും അവയ്ക്കിടയിലെ മറയും / 06
ഡോ.സബീൽ പട്ടാമ്പി

പരിണാമത്തെ വെള്ളപൂശുന്ന വ്യാഖ്യാന ഫാക്ടറികൾ / 20
അലി ചെമ്മാട്

നീതിപാലനം / 25
അബ്ദുൽ ജബ്ബാർ മദീനി

കേരളം പ്രവാസികളെ കൈവെടിഞ്ഞോ? / 29
നബീൽ പയ്യോളി


**അറിയിപ്പ്: കോവിഡ് 19 നിയന്ത്രണങ്ങളുടെ ഭാഗമായി രാജ്യത്ത് ലോക്ക്ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ മാഗസിൻ ഓൺലൈനായി മാത്രം പുറത്തിറക്കുകയാണ്. വായനക്കാർ സഹകരിക്കുമല്ലോ.**


Printed, published and owned by K. Sajjad | Printed at Sprint Offset Printers | Kozhikode
Published at Kozhikode | 673002 | Editor: Usman Palakkazhi | Chief Editor: Anil Primrose
Web Editor: Haseeb Elayur | Design, Cover & Layout: Elan Creativo
Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2 | Kerala | India | Ph: 0495 4019437
mail@nerpatham.com | www.nerpatham.com | Facebook: www.facebook.com/nerpatham weekly

ചലനങ്ങൾ

# എൻട്രൻസ് പരീക്ഷ; പ്രവാസിവിദ്യാർഥികളെയും പരിഗണിക്കണം: വിസ്ഡം ഗ്ലോബൽ സ്റ്റുഡൻസ് വെബിനാർ

കോഴിക്കോട്: കോവിഡ് പ്രതിസന്ധി കഴിഞ്ഞ് അന്താരാഷ്ട്ര യാത്രാസൗകര്യങ്ങൾ എന്ന് ആരംഭിക്കുമെന്നത് നിശ്ചയമില്ലാത്ത സാഹചര്യത്തിലാണ് വിവിധ എൻട്രൻസ് പരീക്ഷാ തീയതികൾ പ്രഖ്യാപിച്ചിരിക്കുന്നത്. ഇത് പ്രവാസി വിദ്യാർഥികൾക്കും രക്ഷിതാക്കൾക്കുമിടയിൽ കടുത്ത ആശങ്കയാണുയർത്തുന്നത്.

വിദേശ രാജ്യങ്ങളിൽ പരീക്ഷാകേന്ദ്രങ്ങൾ അനുവദിക്കുക മാത്രമാണ് നിലവിലെ സാഹചര്യത്തിൽ അഭികാമ്യമായിട്ടുള്ളത്. പ്രസ്തുത വിഷയത്തിൽ സർക്കാറിന്റെ ശ്രദ്ധ പതിയാതെപോയത് പ്രവാസികളോടുള്ള മനോഭാവത്തിന്റെ പ്രതിഫലനമായി വിലയിരുത്തപ്പെട്ടേക്കാം. ആയിരക്കണക്കിന് വിദ്യാർഥികളുടെ ഭാവിയുടെ കാര്യത്തിൽ ഇരുൾമൂടുന്ന തീരുമാനമാണ് ഈ ദുരന്തകാലത്ത് നാട്ടിൽ നടത്താൻ തീരുമാനിച്ച എൻട്രൻസ് പരീക്ഷകൾ. വിദേശങ്ങളിൽ പരീക്ഷ സെന്ററുകൾ അനുവദിക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദം ചെലുത്തണം. പുതിയ അധ്യയനവർഷം ക്ലാസുകൾ ആരംഭിക്കുന്നതടക്കമുള്ള കാര്യങ്ങളിൽ പ്രവാസിസമൂഹത്തെ മറക്കരുത്. അവരെകൂടി പരിഗണിച്ചു കൊണ്ടുള്ള തീരുമാനം മാത്രമെ ഇനി ഉണ്ടാവുകയുള്ളൂവെന്ന് ഉറപ്പ് വരുത്തണം. അന്യദേശ മലയാളികൾ അന്യരല്ലെന്ന് ലോകത്തോട് വിളിച്ചുപറയുന്ന നടപടികളാണ് കേരള സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാവേണ്ടത്. അതിന് ഒട്ടും വൈകരുത്– യോഗം ചൂണ്ടിക്കാട്ടി.

വെബിനാർ അന്താരാഷ്ട്ര വിദ്യാഭ്യാസ വിചക്ഷണൻ ഗബ്രിയേൽ കെറസ്റ്റസ് അൽറൊമാനി ഉദ്ഘാടനം ചെയ്തു. നൂറു കണക്കിന് വിദ്യാർഥികൾ പങ്കെടുത്ത വെബിനാറിൽ വിസ്ഡം സ്റ്റുഡന്റ്സ് സംസ്ഥാന ജനറൽ സെക്രട്ടറി കെ.പി മുഹമ്മദ് ഷമീൽ അധ്യക്ഷത വഹിച്ചു.

വിസ്ഡം സ്റ്റുഡന്റ്സ് പ്രസി. അർഷദ് അൽഹികമി, നൂറുദ്ദീൻ സ്വലാഹി, സി.വി അസീൽ, കെ. ശഹബാസ്, ജെയ്സൽ അശ്റഫ് (ഫിൻലാന്റ്), ജിയാദ് (കാനഡ), മുഹമ്മദ് ആദിൽ (ഇറ്റലി), ഫുആദ് (മക്ക), ജാവേദ് (ആസ്ട്രേലിയ), മുഹമ്മദ് ഷഫീഖ് (കുവൈറ്റ്), മുഹമ്മദ് അജ്മൽ (ദമ്മാം), സകരിയ്യ ബിൻ നൂഹ് (മദീന), ജുനൈദ് അൽഹികമി (ഷാർജ), സജീൽ മൊഹിദീൻ (മക്ക) തുടങ്ങിയവർ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി.

# ഇൻസൈറ്റ് ക്യാമ്പസ് പ്രതിനിധി സമ്മേളനം സമാപിച്ചു

കോഴിക്കോട്: കോവിഡ് കാലത്തെ അപരിചിതമായ സാഹചര്യങ്ങളാൽ വിദ്യാർഥികളടക്കമുള്ള സമൂഹത്തിൽ വിഷാദരോഗത്തിനടിമപ്പെടുന്നവരുടെ എണ്ണവും അതുമൂലം ആത്മഹത്യകളും ഉയരുന്നത് ആശങ്കാജനകമാണെന്ന് വിസ്ഡം ഇസ്‌ലാമിക് സ്റ്റുഡന്റ്സ് ഓർഗനൈസേഷൻ സംസ്ഥാന സമിതി സംഘടിപ്പിച്ച 'ഇൻസൈറ്റ്' ക്യാമ്പസ് പ്രതിനിധിസമ്മേളനം ചൂണ്ടിക്കാട്ടി.

വിദ്യാർഥികളുടെ മാനസികാരോഗ്യം വർധിപ്പിക്കുന്നതിന് അധികാരികൾ നടപടി സ്വീകരിക്കണം. മാനസിക സംഘർഷം അനുഭവിക്കുന്നവരെ കണ്ടെത്തുന്നതിലും പരിഹാരം നിർദേശിക്കുന്നതിലും ക്യാമ്പസുകളിലെ കൗൺസിലിംഗ് സംവിധാനങ്ങൾ പൂർവോപരി ശ്രദ്ധ കാണിക്കണമെന്നും ഓൺലൈനായി കൗൺസിലിംഗ് നൽകാനുള്ള സാഹചര്യം നടപ്പിൽവരുത്തണമെന്നും സമ്മേളനം അഭിപ്രായപ്പെട്ടു.

വിസ്ഡം യൂത്ത് സംസ്ഥാന ജനറൽ സെക്രട്ടറി താജുദ്ദീൻ സ്വലാഹി ഉദ്ഘാടനം ചെയ്തു. വിസ്ഡം സ്റ്റുഡന്റ്സ് ക്യാമ്പസ് ചെയർമാൻ കെ. മുനവ്വർ അധ്യക്ഷത വഹിച്ചു. സംസ്ഥാന പ്രസിഡന്റ് അർഷദ് അൽഹികമി, വൈസ് പ്രസിഡന്റ് നൂറുദ്ദീൻ സ്വലാഹി എന്നിവർ ക്ലാസ്സെടുത്തു.

എഡിഫൈസ് സർട്ടിഫിക്കറ്റ് കോഴ്സ്, മാസംതോറുമുള്ള ക്യാമ്പസ് വെബിനാർ സീരീസ്, ജൂലൈയിൽ നടക്കാനിരിക്കുന്ന ക്യാമ്പസ് സ്റ്റുഡന്റ്സ് സമ്മിറ്റ്, എംബ്ലേസ് ജില്ലാ ക്യാമ്പസ് കോൺഫറൻസ്, റേഡിയൻസ് ക്യാമ്പസ് മീറ്റുകൾ തുടങ്ങിയ വിവിധ പദ്ധതികൾക്ക് സമ്മേളനം അന്തിമരൂപം നൽകി. സംസ്ഥാന ക്യാമ്പസ് സമിതിയംഗങ്ങളായ ശഹബാസ് കെ അബ്ബാസ്, സുഹൈൽ അബ്ദുസ്സമദ്, നിയാസ് മുത്തേടം, അബ്ദുറഊഫ് അൽഹികമി, അബ്ദുൽ മുഈസ് എന്നിവർ സംസാരിച്ചു.

# ജീവിതവും പരീക്ഷണങ്ങളും

'**കോ**വിഡ് 19' ലോകത്ത് പിടിമുറുക്കിക്കൊണ്ടേയിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തും ദിനംപ്രതി രോഗബാധിതരുടെ എണ്ണം വർധിച്ചുകൊണ്ടിരിക്കുന്നു എന്നത് ഏറെ ആശങ്കാജനകമാണ്. പഴയതുപോലെ ജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും സജീവത കൈവന്നില്ലെങ്കിൽ ജനജീവിതം പാടെ താളംതെറ്റുമെന്നായിട്ടുണ്ട്. കച്ചവടക്കാരും ഡ്രൈവർമാരും കൂലിപ്പണിക്കാരുമടക്കം മിക്കവാറും എല്ലാ രംഗങ്ങളിലുള്ളവരും വരുമാനമാർഗം നിലച്ച് പ്രയാസപ്പെടുകയാണ്.

മലയാളനാടിന്റെ സർവതോന്മുഖമായ പുരോഗതിയുടെയും പിന്നിൽ വലിയ പങ്കുവഹിച്ചിട്ടുള്ള പ്രവാസികളും വല്ലാത്തൊരു പ്രതിസന്ധിയിലാണ്. കോവിഡ് ബാധിച്ചും മാനസിക പിരിമുറുക്കം കാരണത്താൽ ഹൃദയാഘാതമുണ്ടായും വിദേശരാജ്യങ്ങളിൽവെച്ച് മരിക്കുന്ന മലയാളികളുടെ എണ്ണം വർധിച്ചുകൊണ്ടിരിക്കുകയാണ്. എങ്ങനെയെങ്കിലും സ്വന്തം നാടണയാനുള്ള അവരുടെ ആഗ്രഹത്തിന് ഭരണകൂടങ്ങൾ തീർത്ത നിയമങ്ങളുടെ സങ്കീർണതകൾ വിലങ്ങുതടിയാവുകയാണ്.

ലക്ഷക്കണക്കിനു പ്രവാസികൾ സ്വന്തം മണ്ണിലേക്ക് തിരിച്ചുവരാനുള്ള ഒരുക്കത്തിലാണ്. കുറച്ചുപേർ എത്തിക്കഴിഞ്ഞു. അവരിൽ മിക്കവരും ജോലി നഷ്ടപ്പെട്ടവരാണ്. ഇനിയൊരു തിരിച്ചുപോക്ക് സാധിക്കുമോ എന്ന് ആർക്കും ഉറപ്പില്ല. അതുകൊണ്ടു തന്നെ ജീവിതം എങ്ങനെ മുന്നോട്ടു നയിക്കും എന്ന ചിന്ത അവരെയും അലട്ടുന്നുണ്ട്.

ഭരണകൂടവും പൊതുസമൂഹവും രാഷ്ട്രീയ പാർട്ടികളും അവർക്കു വേണ്ട പിന്തുണ നൽകുകയും അവരെ സഹായിക്കുകയും ചെയ്യൽ അനിവാര്യമാണ്. കച്ചവടം, ചെറുകിട വ്യവസായങ്ങൾ, കൃഷി... തുങ്ങി അവനവന് സാധ്യമാകുന്ന ജീവിതമാർഗങ്ങൾ കണ്ടെത്താൻ ജോലി നഷ്ടപ്പെട്ട് നാട്ടിലെത്തിയ പ്രവാസികൾ സന്നദ്ധരാകണം.

എല്ലാവരും ഭയപ്പെടുന്നത് പട്ടിണിയും ദാരിദ്ര്യവുമാണ്. ഇങ്ങനെ പോയാൽ എന്തു ചെയ്യും എന്ന അമിതമായ ആധി പലരെയും വിഷാദരോഗികളും മാനസിക സമ്മർദം അനുഭവിക്കുന്നവരുമാക്കി മാറ്റുന്നുണ്ട്. ഇങ്ങനെയൊരു അവസ്ഥ സത്യവിശ്വാസികൾക്ക് ഉണ്ടായിക്കൂടാ. കാരണം ഭൗതിക ജീവിതം പരീക്ഷണങ്ങളുടെതാണ്. ജീവിതാവസ്ഥകൾ മാറിമാറി വരുമ്പോൾ സ്രഷ്ടാവിന്റെ തീരുമാനമെന്നു കരുതി ക്ഷമിക്കുവാനും മനക്കരുത്തോടെ മുന്നോട്ടുപോകുവാനും കഴിയണം.

അല്ലലും അലട്ടലുമില്ലാതെ, തിന്നും കുടിച്ചും രസിച്ചും ജീവിതം കഴിച്ചുകൂട്ടുക എന്നത് ഏതൊരാളുടെയും ആഗ്രഹമാണ്. പ്രയാസങ്ങൾ, രോഗങ്ങൾ, പരീക്ഷണങ്ങൾ, ദാരിദ്ര്യം... ഇവയെല്ലാം എല്ലാവരും വെറുക്കുന്നു. എന്നാൽ നമ്മുടെ ആഗ്രഹങ്ങളെല്ലാം പൂവണിയുന്നതല്ലല്ലോ ഈ ലോകം!

അല്ലാഹു പറയുന്നു: "നിങ്ങൾ ഗ്രഹിക്കണം; ഐഹികജീവിതം കളിയും വിനോദവും അലങ്കാരവും ധനത്തിലും സന്താനങ്ങളിലും പരസ്പരം അഭിമാനംകൊള്ളലും പെരുമനടിക്കലും മാത്രമാകുന്നു. ഒരു മഴപോലെ. അതുവഴി തഴച്ചുവളരുന്ന സസ്യലതാതികൾ കർഷകരെ ആശ്ചര്യപ്പെടുത്തുന്നു. പിന്നീടത് വാടുന്നു. അപ്പോഴത് മഞ്ഞ നിറമായിമാറുന്നതു കാണാം. പിന്നീടത് വൈക്കോലായി നുറുങ്ങിപ്പോകുന്നു. പരലോകത്ത് കഠിനശിക്ഷയും അല്ലാഹുവിങ്കൽനിന്നുള്ള പാപമോചനവുമുണ്ട്. ഇഹലോകജിവിതം കബളിപ്പിക്കുന്ന ചരക്കു മാത്രമാകുന്നു" (ക്വുർആൻ 57:20).

ഡോ.സബീൽ പട്ടാമ്പി
drsabeel555@gmail.com

ലേഖനം

കടലിലെ അത്ഭുതങ്ങളും കുർആനിലെ പരാമർശങ്ങളും 2



# ശുദ്ധജലവും ഉപ്പുജലവും അവയ്ക്കിടയിലെ മറയും

സമുദ്രത്തിലെ വിവിധ തട്ടുകളെക്കുറിച്ചും അവയിലെ ജൈവ വൈവിധ്യത്തെക്കുറിച്ചും ചില കാര്യങ്ങൾ നാം കഴിഞ്ഞ ഭാഗത്ത് സൂചിപ്പിച്ചല്ലോ. ഇനി ക്വുർആനിൽ കടലിനെക്കുറിച്ച് പറഞ്ഞ മറ്റൊരു പ്രതിഭാസത്തെപ്പറ്റി മനസ്സിലാക്കാം.

## ശുദ്ധജലവും ഉപ്പുജലവും അവയ്ക്കിടയിലെ മറയും

കടലിൽ ഉപ്പുജലവും ശുദ്ധജലവും ഉണ്ടെന്നും എന്നാൽ അവ കൂടിക്കലരാതെ വേർതിരിഞ്ഞ് നിൽക്കുന്നുവെന്നും ക്വുർആനിൽ അല്ലാഹു പറയുന്നുണ്ട്. ആ വചനങ്ങൾ കാണാം:

“രണ്ട് ജലാശയങ്ങളെ സ്വതന്ത്രമായി ഒഴുകാൻ വിട്ടവനാകുന്നു അവൻ. ഒന്ന് സ്വച്ഛമായ ശുദ്ധജലം, മറ്റൊന്ന് അരോചകമായി തോന്നുന്ന ഉപ്പുവെള്ളവും. അവ രണ്ടിനുമിടയിൽ ഒരു മറയും ശക്തിയായ ഒരു തടസ്സവും അവൻ ഏർപെടുത്തുകയും ചെയ്തിരിക്കുന്നു” (ക്വുർആൻ 25:53).

“അഥവാ, ഭൂമിയെ നിവാസയോഗ്യമാക്കുകയും അതിനിടയിൽ നദികളുണ്ടാക്കുകയും അതിന് ഉറപ്പ് നൽകുന്ന പർവതങ്ങൾ ഉണ്ടാക്കുകയും രണ്ടുതരം ജലാശയങ്ങൾക്കിടയിൽ ഒരു തടസ്സം ഉണ്ടാക്കുകയും ചെയ്തവനോ? (അതോ അവരുടെ ദൈവങ്ങളോ?). അല്ലാഹുവോടൊപ്പം മറ്റുവല്ല ദൈവവുമുണ്ടോ? അല്ല, അവരിൽ അധികപേരും അറിയുന്നില്ല” (ക്വുർആൻ 27:61).

‘രണ്ട് കടലുകളെ (ജലാശയങ്ങളെ) തമ്മിൽ കൂടിച്ചേരത്തക്കവിധം അവൻ അയച്ചുവിട്ടിരിക്കുന്നു. അവ രണ്ടിനുമിടയ്ക്ക് അവ അന്യോന്യം അതിക്രമിച്ച് കടക്കാതിരിക്കത്തക്കവിധം ഒരു തടസ്സമുണ്ട്” (ക്വുർആൻ 55:19,20).

കടലിൽ ശുദ്ധജലം വരുന്നത് പ്രധാനമായും 3 സ്രോതസ്സുകളിൽ നിന്നാണ്.

(1) മഴവെള്ളം.

(2) പുഴയിൽനിന്ന് ഒഴുകി കടലിൽ വന്നുചേരുന്ന വെള്ളം.

(3) മഞ്ഞുമലകൾ ഉരുകി കടലിലെത്തുന്ന വെള്ളം.

ഉപ്പുജലവും ശുദ്ധജലവും സംഗമിക്കുന്ന പ്രതിഭാസം ലോകത്തിന്റെ പല ഭാഗങ്ങളിൽ കാണപ്പെടുന്നുണ്ട്. ഇത് ഏറ്റവുമധികം കാണപ്പെടുന്നത് ശുദ്ധജല സ്രോതസ്സുകളായ നദികളോ മഞ്ഞുരുകിയ ജലമോ ഉപ്പുജല സ്രോതസ്സായ സമുദ്രങ്ങളുമായി സംഗമിക്കുന്ന ഭാഗങ്ങളിലാണ്. ഇത്തരം സംഗമ സ്ഥലങ്ങൾ ‘കടലിടുക്കുകൾ’ (Esturies / Bay) എന്നാണറിയപ്പെടുന്നത്.

ഇനി എന്തുകൊണ്ടാണ് ഈ രണ്ട് ജലവും വേറിട്ട് നിൽക്കുന്നതെന്ന് പരിശോധിക്കാം. ശുദ്ധ ജലത്തിന്റെ പ്രത്യേകത താഴെ പറയുന്നവയാണ്:

(1) തണുത്തത്.

(2) ലവണത്വം (Salintiy) കുറഞ്ഞത്.

(3) കട്ടി (Denstiy) കുറഞ്ഞത്.

എന്നാൽ സമുദ്രജലം ഇതിനു നേർവിപരീത സ്വഭാവങ്ങളോടുകൂടിയതാണ്. അതിന്റെ പ്രത്യേകതകൾ:

(1) ചൂടുള്ളതാണ്.

(2) ലവണത്വം കൂടിയതാണ്.

(3) കട്ടി കൂടിയതാണ്.

ഈ ഗുണങ്ങളിൽ ഇവ തമ്മിലുള്ള അന്തരം എത്ര വർധിക്കുന്നുവോ അത്രത്തോളം അവ പരസ്പരം കൂടിക്കലരാതെ വേറിട്ട് നിൽക്കുന്നു. ഇനി അവയ്ക്കിടയിലൊരു ‘മറ’ എന്ന് അല്ലാഹു പറഞ്ഞതിനെ പറ്റി പരിശോധിക്കാം.

## മറകൾ രണ്ടുവിധം

ഈ മറകൾ രണ്ടുതരമുണ്ട് എന്നാണു നമുക്ക് മനസ്സിലാകുന്നത്. അതിൽ ഒന്നാമത്തെ തരം മറ ‘ജലത്തിന്റെ മറ’ തന്നെയാണ്. ഇതെങ്ങനെ രൂപപ്പെടുന്നു എന്ന് വിശദീകരിക്കാം. ഈ രണ്ട് ജല സ്രോതസ്സുകൾ സംഗമിക്കുന്ന സ്ഥലത്ത് മൂന്നാമതൊരു തരം ജലംകൂടി രൂപംകൊള്ളുന്നു. അതായത് ഉപ്പുവെള്ളത്തിന്റെയും ശുദ്ധജലത്തിന്റെയും ഒരു മിശ്രിതജലം. ഈ മിശ്രിതജലം Brackish water എന്നാണ് അറിയപ്പെടുന്നത്. ഈ വെള്ളം ശുദ്ധജലത്തിനും ഉപ്പുവെള്ളത്തിനുമിടയിൽ ഒരു മറയായി നിൽക്കുന്നു. ഈ മറ ഭേദിച്ച് ഈ രണ്ടുജലങ്ങൾക്കും എതിർവശത്തേക്ക് കടക്കാനാകില്ല. ഇത്തരം പ്രതിഭാസങ്ങൾ കടലിടുക്കുകളിൽ സാധാരണമാണ്. ഇതാണു രണ്ട് ജലങ്ങൾക്കിടയിലുള്ള മറയുടെ ഒരു രൂപം.

ഇനി രണ്ടാമത്തെ തരം ‘മറ’ എന്താണെന്ന് നോക്കാം. ക്വുർആൻ വചനം 55:20 ന്റെ വിശദീകരണത്തിൽ ഇമാം ഇബ്നുകഥീർ(റഹി) ‘അവയ്ക്കിടയിലുള്ള മറ’ എന്നതിന് വ്യത്യസ്തമായൊരു വ്യാഖ്യാനം നൽകിക്കാണുന്നുണ്ട്. അത് ഇപ്രകാരമാണ്:

‘ഈ രണ്ട് ജലാശയങ്ങൾക്കിടയിൽ (അവയെ വേർതിരിക്കുന്ന) ഒരു കര ഉണ്ട്.’

എന്തായിരിക്കും ആ ‘കര?’ കടലിനുള്ളിൽ മറ്റൊരു കരയോ? ഈ വിഷയം ഒന്നുകൂടി ആഴത്തിൽ പഠിക്കുമ്പോൾ ഈ വ്യാഖ്യാനവും ശരിയാണെന്ന് ബോധ്യപ്പെടും. ഇങ്ങനെയും ഒരു പ്രതിഭാസം കടലിൽ നിലനിൽക്കുന്നുണ്ട് എന്നതാണു വാസ്തവം. അത് ഇപ്രകാരമാണ്: മുകളിൽ ഉപ്പുരസമുള്ള കടൽവെള്ളവും താഴെ പാറയും മണ്ണും മണലും കൂടിച്ചേർന്നുണ്ടായ ‘കര’യും. അതിനു താഴെ ശുദ്ധജല ശേഖരം. ഈ കരയുടെ പാളി അതിനടിയിലുള്ള ശുദ്ധജലത്തെ മുകളിലുള്ള ഉപ്പുവെള്ളത്തിൽനിന്ന് വേർതിരിച്ചു നിർത്തി സംരക്ഷിക്കുന്നു. ഈ പ്രതിഭാസത്തെ Aquifer എന്ന് വിളിക്കപ്പെടുന്നു. ഒരു Aquifer രൂപംകൊള്ളുന്നത് എങ്ങനെയെന്ന് നോക്കാം. മുകളിൽ പറഞ്ഞത് പോലെ നദിയിൽ നിന്നുള്ളതോ മഴ മൂലമുള്ളതോ ആയ ശുദ്ധജലം കടൽ തീരങ്ങളുടെ മണലിലേക്ക് ആഴ്ന്നിറങ്ങുകയും അത് തീരഭാഗത്തുള്ള കടലിന്റെ അടിഭാഗങ്ങളിൽ ശേഖരിക്കപ്പെടുകയും ചെയ്യും. ഇങ്ങനെ പതിറ്റാണ്ടുകളായോ നൂറ്റാണ്ടുകളായോ ശേഖരിക്കപ്പെട്ട ശുദ്ധജലം കേടുവരാതെ, കടലിലെ ഉപ്പുവെള്ളവുമായി കൂടിക്കലരാതെ അടിത്തട്ടിൽ സൂക്ഷിക്കപ്പെടുന്നു.

ഇത്തരത്തിലുള്ള Aquiferകൾ ലോകത്തിന്റെ പല ഭാഗങ്ങളിൽ കടലിന്റെ അടിത്തട്ടുകളിൽ കാണപ്പെടുന്നുണ്ട്.

ആസ്ട്രേലിയയിലും അർജന്റീന, ബ്രസീൽ പരാഗ്വേ തീരങ്ങളിലും ആഫ്രിക്കയിലും അമേരിക്കയിലുമൊക്കെ Aquiferകൾ കണ്ടെത്തിയിട്ടുണ്ട്. ഈ രാജ്യങ്ങളെല്ലാം ഈ ശുദ്ധജല സ്രോതസ്സ് ഉപയോഗപ്പെടുത്തുകയും ചെയ്യുന്നുണ്ട്.

ഇത്തരത്തിൽ കണ്ടെത്തിയ ഏറ്റവും അവസാനത്തെ Aquifer ആണ് ന്യൂസിലാന്റിലെ കാന്റർബറിയോട് ചേർന്നുള്ള കടലിൽ ഇക്കഴിഞ്ഞ മാർച്ചിൽ (2020) കണ്ടെത്തിയിരിക്കുന്നത്. ഇവിടെ നടത്തിയ ഉൽഖനനത്തിൽ തീരത്തുനിന്ന് 60 കിലോമീറ്റർ ചുറ്റളവിലായി ഒരു Aquifer വ്യാപിച്ച് കിടക്കുന്നു എന്ന് വ്യക്തമായി. ഈ കടൽ പ്രദേശത്തുള്ള അടിത്തട്ടിൽ ഏകദേശം 2000 ക്യുബിക് കിലോമീറ്റർ ശുദ്ധ ജലം ഉണ്ടാകുമെന്നാണു നിഗമനം. ഇക്കാര്യം The Guardian അടക്കമുള്ള അന്താരാഷ്ട്ര മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. ശുദ്ധജല ദൗർലഭ്യം അനുഭവിക്കുന്ന ന്യൂസിലാന്റിന് ഈ കണ്ടെത്തൽ ആശ്വാസദായകമാണെന്നും അധികൃതർ പറയുന്നുണ്ട്.

ഇത്തരത്തിൽ ഭൂമിക്കടിയിലെ വിവിധ ശുദ്ധജല സ്രോതസ്സുകൾ കണ്ടെത്തുന്നതും അവ ഉപയോഗപ്പെടുന്നതിനെ കുറിച്ചുമുള്ള പഠന ശാഖയെ Hydrogeology എന്ന് വിളിക്കുന്നു.

അപ്പോൾ ഉപ്പുജലത്തിനും ശുദ്ധജലത്തിനുമിടയിൽ ഒരു 'കര' ഉണ്ട് എന്ന ഇമാം ഇബ്നു കഥീറിന്റെ വ്യാഖ്യാനവും ശരിയാണെന്ന് വരുന്നു.

ഇവ രണ്ടുമാണ് ക്വുർആനിൽ പറഞ്ഞ ഉപ്പുജലത്തിന്റെയും ശുദ്ധജലത്തിന്റെയും ഇടയിലുള്ള 'മറ' കളുടെ രണ്ട് രൂപങ്ങൾ.



### ഉപ്പുവെള്ളവും ശുദ്ധജലവും സംഗമിക്കുന്നിടത്തുള്ള ജൈവവൈവിധ്യങ്ങൾ

വ്യത്യസ്ത ജലങ്ങളുടെ സംഗമസ്ഥാനം എന്നതിലുപരി ഈ മേഖല വ്യത്യസ്ത സസ്യജന്തുജാലങ്ങളുടെ ആവാസ മേഖല (Ecsoystem) കൂടിയാണ്. കടലിൽ മറ്റെവിടെയും കാണാത്ത ജീവികളെയും സസ്യങ്ങളെയും ഇവിടെ കാണാം. ഇതിനുള്ള കാരണങ്ങൾ ഇവയാണ്:

(1) പുഴവെള്ളവും കടൽവെള്ളവും കൂടിച്ചേരുന്ന ഭാഗമായതിനാൽ ഇവിടം പുഴയിലെ ജീവികളും കടലിലെ ജീവികളും ഒരുമിക്കുന്ന സ്ഥലമാണ്. എന്നാൽ ഈ ജീവികൾ പരസ്പരം കൂടിക്കലരില്ല. കാരണം പുഴമൽസ്യങ്ങൾക്ക് ഉപ്പുവെള്ളത്തിലും കടൽമൽസ്യങ്ങൾക്ക് ശുദ്ധജലത്തിലും ജീവിക്കാൻ സാധ്യമല്ല എന്നത് തന്നെ. ഇവകൾ ഈ 'മറ' മുറിച്ചുകടക്കാതെ അവിടങ്ങളിൽ കഴിഞ്ഞുകൂടും. എന്നാൽ അപൂർവം ചില മൽസ്യങ്ങൾക്ക് ഉപ്പുവെള്ളത്തിലും ശുദ്ധജലത്തിലും ജീവിക്കാൻ സാധിക്കും (ഉദാ: സാൽമൺ മൽസ്യം, ചില തരം ആരൽ മൽസ്യങ്ങൾ).

(2) ഒഴുകിയെത്തുന്ന പുഴവെള്ളത്തിലൂടെ ശുദ്ധമായ മണ്ണ് ഇവിടെ നിക്ഷേപിക്കപ്പെടും. അപ്പോൾ ഈ മേഖല പുഴമണ്ണിന്റെയും (ചേറ്) കടൽമണ്ണിൻെയും സംഗമ സ്ഥാനം കൂടിയാണ്. രണ്ടുതരം മണ്ണുകൾ കൂടിച്ചേരുന്ന സ്ഥലമായതിനാൽ ഇവിടം ഫലഭൂയിഷ്ഠവുമാണ്. ആയതിനാൽ ഈ മേഖലയിൽ ചില തരം കക്കകളും മുത്തുച്ചിപ്പികളും പവിഴപ്പുറ്റുകളും മറ്റു പലതരം സസ്യങ്ങളും അധികമായി കാണപ്പെടുന്നു. ഉപ്പുജലത്തിലെയും സമുദ്രജലത്തിലെയും മൽസ്യങ്ങളും ഇവിടെ കാണപ്പെടുന്നു.

അഥവാ ഈ 'ജലസംഗമ മേഖല' ഭക്ഷ്യവിഭവങ്ങളുടെയും ആഭരണ, അലങ്കാര വിഭവങ്ങളുടെയും (മുത്തുകളും പവിഴങ്ങളും) കൂടി ഒരു കലവറയാണെന്നർഥം.

ജലസംഗമ സ്ഥാനത്തെയും അവയ്ക്കിടയിലെ മറയെയും കുറിച്ച് പറഞ്ഞതിനു തൊട്ടുപിറകെ അല്ലാഹു പറയുന്നത് കാണുക:

"അവ രണ്ടിൽനിന്നും മുത്തും പവിഴവും പുറത്തുവരുന്നു. അപ്പോൾ നിങ്ങൾ ഇരു വിഭാഗത്തിന്റെയും രക്ഷിതാവിന്റെ അനുഗ്രഹങ്ങളിൽ ഏതിനെയാണ് നിങ്ങൾ നിഷേധിക്കുന്നത്?" (കുർആൻ 55:22,23).

മറ്റൊരിടത്ത് ക്വുർആൻ പറയുന്നത് കാണുക: "രണ്ടു ജലാശയങ്ങൾ സമമാവുകയില്ല. ഒന്ന് കുടിക്കാൻ സുഖമുള്ള ഹൃദ്യമായ ശുദ്ധജലം. മറ്റൊന്ന് കയ്പുറ്റ ഉപ്പുവെള്ളവും. രണ്ടിൽനിന്നും നിങ്ങൾ പുത്തൻമാംസം എടുത്ത് തിന്നുന്നു. നിങ്ങൾക്ക് ധരിക്കുവാനുള്ള ആഭരണവും (അതിൽനിന്ന്) പുറത്തെടുക്കുകയും ചെയ്യുന്നു. അതിലൂടെ കപ്പലുകൾ കീ

റിക്കടന്നു പോകുന്നതും നിനക്ക് കാണാം. അല്ലാഹുവിന്റെ അനുഗ്രഹത്തിൽനിന്നും നിങ്ങൾ തേടിപ്പിടിക്കുവാൻ വേണ്ടിയും നിങ്ങൾ നന്ദികാണിക്കുവാൻ വേണ്ടിയുമത്രെ അത്" (ക്വുർആൻ 35:12).

ഈ ജലസംഗമ മേഖലകൾ ഫലഭൂയിഷ്ഠമായതുകൊണ്ട് തന്നെ ഇവിടം ജലകൃഷിക്കായി (Aquaculture) ഉപയോഗപ്പെടുത്താറുണ്ട്. വലിയ വലകൾ ഉപയോഗിച്ച് വളച്ചുകെട്ടി അവിടങ്ങളിലെ മണ്ണിനാവശ്യമായ വളങ്ങൾ കൃത്രിമമായി ചേർത്ത് അതിൽ കക്കകളും മൽസ്യങ്ങളും മുത്തുച്ചിപ്പികളും കളകളുമൊക്കെ കൃഷിചെയ്യുന്നത് ഇന്ന് പല തീരങ്ങളിലും നമുക്ക് കാണാൻ സാധിക്കും.

മനോഹരമായ, പല വർണങ്ങളിലുള്ള പവിഴപ്പുറ്റുകളും മുത്തുച്ചിപ്പികളും കടലിനടിയിൽ അലങ്കാര വിസ്മയം തീർക്കുന്ന കാഴ്ച തന്നെയാണ്. ലോകത്തിലെ ഏറ്റവും വലിയ പവിഴപ്പുറ്റ് ആസ്ത്രേലിയയിൽ സ്ഥിതിചെയ്യുന്ന The great barrier reef ആണ്. 2900 കിലോമീറ്ററുകൾ വ്യാപിച്ചുകിടക്കുന്ന ഇത് ഒരു ടൂറിസ്റ്റ് കേന്ദ്രം കൂടിയാണു.

ചരിത്രാതീതകാലംതൊട്ടേ മനുഷ്യർ കടലിലെ മുത്തുകൾ മുങ്ങിയെടുത്ത് ആഭരണങ്ങളായി ഉപയോഗിക്കാൻ തുടങ്ങിയിട്ടുണ്ട്. പല പുരാതനരേഖകളിലും മനുഷ്യർ കടലിൽനിന്ന് മുത്തുകൾ മുങ്ങിയെടുത്ത് ഉപയോഗിച്ചിരുന്നത് എഴുതപ്പെട്ടത് കാണാം. രാജാക്കന്മാർ ഇത്തരത്തിലുള്ള മുത്തുകൾ പതിച്ച വസ്തുക്കൾ ഉപയോഗിച്ചിരുന്നു. ക്വുർആനിലുമുണ്ട് ഇത്തരത്തിൽ ഒരു ചരിത്രം. മഹാനായ സുലൈമാൻ നബിﷺക്ക് നൽകിയ അനുഗ്രഹങ്ങളെ പറ്റി പറയവെ അല്ലാഹു പറയുന്നത് കാണുക:

"പിശാചുക്കളുടെ കൂട്ടത്തിൽനിന്ന് അദ്ദേഹത്തിന് വേണ്ടി (കടലിൽ) മുങ്ങുന്ന ചിലരെയും (നാം കീഴ്പെടുത്തികൊടുത്തു). അതു കൂടാതെ മറ്റു ചില പ്രവൃത്തികളും അവർ ചെയ്തിരുന്നു. നാമായിരുന്നു അവരെ കാത്തുസൂക്ഷിച്ച് കൊണ്ടിരുന്നത്" (ക്വുർആൻ 21:82).

ഈ വചനത്തിന്റെ വിശദീകരണത്തിൽ ഇമാം ഇബ്നു കഥീർ(റഹി) പറയുന്നു: "അവർ (പിശാചുക്കൾ) അദ്ദേഹത്തിനു (സുലൈമാൻ നബിക്ക്) വേണ്ടി കടലിൽ മുങ്ങി മുത്തുകളും 'ആഭരണങ്ങളും' കൊണ്ടുവന്ന് നൽകുമായിരുന്നു' (തഫ്സീർ ഇബ്നുകഥീർ 21:82ന്റെ വ്യാഖ്യാനം കാണുക).

മുത്തുകൾ രണ്ടുവിധമുണ്ട്. ശുദ്ധജലത്തിൽനിന്നുണ്ടാകുന്നതും സമുദ്രത്തിലെ ഉപ്പുജലത്തിൽ രൂപപ്പെടുന്നതും. മനുഷ്യർ ഇന്ന് ശുദ്ധജലത്തിൽ കൃത്രിമമായി വ്യാവസായികാടിസ്ഥാനത്തിൽ മുത്തുകൾ ഉൽപാദിപ്പിക്കുന്നുണ്ട്. ഇതിൽ മുന്നിട്ടുനിൽക്കുന്ന രാജ്യമാണു ചൈന. എന്നാൽ ഗുണമേന്മ കൂടുതലുള്ളത് കടലിലെ ഉപ്പുവെള്ളത്തിൽ താനെ രൂപപ്പെടുന്ന മുത്തുകൾക്കു തന്നെയാണ്.

## ക്വുർആൻ എന്ന വിജ്ഞാന സമുദ്രം

സമുദ്രശാസ്ത്രം (Oceanography) എന്നത് സമുദ്രത്തെ കുറിച്ചും അതിലെ ജലവിഭവങ്ങളെ കുറിച്ചും പഠിക്കുന്ന ശാസ്ത്രശാഖയാണ്. ഇത് രൂപംകൊണ്ടത് 1870കളിലാണ്. എന്നാൽ ഇത് രൂപം കൊള്ളുന്നതിനും എത്രയോ മുമ്പ് കടലിൽ ഒളിഞ്ഞിരിക്കുന്ന പല അത്ഭുത രഹസ്യങ്ങളെ കുറിച്ചും വിശുദ്ധ ക്വുർആനിൽ പറഞ്ഞത് നാം കണ്ടു. കുർആൻ നിരക്ഷരനായ, മരുഭൂവാസിയായ മുഹമ്മദ് എന്ന മനുഷ്യന്റെ ചിന്തയിൽ നിന്ന് എഴുതിയുണ്ടാക്കിയതാണെന്ന് വിമർശിക്കുന്നവർ ഇത്തരത്തിലുള്ള ക്വുർആൻ പരാമർശങ്ങൾ ഒന്ന് മനസ്സിരുത്തി പഠിച്ചിരുന്നെങ്കിൽ അവർ അത്തരം മൂഢധാരണകൾ തിരുത്തുകയും കടലിനെ സൃഷ്ടിച്ച് സംവിധാനിച്ച അല്ലാഹുവിൽ നിന്നുള്ളതാണ് ക്വുർആനെന്ന് അവർക്ക് നിസ്സംശയം ബോധ്യപ്പെടുക തന്നെ ചെയ്യും.

സമുദ്രംപോലെ വിശാലമാണ് ക്വുർആനും. ചിലർ ക്വുർആനിന്റെ ഉപരിതലത്തിലൂടെ കപ്പലോടിക്കുകയും മുകളിലെ തിരമാലകളെ നോക്കിക്കാണുകയും മാത്രം ചെയ്യുന്നു. വേറെ ചിലർ കുർആനെന്ന സമുദ്രത്തിലേക്ക് ഊളിയിട്ട് ഇറങ്ങുകയും അതിൽനിന്ന് അമൂല്യമായ മുത്തുകളും രത്നങ്ങളും ജ്ഞാനവിഭവങ്ങളും സംഭരിക്കുകയും ചെയ്യുന്നു. ഒരു സത്യാന്വേഷിക്ക് നേർവഴിയിലെത്താനാവശ്യമായ വിഭവങ്ങൾ ക്വുർആനിലുണ്ട്. തുറന്ന മനസ്സോടെ ക്വുർആനെന്ന ആഴക്കടലിൽ മുങ്ങിത്തപ്പുന്നവർക്കുള്ളതാണു 'നേർമാർഗ'മെന്ന (ഹിദായത്ത്) അപൂർവമായ 'മുത്തുകളും രത്നങ്ങളും' കിട്ടുക. അല്ലാഹു പറയുന്നു:

"...ഇതാകുന്നു ഗ്രന്ഥം. അതിൽ സംശയമേയില്ല. സൂക്ഷ്മത പാലിക്കുന്നവർക്ക് നേർവഴി കാണിക്കുന്നതത്രെ അത്" (ക്വുർആൻ 2:2).

"തീർച്ചയായും ഈ ക്വുർആൻ ഏറ്റവും ശരിയായതിലേക്ക് വഴികാണിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുന്ന സത്യവിശ്വാസികൾക്ക് വലിയ പ്രതിഫലമുണ്ട് എന്ന സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുന്നു" (കുർആൻ 17:9). **(അവസാനിച്ചു)**

സുഫ്‌യാൻ അബ്ദുസ്സലാം
sufyanasalam@gmail.com






# വേട്ടയാടപ്പെടുന്ന വാരിയൻകുന്നത്തും മലബാറിലെ സ്വാതന്ത്ര്യസമരവും

**മലബാറിലെ സ്വാതന്ത്ര്യ പോരാട്ടവും വാരിയൻകുന്നത്തും ഒരിക്കൽ കൂടി ചർച്ചയാവുകയാണ്. ബ്രിട്ടീഷ് വിരുദ്ധ ചെറുത്തുനിൽപിന്റെ ത്യാഗോജ്വല കഥയാണ് 1921ലെ സായുധ വിപ്ലവത്തിന്റെ അടിസ്ഥാനം. എന്നാൽ കാലങ്ങൾക്കിപ്പുറത്ത് അതിന് വർഗീയതയുടെ വിഷം കലർത്താനാണ് ഫാസിസ്റ്റുകൾ ശ്രമിച്ചു കൊണ്ടിരിക്കുന്നത്. യഥാർഥ ചരിത്രം അനാവരണം ചെയ്യപ്പെടുന്നു.**

കേരള മാപ്പിളചരിത്രത്തിലെ ശൂരതയുടെ പര്യായമാണ് വാരിയൻകുന്നത്ത് കുഞ്ഞഹമ്മദ് ഹാജി. അദ്ദേഹത്തെ മാറ്റിനിർത്തിക്കൊണ്ടുള്ള മാപ്പിളസമര ചരിത്രമോ ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രമോ പൂർണമാവില്ല. അത്യന്താധുനിക യുദ്ധസാമഗ്രികളും പടക്കോപ്പുകളും ഉപയോഗിച്ച് ഇന്ത്യൻ ജനതക്ക് മേൽ അധീശത്വം നേടിയിരുന്ന ബ്രിട്ടീഷ് കൊളോണിയൽ സാമ്രാജ്യത്തെ അരപ്പട്ടയിൽ തിരുകിയ വാളുകൊണ്ട് വിറപ്പിച്ച ഈ ഏറനാട്ടുകാരനെ ചരിത്രം ഏറെ കൗതുകത്തോടെയാണ് സ്മരിക്കുന്നത്. ലക്ഷ്യം നേടുവാൻ ജീവൻ ത്യജിച്ചും ആത്മാർപ്പണം ചെയ്യുക എന്നത് അദ്ദേഹത്തിന്റെ സവിശേഷതയാണ്. നേതാക്കളോടും ഗുരുനാഥന്മാരോടും അങ്ങേയറ്റത്തെ ഭവ്യതയും ആദരവും പ്രകടമാക്കിയിരുന്ന അദ്ദേഹം തന്റെ അഭിപ്രായങ്ങളെപ്പോലും മാറ്റിവെച്ച് നേതാക്കളുടെ അഭിപ്രായങ്ങൾക്ക് വഴങ്ങുമായിരുന്നു. നേതാക്കൾ സഞ്ചരിക്കുന്നതിനെക്കാൾ വേഗത്തിൽ കാര്യങ്ങളെ ലക്ഷ്യത്തിലെത്തിക്കാനുള്ള നെഞ്ചൂക്കും ചടുലതയും അദ്ദേഹം സ്വായത്തമാക്കിയിരുന്നുവെങ്കിലും പണ്ഡിതന്മാരുടെ അഭിപ്രായങ്ങളെ അദ്ദേഹം ശ്രവിക്കുകയും ആദരിക്കുകയും ചെയ്യുമായിരുന്നു. നേതാക്കൾക്ക് ധൈര്യംകൊടുക്കുവാൻ അദ്ദേഹം അവർക്കൊരു മുഴം മുമ്പേ ഗമിക്കുമായിരുന്നു.

വാരിയൻകുന്നത്തിനെ എക്കാലവും വിവാദത്തിൽ തളച്ചിടാൻ പലരും വെമ്പൽകൊള്ളുന്നു. ബ്രിട്ടീഷുകാർക്ക് പാദസേവ ചെയ്തിരുന്നവരുടെ പേടിസ്വപ്നമായിരുന്ന അദ്ദേഹത്തെ വിവാദപുരുഷനാക്കാൻ അദ്ദേഹം ജീവിച്ചിരുന്ന കാലത്തും അദ്ദേഹത്തിന്റെ വീരമൃത്യുവിന് ശേഷവും ശത്രുക്കൾ ശ്രമിച്ചിട്ടുണ്ട്. മലബാർ സമരചരിത്രം ഒരു നൂറ്റാണ്ടു പൂർത്തിയാവുമ്പോൾ വീണ്ടും അദ്ദേഹത്തെ വിവാദങ്ങളിൽ കുരുക്കാൻ ചില കേന്ദ്രങ്ങൾ ശ്രമിക്കുന്നത് കൊണ്ടാണ് ഇപ്പോൾ അദ്ദേഹം വീണ്ടും ചർച്ചയാവുന്നത്. വാരിയൻകുന്നത്തിനെ കുറിച്ച് സംവിധായകൻ ആഷിക് അബുവിന്റെ നേതൃത്വത്തിൽ ഒരു സിനിമ പുറത്തിറങ്ങുന്നതുമായി ബന്ധപ്പെട്ടാണ് പുതിയ വിവാദങ്ങൾ. സിനിമക്കെതിരെ സംഘപരിവാർ ശക്തികൾ പ്രതികരിച്ചുതുടങ്ങിയതോടെയാണ് സാമൂഹിക മാധ്യമങ്ങളിൽ വിവാദം കനത്തത്. സിനിമകൾ നിർമിക്കപ്പെടുന്നത് വാണിജ്യലാഭങ്ങൾക്കു വേണ്ടിയാണ്. ഗാന്ധി, അംബേദ്കർ തുടങ്ങി മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ് വരെയുള്ള ദേശീയ നേതാക്കളെ കുറിച്ചുള്ള സിനിമകൾ ഇറങ്ങിയിട്ടുണ്ട്. സത്യസന്ധമായ ചരിത്രവിവരണം എന്നതിനപ്പുറം വാണിജ്യാടിസ്ഥാനത്തിൽ കോടികൾ സമ്പാദിക്കുക എന്നതാണ് സിനിമ വ്യവസായത്തിലൂടെ പലരും ലക്ഷ്യമിടുന്നത്. അതുകൊണ്ടുതന്നെ സിനിമകൾ ഇറങ്ങുമ്പോൾ അതിനെ വിവാദമാക്കുന്നതിൽ യാതൊരു അർഥവുമില്ല. ഒരേ ചരിത്രത്തെ തന്നെ വികലമാക്കി മറ്റൊരു രൂപത്തിൽ അവതരിപ്പിച്ചാലും അതിന്റെ പ്രദർശനാനുമതിക്ക് വലിയ തടസ്സമൊന്നും ഉണ്ടാവാറില്ല. വാരിയൻകുന്നത്ത് കുഞ്ഞഹമ്മദ് ഹാജി എന്ന ചരിത്രപുരുഷൻ നടത്തിയ സമരത്തിന് സ്വാതന്ത്ര്യവുമായി യാതൊരു ബന്ധവുമില്ലെന്നും ഹാജി 'വളരെ മോശം' വ്യക്തിയായിരുന്നുവെന്നുമൊക്കെയാണ് സംഘപരിവാർ നേതാക്കൾ പ്രചരിപ്പിക്കുന്നത്. ഹിന്ദു ഐക്യവേദി സിനിമക്കെതിരെ ശക്തമായ ഭീഷണി മുഴക്കിക്കഴിഞ്ഞു. ചരിത്രത്തിന്റെ അപനിർമിതി അനുവദിക്കില്ലെന്നാണ് ഐക്യവേദി നേതാവ് ആർ. വി. ബാബു പറഞ്ഞത്. ഒരു വർഷം കഴിഞ്ഞു നിർമിച്ച് പ്രദർശിപ്പിക്കാൻ പോകുന്ന ഒരു സിനിമയെ കുറിച്ച് ഇപ്പോൾ തന്നെ വിവാദമുണ്ടാക്കുന്നതിൽ ദുരുദ്ദേശ്യമുണ്ടെന്നു വ്യക്തമാണ്. മാത്രവുമല്ല വാരിയൻകുന്നത്തിനോടുള്ള വിയോജിപ്പ് മാത്രമല്ല സംഘപരിവാർ പ്രകടിപ്പിച്ചത്. വാരിയൻകുന്നത്ത് നേതൃരംഗത്തുനിന്ന് പടപൊരുതിയ 1921ൽ ഏറനാട്, വള്ളുവനാട് പ്രദേശങ്ങളിൽ ഹിന്ദുക്കളും മുസ്‌ലിംകളും ഒരുമിച്ചു ബ്രിട്ടീഷുകാർക്കെതിരെ നടത്തിയ സമരത്തെ സ്വാതന്ത്ര്യ സമരമായി പ്രചരിപ്പിക്കുന്നവർക്കെതിരെ ഭീഷണിയുമായിട്ടാണ് അവർ രംഗത്തുവന്നിട്ടുള്ളത്.

1921ൽ ഏറനാട്, വള്ളുവനാട് പ്രദേശങ്ങളിൽ നടന്ന ബ്രിട്ടീഷ്‌വിരുദ്ധ സമരം പെട്ടെന്നുണ്ടായ ആവേശത്തിൽ രൂപംകൊണ്ടതല്ല. നൂറ്റാണ്ടുകളായി അടിച്ചമർത്തപ്പെട്ട ഒരു ജനതയുടെ സ്വാതന്ത്ര്യത്തിനു വേണ്ടി നടന്ന ഒട്ടനവധി സമര, യുദ്ധ ചരിത്രങ്ങളുടെ അവസാനത്തെ കണ്ണിയാണ് 1921ൽ മലബാറിൽ നടന്നത്. യുദ്ധങ്ങളിലെ വിജയപരാജയങ്ങളെ കുറിച്ച് യുദ്ധങ്ങൾക്ക് നേതൃത്വം നൽകിയിരുന്ന മാപ്പിള മക്കൾ ഒട്ടും ആശങ്കാകുലരായിരുന്നില്ല. അധിനിവേശ ശക്തികളോടുള്ള മാപ്പിളമാരുടെ വിരോധത്തിന് അഞ്ചു നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. 1498ൽ പോർച്ചുഗീസ് കടൽകൊള്ളക്കാരനായ വാസ്കോഡഗാമ കോഴിക്കോട്ടെ കാപ്പാട് വന്നിറങ്ങിയത് മുതൽ ആ ചരിത്രം ആരംഭിക്കുന്നു. കോഴിക്കോട്ടെ നീതിമാനായ ഭരണാധികാരി സാമൂതിരിയെയും സാമൂതിരിയെ പിന്തുണച്ചിരുന്ന മാപ്പിളമാരെയും തുരത്തി കേരളമണ്ണിൽ ആധിപത്യം പുലർത്തിയ പറങ്കികളോട് സധീരം ഏറ്റുമുട്ടാൻ മുമ്പോട്ടുവന്നത് മാപ്പിളയോദ്ധാക്കളായിരുന്നു. രാജ്യസ്നേഹം പ്രകടിപ്പിച്ച് ഭരണാധികാരിക്ക് പിന്തുണ നൽകി അദ്ദേഹത്തിന്റെ കൂടെ നിന്നതോടെയാണ് പറങ്കികൾക്ക് മാപ്പിളമാരോട് ശക്തമായ വിരോധം ഉണ്ടായിത്തുടങ്ങിയത്. മുസ്‌ലിം കോളനികൾ നശിപ്പിക്കുകയും കോഴിക്കോട്ടും കൊ


മനോരമ വക പ്രത്യേക ഉപപത്രം

വാരിയങ്കുന്നത്ത് കുഞ്ഞഹമ്മത് ഹാജിയെയും കൂട്ടുകാരെയും പിടിച്ചു.

അനവധി വാൾ, തോക്ക് മുതലായ ആയുധങ്ങളും കിട്ടിയിരിക്കുന്നു.

ഗൂർക്കാസൈന്യത്തിന്റെ പരാക്രമം.

കണ്ണൂർ ജെയിൽലഹള.

ഡിപ്പാർട്ടുമെന്റ് അന്വേഷണം.




ച്ചിയിലും മുസ്‌ലിംകൾക്കുണ്ടായിരുന്ന വ്യാപാര മേൽക്കോയ്മകൾ തകർക്കുകയും ചെയ്തുകൊണ്ടാണ് പറങ്കികൾ പകരം വീട്ടിയത്. കുഞ്ഞാലി മരക്കാന്മാർ നേതൃത്വം നൽകിയ 1500 മുതൽ 1600 വരെ നീണ്ടുനിന്ന പറങ്കി - മാപ്പിള യുദ്ധങ്ങൾ ചരിത്രത്തിൽ വളരെ പ്രസിദ്ധമാണ്. സമാധാനപരമായി മലബാറിൽ കച്ചവടം നടത്തിയിരുന്ന അറബികളെ പോർച്ചുഗീസുകാർ തുരത്തിയതോടെ വ്യാപാരമേഖല അവരുടെ കുത്തകയായി. മുസ്‌ലിംകളെ അവർ ശത്രുക്കളായി കണ്ടു. മുസ്‌ലിംകൾക്ക് കാർഷിക മേഖലയിലേക്ക് തിരിയേണ്ടി വന്നു. പോർച്ചുഗീസുകാർക്ക് ശേഷം ഡച്ചുകാരും പിന്നീട് ഫ്രഞ്ചുകാരും അധിനിവേശം നടത്തി. മാപ്പിളമാർ നഷ്ടപ്പെട്ട യശസ്സ് വീണ്ടെടുക്കാൻ സാധിക്കാതെ കൃഷിഭൂമിയിലെ പണിയായുധങ്ങളുമായി ജീവിതസമരത്തിലേർപ്പെട്ടു. പക്ഷേ, കാർഷികവൃത്തിയിലും മാപ്പിളമാർക്ക് സ്വസ്ഥതയുണ്ടായിരുന്നില്ല. ജന്മിമാരുടെ മേൽക്കോയ്മയിൽ അടിമകളെപ്പോലെ കഴിയേണ്ട അവസ്ഥയുണ്ടായി. രണ്ടര നൂറ്റാണ്ടോളം ഈ സ്ഥിതി തുടർന്നു. ജന്മിമാരുടെ ഭീഷണിക്ക് മുമ്പിൽ സാമൂതിരിക്കുപോലും ഒന്നും ചെയ്യാൻ സാധിച്ചില്ല.

1760 കാലഘട്ടം. കണ്ണൂരിലെ അലി രാജ മാപ്പിളമാരുടെ ദൈന്യമായ അവസ്ഥ കണ്ടു ഹൈദരാലിയോട് സഹായം അഭ്യർഥിച്ചു. ഹൈദരാലിയുടെ ഇടപെടൽ കാരണം മാപ്പിളമാർക്ക് അൽപം ആശ്വാസം ലഭിച്ചെങ്കിലും അക്കാലത്താണ് ബ്രിട്ടീഷുകാരുടെ മലബാർ അധിനിവേശമുണ്ടാകുന്നത്. അതോടെ കാര്യങ്ങൾ മറിഞ്ഞു. ജന്മിമാരും ഭൂവുടമകളും ബ്രിട്ടീഷുകാരുടെ കൂടെ നിന്നു. ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യ കമ്പനിയുമായി അവരിൽ പലരും സന്ധിചെയ്തു. ഹൈദരാലി സൈനികവ്യൂഹവുമായി പരപ്പനങ്ങാടിയിൽ വന്നിറങ്ങി. മലബാർ പ്രദേശം മാപ്പിളമാർ അടക്കമുള്ള സ്വന്തം നാട്ടുകാർക്ക് വിട്ടുകൊടുക്കണമെന്ന് വ്യവസ്ഥ ചെയ്തു. സമാധാനം സ്ഥാപിച്ചു ഹൈദരാലി മടങ്ങിയെങ്കിലും ജന്മിമാരും മാടമ്പികളും ഉപാധികൾ ലംഘിച്ചു. അതോടെ മലബാറും തിരുവിതാംകൂറും കൊച്ചിയുമെല്ലാം ബ്രിട്ടീഷുകാരുടെ ആധിപത്യത്തിന് കീഴിലായി.

മമ്പുറം തങ്ങന്മാരുടെ ആഗമനത്തോടെയാണ് പിന്നീട് മാപ്പിളമാർക്ക് ഒരു നേതൃത്വം ഉണ്ടാകുന്നത്. 1741 ൽ ആണ് യമനിൽനിന്നും ജിഫ്‌രി കുടുംബം മലബാറിലെത്തുന്നത്. കൊയിലാണ്ടിക്കടുത്ത് പന്തലായനിയിൽ കപ്പലിറങ്ങിയ ശൈഖ് സയ്യിദ് ജിഫ്‌രിയെ സാമൂതിരി സ്വീകരിച്ചു. യമനുമായി കച്ചവടബന്ധമുണ്ടായിരുന്ന സാമൂതിരിയുടെ കൂട്ടുകാരനായ അലി ബറാമി വഴിയാണ് അവർ കേരളത്തെ കുറിച്ചറിഞ്ഞത്. കുറ്റിച്ചിറ മാളിയേക്കൽ വീട്ടിൽ താമസമായി. അതാണ് പ്രസിദ്ധമായ ജിഫ്‌രി ഹൗസ്. ശൈഖ് സയ്യിദ് ജിഫ്‌രിയുടെ സഹോദരൻ ഹസൻ ജിഫ്‌രി 1754ൽ പന്തലായനിയിൽ ഇറങ്ങി പൊന്നാനിയിൽ താമസമായി. തിരൂരങ്ങാടി ഖാദിയായിരുന്ന ജലാലുദ്ദീൻ മഖ്ദൂമിന്റെ അഭ്യർഥനപ്രകാരം തിരൂരങ്ങാടിയിൽ വന്നു. കമ്മുമൊല്ലയുടെ മകൾ ഫാത്തിമയെ വിവാഹം ചെയ്തു മമ്പുറത്ത് പഴയമാളിയേക്കൽ താമസമായി. 1766ൽ അദ്ദേഹം മരണപ്പെട്ടു. 1770ൽ അദ്ദേഹത്തിന്റെ സഹോദരിപുത്രൻ സയ്യിദ് അലവി മമ്പുറത്ത് താമസമായി. മലബാറിലെ മാപ്പിളമാർ ജന്മിമാരിൽനിന്നും ബ്രിട്ടീഷ് അധികാരികളിൽനിന്നും വലിയ ക്രൂരതകൾ അനുഭവിക്കുന്ന കാലത്താണ് മമ്പുറം തങ്ങളുടെ വരവ്. വിവിധ മതവിഭാഗങ്ങളോട് രമ്യതയിൽ വർത്തിച്ചിരുന്ന തങ്ങളെ അധഃകൃത വിഭാഗങ്ങൾ ആദരിച്ചുവന്നു. മമ്പുറം തങ്ങൾ ബ്രിട്ടീഷുകാർക്കെതിരെ പ്രതിഷേധിക്കേണ്ടതിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തി. ഈ കാലഘട്ടത്തിൽ തന്നെ ഹൈദരാലിയും ടിപ്പുവും ബ്രിട്ടീഷുകാരോടുള്ള ഏറ്റുമുട്ടലിന്റെ പാതയിൽ മലബാറിലും വന്നിരുന്നു. ടിപ്പുവിന്റെ സൈന്യത്തിന്റെ കൂടെ നാലായിരത്തോളം മാപ്പിള യോദ്ധാക്കളും ബ്രിട്ടീഷുകാർക്കെതിരെ അണി നിരന്നിരുന്നു. 1792ൽ ടിപ്പുവിന് കീഴടങ്ങേണ്ടി വന്നതോടുകൂടി മലബാറിൽ ബ്രിട്ടീഷുകാർ കൂടുതൽ വിളയാട്ടം തുടങ്ങി. ഇക്കാലത്ത് ബ്രിട്ടീഷുകാർക്കെതിരെ ചില പോരാട്ടങ്ങൾ നടത്തിയിരുന്ന ചെമ്പൻ പോക്കരെ വധിച്ച് മയ്യിത്ത് വികൃതമാക്കി അവർ മമ്പുറത്ത് കെട്ടിത്തൂക്കി. ചെമ്പൻ പോക്കർ ബ്രിട്ടീഷ് കോടതികളിലെ ഒരു 'ദരോഗ' ആയിരുന്നു. അവരുമായുള്ള അഭിപ്രായവ്യത്യാസത്തിൽ പിന്നീട് ജോലിയിൽ നിന്നും പിരിച്ചുവിടപ്പെട്ട വ്യക്തിയാണ് പോക്കർ. പഴശ്ശിരാജയ്ക്ക്

സഹായം ചെയ്തുകൊടുത്തിരുന്ന വ്യക്തികൂടിയായിരുന്നു. ചെമ്പൻ പോക്കരെ വധിച്ചു എന്ന് മാത്രമല്ല മയ്യിത്തിനെ അപമാനിക്കുകയും വികലമാക്കുകയും ചെയ്തത് മാപ്പിളമാരിൽ മാത്രമല്ല മമ്പുറം തങ്ങളുടെ തന്നെ കടുത്ത ബ്രിട്ടീഷ് വിരോധത്തിന് കാരണമായി. 1802 കാലഘട്ടത്തിലാണ് ഈ സംഭവം. ഇതിനെത്തുടർന്നാണ് മമ്പുറം തങ്ങൾ 'സൈഫുൽ ബത്താർ' എന്ന ഗ്രന്ഥം രചിച്ചത്. അടക്കിഭരിക്കുന്ന ശക്തികൾക്കെതിരെ അതിശക്തമായി പ്രതികരിക്കേണ്ടതിന്റെ പ്രാധാന്യം വിവരിക്കുന്ന ഗ്രന്ഥമാണത്. മമ്പുറം തങ്ങളുടെയും പുത്രൻ സയ്യിദ് ഫസൽ തങ്ങളുടെയും സാന്നിധ്യം ബ്രിട്ടീഷുകാർക്ക് വലിയ തലവേദനായിരുന്നു. 1844ൽ സയ്യിദ് അലവി തങ്ങൾ മരണപ്പെടുകയും 1852 ൽ ഫസൽ തങ്ങൾ മക്കയിലേക്ക് പോവുകയും ചെയ്തതോടെ മാപ്പിളമാർക്ക് നേതൃത്വം നഷ്ടപ്പെട്ടത് ബ്രിട്ടീഷുകാർക്ക് ആശ്വാസമായി.

ബ്രിട്ടീഷുകാർ ഹിന്ദുക്കളെയും മുസ്‌ലിംകളെയും തമ്മിൽ തെറ്റിക്കുവാനുള്ള പദ്ധതികൾ ആവിഷ്‌കരിച്ചു. ജന്മിമാരെ വഴിവിട്ട് സഹായിക്കുകയും മാപ്പിളമാരെ ശക്തമായി ദ്രോഹിക്കുകയും ചെയ്യുക എന്ന ഹീനതന്ത്രം അവർ ഉപയോഗിച്ചു. മലബാറിൽ ജന്മിമാർക്കെതിരെ കുടിയാന്മാർ (പ്രധാനമായും മാപ്പിളമാർ) നടത്തിയ ധാരാളം സമരങ്ങളും കലാപങ്ങളും ഉണ്ടായിട്ടുണ്ട്. അവ പൊതുവിൽ കർഷക സമരങ്ങൾ എന്നാണു വിളിക്കപ്പെടുന്നത്. മണ്ണാർക്കാട്, ചെർപ്പുളശേരി, മട്ടന്നൂർ, കുളത്തൂർ, നിലമ്പൂർ, കൽപകഞ്ചേരി, പുല്ലങ്കോട്, ഒഴൂർ, മഞ്ചേരി തുടങ്ങിയ



സ്ഥലങ്ങളിൽ നടന്ന സമരങ്ങൾ പ്രസിദ്ധമാണ്. യഥാർഥത്തിൽ മാപ്പിളമാർ നേരത്തെ ഉണ്ടായിരുന്ന അധിനിവേശ വിരുദ്ധ വികാരം കാരണമാണ് ഒറ്റപ്പെടുന്നതും അധിനിവേശ ശക്തികൾക്കെതിരെ സമരം നടത്തിയതും. എന്നാൽ ജന്മിമാരെ ഉപയോഗപ്പെടുത്തി മാപ്പിളമാരെ ദ്രോഹിക്കാൻ ബ്രിട്ടീഷുകാർ തുനിഞ്ഞപ്പോൾ മാപ്പിളമാർ ജന്മിമാർക്കെതിരെ തിരിഞ്ഞു. ഇവിടെ അടിസ്ഥാനകാരണം കർഷകപ്രശ്‌നമാണെന്നു പറയാൻ സാധിക്കില്ല. ബ്രിട്ടീഷ് വിരോധം തന്നെയായിരുന്നു കാരണം. മലബാറിലെ മാപ്പിളമാരിൽ എന്തുകൊണ്ടാണ് ബ്രിട്ടീഷ് വിരുദ്ധ വികാരം നേരത്തെ ശക്തമായത് എന്ന കാര്യമാണ് ഇതുവരെ വിശദീകരിച്ചത്.

1921ലും ജന്മി കുടിയാൻ വൈരങ്ങൾ ഉച്ചിയിലായിരുന്നെങ്കിലും 1921ലെ സംഘർഷഭരിതമായ സാഹചര്യത്തിന്റെ അടിസ്ഥാനകാരണം അതായിരുന്നില്ല. ഖിലാഫത്തും ഗാന്ധിജിയുടെ സ്വാതന്ത്ര്യ സമരാഹ്വാനവുമായിരുന്നു സമരം പൊട്ടിപ്പുറപ്പെടാനുണ്ടായ കാരണം. ഈ രണ്ടു പ്രധാനപ്പെട്ട കാരണങ്ങളെ മാറ്റിനിർത്തി കേവലം കർഷകസമരമായിരുന്നുവെന്നു വിധിയെഴുതുന്നത് ന്യായമല്ല. തുർക്കി സുൽത്താനെ ലോകമുസ്‌ലിംകളുടെ നേതാവായി അഥവാ ഖലീഫയായി ലോകത്തെ മുസ്‌ലിം സമൂഹത്തിലെ ധാരാളംപേർ അംഗീകരിച്ചുവന്നിരുന്നു. മുസ്‌ലിംകൾ മാത്രമല്ല ബ്രിട്ടൻ അടക്കമുള്ള ലോകത്തെ പ്രബല രാജ്യങ്ങളും അംഗീകരിച്ചിരുന്നു. 1914 ൽ നടന്ന ഒന്നാം ലോകയുദ്ധമാണ് ഖിലാഫത്ത് പ്രശ്‌നത്തിന് കാരണമായത്. ജർമനി ഉൾപ്പെടുന്ന അച്ചുതണ്ട് ശക്തികളും (Cetnral Powers) ബ്രിട്ടൻ ഉൾപ്പെടുന്ന സങ്കലിത ശക്തികളും (Allied Powers) തമ്മിലായിരുന്നു യുദ്ധം. ഈ യുദ്ധത്തിൽ തുർക്കി സുൽത്താൻ ജർമനിയുടെ പക്ഷത്ത് നിലയുറപ്പിച്ചത് ഇന്ത്യൻ മുസ്‌ലിംകളെ ധർമസങ്കടത്തിലാക്കി. കാരണം ബ്രിട്ടീഷ് ചക്രവർത്തിയുടെ പ്രജകളാണ് ഇന്ത്യൻ മുസ്‌ലിംകൾ. അതേസമയം തുർക്കി സുൽത്താൻ മതനേതാവും. യുദ്ധം ജയിക്കാൻ ഇന്ത്യൻ മുസ്‌ലിംകളുടെ കൂടെ സഹായം വേണമെന്ന് ബ്രിട്ടന് തോ

HINDU, 18TH OCTOBER 1921
LETTER OF VARIAMKUNATH KUNHAMAD HAJI

Pandalam Hill
7.10.1921

Honoured Editor,
I request you to publish the following facts in your paper.

According to the press reports from Malabar hindu-muslim unity in Malabar has thoroughly ceased to exist. It appears that the report that hindus are forcibly converted (by my men) is entirely untrue. Such conversions were done by government party and reserve policemen in mufti mingling themselves with the rebels (masquerading as rebels).

Moreover, because some hindu brethren, aiding the military, handed over to the military innocent moplahs who were hiding themselves from the military, a few hindus have been put to some trouble. Besides, that Nambudiri, who is the cause of this rising, has also similarly suffered. Now, the chief military commander is causing the hindus to evacuate from these taluks. Innocent women and children of Islam who have done nothing and possess nothing, are not permitted to leave the place.

The hindus are compulsorily recruited for military service. Therefore several hindus seek protection in my hill. Several moplahs too have sought my protection.

For the last one month and a half, except for the seizure and punishment of the innocent, no purpose has been achieved.

Let all people in the world know. Let Mahatma Gandhi and the Maulana know it. If this letter is not seen published, I will ask for your explanation at one time.

ന്നിയതിനാൽ അവർ ഇന്ത്യൻ മുസ്‌ലിംകളെ തന്ത്രത്തിൽ മെരുക്കി. ഇതൊരു മതപരമായ യുദ്ധമല്ലെന്നും യുദ്ധം കഴിഞ്ഞാലും തുർക്കി സുൽത്താന്റെ ഖലീഫ പദവിക്കോ മുസ്‌ലിം പുണ്യകേന്ദ്രങ്ങളുടെ സ്ഥിതിക്കോ ഒരു ഹാനിയും തട്ടുകയില്ലെന്നും അവർ പ്രഖ്യാപിച്ചു. യുദ്ധത്തിൽ ബ്രിട്ടൻ നേതൃത്വം നൽകുന്ന സങ്കലിതശക്തികൾ വിജയിച്ചപ്പോൾ ബ്രിട്ടൻ വാക്കുമാറി. തുർക്കി സുൽത്താന്റെ കീഴിലായിരുന്ന മൊസോപ്പൊട്ടേമിയയും ഫലസ്തീനും ബ്രിട്ടൻ കൈവശപ്പെടുത്തി. സിറിയ ഫ്രാൻസിനും ഏഷ്യാമൈനർ ഇറ്റലിക്കും വീതംവെച്ചു. ഇത് കടുത്ത വഞ്ചനയായി ഇന്ത്യൻസമൂഹം കണ്ടു. ഇതോടെ തുർക്കി ഖിലാഫത്ത് പുനഃസ്ഥാപിക്കണമെന്ന ആവശ്യവുമായി ഇന്ത്യൻ മുസ്‌ലിംകൾ പ്രക്ഷോഭത്തിലേക്കിറങ്ങി. അതാണ് ഇന്ത്യയിലെ ഖിലാഫത്ത് പ്രസ്ഥാനം. മൗലാനാ ഷൗക്കത്ത് അലി, മൗലാനാ മുഹമ്മദലി ജൗഹർ, ഹകീം അജ്മൽ ഖാൻ, അബുൽകലാം ആസാദ് തുടങ്ങിയവരുടെ നേതൃത്വത്തിൽ ഒന്നാം ലോകയുദ്ധത്തിന് ശേഷം 1919ലാണ് ഖിലാഫത് മൂവ്മെന്റ് ആരംഭിച്ചത്. ഇന്ത്യൻ നാഷണൽ കോൺഗ്രസും മഹാത്മാഗാന്ധിയും ഖിലാഫത്ത് പ്രസ്ഥാനത്തെ കലവറ കൂടാതെ പിന്തുണച്ചു. 1920 ൽ ഗാന്ധിജി സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി നിസ്സഹകരണ പ്രസ്ഥാനം ആരംഭിച്ചു. ഖിലാഫത്തും നിസ്സഹകരണവും ഒരുമിച്ചു പ്രവർത്തനം തുടങ്ങി. രണ്ടിന്റെയും പ്രചാരണം കോൺഗ്രസ് നേതാക്കളും മുസ്‌ലിം നേതാക്കളും ഒരുമിച്ചായിരുന്നു നടത്തിയിരുന്നത്. സ്വാതന്ത്ര്യസമരവും ഖിലാഫത്ത് സമരവും ഒറ്റക്കെട്ടായി മുമ്പോട്ട് കൊണ്ടുപോകാൻ 1920 ഏപ്രിൽ 28, 29 തീയതികളിൽ മഞ്ചേരിയിൽ ചേർന്ന ഖിലാഫത്ത് കോൺഗ്രസ് നേതാക്കളുടെ യോഗം ആഹ്വാനം ചെയ്തു. 'ദി ഹിന്ദു' പത്രത്തിന്റെ എഡിറ്റർ കസ്തൂരി രംഗൻ അധ്യക്ഷത വഹിച്ച യോഗത്തിൽ ആനി ബസന്റ്, കെ. പി. കേശവമേനോൻ, മഞ്ചേരി രാമയ്യർ, എം. പി.നാരായണ മേനോൻ, കെ. മാധവൻ നായർ, പൊൻമാടത്ത് മൊയ്തീൻ കോയ തുടങ്ങിയവർ അതിൽ പങ്കെടുത്തവരിൽ ചിലരാണ്. കേവലം മാപ്പിളമാർ യോഗം ചേർന്നെടുത്തുള്ള തീരുമാനമായിരുന്നില്ല എന്നർഥം. ഈ യോഗം സാമ്രാജ്യത്വത്തിനെതിരെയുള്ള വികാരവും ശക്തമായ ദേശീയ കാഴ്ചപ്പാടും മലബാർ ജനതയിൽ രൂപപ്പെടുത്തുകയുണ്ടായി.

ഗാന്ധിജിയും മൗലാനാ ഷൗക്കത്തലിയും കോഴിക്കോട് കടപ്പുറത്ത് നടന്ന വമ്പിച്ച സമ്മേളനത്തിൽ പ്രസംഗിച്ചു. 1920 ആഗസ്റ്റ് 18ന് ആയിരുന്നു അത്. ഗാന്ധിജിയും കോൺഗ്രസ് നേതാക്കളും ഖിലാഫത്ത് നേതാക്കളും തുടങ്ങിവെച്ച ബ്രിട്ടീഷ് വിരുദ്ധ സ്വാതന്ത്ര്യസമര, ഖിലാഫത്ത് സമരത്തിന് മലബാറിൽ അതോടെ തുടക്കമായി. ഗാന്ധിജിയുടെ സന്ദർശനത്തോടെ ഖിലാഫത്ത് നിസ്സഹകരണ പ്രസ്ഥാനങ്ങൾ കോഴിക്കോട്, ഏറനാട്, വള്ളുവനാട് പ്രദേശങ്ങളിൽ സജീവമായി. കോഴിക്കോട് കുഞ്ഞിക്കോയ തങ്ങൾ, യു.ഗോപാലമേനോൻ, ഇ.മൊയ്തുമൗലവി എന്നിവരുടെ നേതൃത്വത്തിൽ കമ്മിറ്റി നിലവിൽ വന്നു. തിരൂരങ്ങാടിയിൽ പി.എം. പൂക്കോയ തങ്ങൾ, എരിക്കുന്നൻ ആലിമുസ്‌ല്യാർ, കെ.എം. മൗലവി എന്നിവരുടെ നേതൃത്വത്തിലും കമ്മിറ്റി രൂപീകരിച്ചു. ചെറുകോയ തങ്ങൾ, പരീക്കുട്ടി മുസ്‌ല്യാർ, യു. കെ. കുഞ്ഞിക്കാദർ എന്നിവരുടെ നേതൃത്വത്തിൽ താനൂരിലും കമ്മിറ്റി വന്നു. പൂക്കോട്ടൂർ, പൊന്നാനി, തിരൂർ, കൽപകഞ്ചേരി എന്നിവിടങ്ങളിലും കമ്മിറ്റികൾ വന്നു. നെല്ലിക്കുത്തിൽ രൂപംകൊണ്ട കമ്മിറ്റിക്ക് നേതൃത്വം നൽകിയത് വാരിയൻകുന്നത്ത് കുഞ്ഞഹമ്മദ് ഹാജി ആയിരുന്നു. ഈ ചരിത്രം നമ്മെ ബോധ്യപ്പെടുത്തുന്നത് 1921ൽ മലബാറിൽ നടന്ന സമരം ചില തീവ്രവാദികളായ ആളുകൾ നടത്തിയ ഒട്ടും ആലോചനയില്ലാത്ത അക്രമമോ ലഹളയോ അല്ല എന്ന വസ്തുതയാണ്. ദേശീയ നേതാക്കളും കേരള

നേതാക്കളുമെല്ലാം യോഗങ്ങൾ ചേർന്നും കമ്മിറ്റികൾ രൂപീകരിച്ചുമുണ്ടാക്കിയ സമരമായിരുന്നു എന്നതാണ്. ഗാന്ധിജിയും കോൺഗ്രസും ഖിലാഫത്ത് നേതാക്കളും ആഹ്വാനം ചെയ്ത സമാധാനപരമായ സമരമായിരുന്നു അത്. ഈ സമരത്തിന്റെ പ്രചാരകരായി പലയിടങ്ങളിലും പ്രസംഗിക്കുകയും ആളുകളെ സംഘടിപ്പിക്കുകയും ചെയ്തവരിൽ പ്രമുഖർ കെ. മാധവൻ നായർ, യു. ഗോപാല മേനോൻ, വാരിയൻകുന്നത്ത് കുഞ്ഞഹമ്മദ് ഹാജി എന്നിവരായിരുന്നു. അതുകൊണ്ടുതന്നെ മലബാർ ജില്ലാമജിസ്ട്രേറ്റ് ആയിരുന്ന ഇ.എഫ്. തോമസ് ഏറനാട്ടിലും വള്ളുവനാട്ടിലും ഇവരുടെ പ്രസംഗങ്ങൾ തടഞ്ഞുകൊണ്ടുള്ള ഉത്തരവിറക്കി. മലബാറിലെ മാപ്പിളമക്കൾ സമരത്തിന്റെ ഗൗരവം ഉൾക്കൊണ്ടുകൊണ്ട് മലബാറിലെ ആബാലവൃദ്ധം ജനങ്ങൾ സമരമുഖത്തേക്ക് പാഞ്ഞടുക്കുകയായിരുന്നു. ഇതാണ് ബ്രിട്ടീഷ് പട്ടാളത്തെ ഭയപ്പെടുത്തിയത്. സമരത്തിന് വർഗീയ മുഖം നൽകി ഹിന്ദു, മുസ്‌ലിം വിള്ളലുകളുണ്ടാക്കാനുള്ള വിലകുറഞ്ഞ അടവാണ് പിന്നീട് ബ്രിട്ടീഷ് പട്ടാളം സ്വീകരിച്ചത്.

തിരൂരങ്ങാടിയിലും പൂക്കോട്ടൂരിലും മറ്റു പ്രദേശങ്ങളിലും സമരസഖാക്കൾ ബ്രിട്ടീഷുകാരുമായി ഏറ്റുമുട്ടിയത് വ്യക്തമായ ആലോചനകളുടെയും തീരുമാനങ്ങളുടെയും അടിസ്ഥാനത്തിലായിരുന്നു. തിരൂരങ്ങാടിയിൽ ഇതുസംബന്ധമായി ആലോചിക്കാൻ യോഗംചേർന്നത് കെ.പി.കേശവമേനോന്റെ അധ്യക്ഷതയിലായിരുന്നു. മലബാർ മുസ്‌ലിംകൾ ആദരവോടെ കണ്ടിരുന്ന പണ്ഡിതൻ ആലിമുസ്‌ല്യാരും അദ്ദേഹത്തിന്റെ സന്തതസഹചാരികളായിരുന്ന ലവക്കുട്ടിയും കുഞ്ഞലവിയും ആ യോഗത്തിൽ പങ്കെടുത്തിരുന്നു. മമ്പുറം പള്ളിക്കു നേരെ അക്രമമുണ്ടായി എന്ന വാർത്ത പ്രചരിപ്പിച്ച് മാപ്പിളമാരെ പ്രകോപിപ്പിച്ച് ബ്രിട്ടീഷുകാരുടെ തോക്കിൻമുനകൾക്ക് മുമ്പിലേക്കെത്തിക്കുക എന്ന ഗൂഢതന്ത്രം ബ്രിട്ടീഷുകാർ നടത്തി. സാധാരണക്കാരായ ആളുകളെ തെരുവിലിറക്കി സമരത്തിന്റെ ഗതി മാറ്റാനായിരുന്നു അവരുടെ ശ്രമം. എന്നാൽ ഖിലാഫത്ത് നേതാക്കളായ കെ.എം. മൗലവിയും കൂട്ടുകാരും സമരത്തിന്റെ ഗതി മാറാതിരിക്കാൻ അക്രമങ്ങളിൽ നിന്നും വിട്ടുനിൽക്കാൻ ആഹ്വാനം ചെയ്തു. 'പള്ളി നശിപ്പിച്ചവരോട് പകരം ചോദിക്കേണ്ടേ' എന്ന പാമരനായ ഒരാളുടെ ചോദ്യത്തിന് 'അതിനുള്ള സമാധാനം അല്ലാഹുവോട് സാധുവായ ഈ തയ്യിൽ മുഹമ്മദ് കുട്ടി പറഞ്ഞു കൊള്ളാം; നിങ്ങൾ പിരിഞ്ഞുപോവുക' എന്നായിരുന്നു കെ. എം. മൗലവിയുടെ മറുപടി! തിരൂരങ്ങാടിയിൽ നടന്ന ബ്രിട്ടീഷുകാരുടെ നരനായാട്ടിനെ കുറിച്ച് ആലിമുസ്‌ല്യാർ നിറകണ്ണുകളോടെ, ഗദ്ഗദകണ്ഠനായി ഖിലാഫത്ത് കോൺഗ്രസ് നേതാക്കളായ കേശവമേനോനോടും മാധവൻ നായരോടും വിവരിക്കുന്നത് ഇങ്ങനെയാണ്: 'കലക്റ്ററും പട്ടാളക്കാരും കൽപിച്ചുകൂട്ടി യുദ്ധം നടത്തി. ഞമ്മളെ കൂട്ടർ കയ്യുംപോലെ പകരംവീട്ടി. ഇനി എല്ലാം അല്ലാഹുവിന്റെ ഖദ്ർ പോലെ നടക്കും.' യുദ്ധം ബ്രിട്ടീഷുകാരോടായിരുന്നു; ഹിന്ദുക്കളോടായിരുന്നില്ല എന്നെല്ലാമാണ് ഇത് വ്യക്തമാക്കുന്നത്. പിന്നീട് മമ്പുറം പള്ളിക്ക് തുരുതുരാ വെടിവെച്ചപ്പോൾ ആലി മുസ്‌ല്യാർ വെള്ളക്കൊടി ഉയർത്തി സമാധാനം ഉണർത്തി. പക്ഷേ, ബ്രിട്ടീഷുകാർ അവരുടെ ചതിയും വഞ്ചനയും തുടർന്നു. സമാധാനം പുലരാൻ ആഗഹിച്ചുകൊണ്ടു നടത്തിയ അഭ്യർഥനക്ക് ശേഷം അവർ ആലി മുസ്‌ല്യാരെ അറസ്റ്റു ചെയ്തു.

പാമരന്മാരായ ആളുകളിൽ വികാരവും വിദ്വേഷവും കുത്തിവെച്ച് അവരെ പുറത്തിറക്കി വർഗീയ ലഹളകൾ ഉണ്ടാക്കാനും അങ്ങനെ അവരെ കൊന്നൊടുക്കാനുമാണ് ബ്രിട്ടീഷുകാർ ശ്രമിച്ചത്. സമരത്തിന്റെ യഥാർഥ ലക്ഷ്യത്തിൽനിന്നും ആരെങ്കിലും വഴിതെറ്റി





പോയിട്ടുണ്ടെങ്കിൽ അതിനുള്ള ഉത്തരവാദിത്തം ബ്രിട്ടീഷ് അധികാരികൾക്കും അവരുടെ സിൽബന്ധികൾക്കും മാത്രമാണ്. ഖിലാഫത്ത് കോൺഗ്രസ് നേതാക്കളെയല്ല അതിനു കുറ്റം പറയേണ്ടത്. ആലി മുസ്ല്യാരെയോ വാരിയൻകുന്നത്തിനെയോ അല്ല അതിനു പഴിപറയേണ്ടത്. തിരൂരങ്ങാടിയിലും പൂക്കോട്ടൂരിലും മഞ്ചേരിയിലും ബ്രിട്ടീഷുകാർക്കെതിരെ ജീവൻത്യജിച്ച് സമരം ചെയ്ത രാജ്യസ്നേഹികളായ മാപ്പിളമാരെയും ഹൈന്ദവസഹോദരങ്ങളെയുമല്ല ആക്ഷേപിക്കേണ്ടത്.

മലബാറിൽ നടന്ന സ്വാതന്ത്ര്യസമരത്തെ ഹിന്ദുക്കൾക്കെതിരെ നടന്ന കലാപമായി ചിത്രീകരിക്കാൻ ശ്രമിച്ചത് ബ്രിട്ടീഷുകാർ തന്നെയായിരുന്നു. സമരത്തിന് നേതൃത്വം നൽകിയിരുന്ന ഖിലാഫത്ത് നേതാക്കളെ മാത്രം വർഗീയവാദികളായി മുദ്രകുത്താനായിരുന്നു അവരുടെ ശ്രമം. സമരത്തിൽ വീരമൃത്യു അടഞ്ഞ മാപ്പിളമക്കളെ കുറിച്ച് ഒന്നും പറയാതെ ചില അക്രമികൾ നടത്തിയ സംഭവങ്ങൾ പൊക്കിപ്പിടിച്ച് ഈ സ്വാതന്ത്ര്യസമരത്തെ വർഗീയ ലഹളയാക്കി മാറ്റിമറിക്കാനുള്ള കുൽസിതമായ ശ്രമങ്ങളാണ് ചില കേന്ദ്രങ്ങൾ നടത്തിവരുന്നത്. പ്രസിദ്ധ ചരിത്രകാരൻ എം. പി. എസ് മേനോൻ എഴുതിയത് കാണുക: 'ഈ കലാപത്തിൽ ജീവനും സ്വത്തും പിതാക്കളും മക്കളും നഷ്ടപ്പെട്ടവരുടെ കൃത്യമായ എണ്ണം ലഭ്യമല്ല. ഏകദേശ കണക്കനുസരിച്ച് പതിനായിരത്തിൽപരം മാപ്പിളമാർ കൊല്ലപ്പെട്ടു. ഇരുപതിനായിരം പേരെ നാടുകടത്തി. അമ്പതിനായിരം പേര് തടവിലാക്കപ്പെട്ടു. പതിനായിരം പേരെ കാണാതായി' (പ്രൊഫ:എം. പി. എസ് മേനോൻ, 'മലബാർ സമരം' മുഖവുര).

മലബാർസമര ചരിത്രത്തിന്റെ യഥാർഥ വിവരങ്ങൾ ജനങ്ങൾ മനസ്സിലാക്കാൻ അൽപം വൈകിയിരുന്നു. മലബാറിലും മലബാറിന് പുറത്തും ഇന്ത്യക്കകത്തും പുറത്തുമെല്ലാം മാപ്പിളമാർ ഹിന്ദുക്കൾക്കെതിരെ നടത്തിയ വർഗീയ ലഹളയായിരുന്നു മലബാർ കലാപമെന്നു വരുത്തിത്തീർക്കുന്നതിൽ ബ്രിട്ടീഷുകാരും അവരെ സഹായിച്ചിരുന്ന മാധ്യമങ്ങളും ഏറെക്കുറെ വിജയിച്ചിട്ടുണ്ടായിരുന്നു. അതിന്റെ പ്രതിഫലനമായിരുന്നു കുമാരനാശാന്റെ ദുരവസ്ഥയിലും അംബേദ്കറുടെ പ്രസ്താവനകളിലുമെല്ലാം മുഴച്ചുനിന്നിരുന്നത്. മലബാർ സമരത്തെ അവിവേകത്തോടെ കൈകാര്യം ചെയ്യുകയും കൊലയും കൊള്ളയും കൊള്ളിവെപ്പും നടത്തിയവരിൽ ചില മാപ്പിളമാർ ഉണ്ടായിരുന്നു എന്നത് അനിഷേധ്യമാണ്. മാപ്പിളമാരെ കൊല്ലുകയും കൊല്ലാൻ കൂട്ടുനിൽക്കുകയും ചെയ്ത ജന്മിമാരും ഉണ്ടായിരുന്നു. അക്രമം നടത്തിയവരെ കുറിച്ചുള്ള യഥാർഥ വിവരങ്ങൾ നൽകുന്നതിന് പകരം സമരകാരണത്തെ കുറിച്ചും സമരത്തിന് നേതൃത്വം നൽകിയവരെ കുറിച്ചും ഇല്ലാക്കഥകൾ ആരോപിക്കുന്നത് ചരിത്രത്തോടുള്ള വഞ്ചനയാണ്. അതിന്റെ പിന്നിൽ ഗൂഢലക്ഷ്യങ്ങളാണ്. സമാദരണീയരായ പണ്ഡിതനേതാക്കളുടെമേൽ നടത്തിയ വർഗീയാരോപണങ്ങൾ വിജയിക്കാതെ വന്നപ്പോഴാണ് ശൂരനും വീരനുമായ, സമരത്തിന്റെ മുന്നണിയിൽ നിന്ന് സധൈര്യം ബ്രിട്ടീഷ് പട്ടാളത്തെ വെല്ലുവിളിച്ച വാരിയൻകുന്നത്തിനെ വർഗീയവാദിയും ഹിന്ദുവിരോധിയുമൊക്കെയാക്കി ചരിത്രത്തെ വക്രീകരിക്കാൻ ശ്രമിക്കുന്നത്.

വാരിയൻകുന്നത്തിന്റെ ഏറ്റവും വലിയ സവിശേഷതകൾ അദ്ദേഹത്തിന്റെ ആത്മാർഥതയും സത്യസന്ധതയും ഹിന്ദു, മുസ്ലിം മൈത്രിയിലുള്ള വിശ്വാസവുമൊക്കെയായിരുന്നു. ബ്രിട്ടീഷുകാരുടെ വെല്ലുവിളികളെ ആർജവത്തോടെ നേരിടുവാനും 'ആരെടാ' എന്ന ചോദ്യത്തിന് 'ഞാനെടാ' എന്നു മറുപടികൊടുക്കുവാനും ബ്രിട്ടീഷുകാരുടെ സർവായുധങ്ങളെയും നേരിടാനുള്ള നെഞ്ചുറപ്പും അദ്ദേഹത്തിനുണ്ടായിരുന്നു. യുദ്ധമുറകൾ പലതും അദ്ദേഹം സ്വായത്തമാക്കിയിരുന്നു. ഹിന്ദുക്കൾക്കിടയിലും മു

സ്‌ലിംകൾക്കിടയിലും ഭിന്നതകളുണ്ടാക്കി ലക്ഷ്യം കൈവരിക്കാമെന്നു കരുതിയ ബ്രിട്ടീഷുകാരുടെ താൽപര്യത്തിനു ഹിന്ദുക്കളെയും മുസ്‌ലിംകളെയും ഒന്നിപ്പിച്ചുനിർത്തി മറുപടി നൽകുകയാണ് അദ്ദേഹം ചെയ്തത്. ബ്രിട്ടീഷുകാർ കാണിച്ച തോന്നിവാസങ്ങളോട് ശക്തമായി തിരിച്ചടിച്ചുവെന്നതാണ് മലബാർ സമരത്തിൽ അദ്ദേഹത്തെ വ്യത്യസ്തനാക്കുന്നത്. ഖിലാഫത്ത്, കോൺഗ്രസ് നേതാക്കൾ പറഞ്ഞ സമാധാനത്തിന്റെ മാർഗത്തിൽ നിന്നും അദ്ദേഹം തെന്നിമാറിയെന്നാണ് അദ്ദേഹത്തെ കുറിച്ചുള്ള വിമർശനം. പക്ഷേ, തലമുറകളായി അദ്ദേഹത്തെയും പിതാവിനെയും മാതാവിനെയും കുടുംബത്തെയും ദ്രോഹിച്ചിരുന്ന ബ്രിട്ടീഷുകാരോട് സങ്കടങ്ങൾ ഉള്ളിലൊതുക്കി കഴിഞ്ഞിരുന്ന ഒരു മനുഷ്യന് ബ്രിട്ടീഷുകാരോടു പകയുണ്ടാവുക സ്വാഭാവികമാണ്. അത് അദ്ദേഹം പലപ്പോഴും പ്രകടിപ്പിച്ചിട്ടുണ്ട്. ബ്രിട്ടീഷുകാരോടും അവരുടെ ഓരംപറ്റി ജീവിച്ചിരുന്ന ജന്മിമാരോടും അദ്ദേഹത്തിന് അടങ്ങാത്ത ശത്രുതയുണ്ടായിരുന്നു. അവരുടെ പക്ഷംപിടിച്ചു നടക്കുന്ന മാപ്പിളമാരെയും അദ്ദേഹം ശത്രുവായിക്കണ്ടു.

കോൺഗ്രസ് ചരിത്രം ആധികാരികമായി രേഖപ്പെടുത്തിയ പ്രമുഖ ചരിത്രകാരനായിരുന്ന എ. കെ. പിള്ള (1949ൽ മരണം) വാരിയൻകുന്നത്തിനെ കുറിച്ച് പറയുന്നതിങ്ങനെ: 'കുഞ്ഞഹമ്മദ്ഹാജി ലഹളക്കാരുടെ നേതൃത്വം സ്വീകരിച്ചതോടു കൂടി ലഹളയുടെ ഉദ്ദേശ്യം കുറേക്കൂടി വിപുലമായിത്തീർന്നു. അരാജകസ്ഥിതി കഴിയുന്നതും വരാതെ കണ്ടു എല്ലാം ക്രമമായും ചില മുറകളനുസരിച്ചും പോകണമെന്ന് കുഞ്ഞഹമ്മദാജിക്ക് അഭിപ്രായങ്ങളെല്ലാം ഉണ്ടായിരുന്നു. അയാൾ തന്റെ അനുയായികളുടെ ഇടയിൽ ചില നിയമങ്ങളെല്ലാം ഏർപ്പെടുത്തി. അതിൽ നിന്ന് തെറ്റി നടക്കുന്നവരെ കഠിനമായി ശിക്ഷിച്ചു. അയാളുടെ കൽപനകളിൽ ഒന്ന് ഹിന്ദുക്കളെ ഉപദ്രവിച്ചുപോകരുതെന്നും, തന്റെ പ്രത്യേക അനുമതിയോടുകൂടിയല്ലാതെ എതിർപക്ഷത്തുനിന്നും തടവുകാരായി പിടിക്കുന്ന യാതൊരാളെയും വധിച്ചുപോകരുതെന്നും ഉള്ളതായിരുന്നു. സാമാന്യജനങ്ങളെ ശല്യപ്പെടുത്തുകയോ വീടുകളോ പീടികകളോ കൊള്ളചെയ്യുകയോ ചെയ്യുന്നവരെ കുഞ്ഞഹമ്മദ് ഹാജിയുടെ മുമ്പാകെ വരുത്തി വിചാരണ ചെയ്തു തക്കതായ ശിക്ഷ നൽകിയും വന്നു. മുകളിൽ പ്രസ്താവിച്ച പ്രകാരം ആഗസ്ത് 24നു മഞ്ചേരിയിലെ നമ്പൂതിരി ബാങ്ക് കൈയേറി അതിലുണ്ടായിരുന്ന പണ്ടങ്ങൾ അതിന്റെ ഉടമസ്ഥന്മാരെ വരുത്തി തിരിച്ചുകൊടുത്തത് കുഞ്ഞഹമ്മദ് ഹാജിയുടെ ആദ്യപ്രവൃത്തികളിൽ ഒന്നായിരുന്നു. അന്നേദിവസം തന്നെ മഞ്ചേരി നാൽക്കവലയിൽ വെച്ച് ചെയ്ത പ്രഖ്യാപനത്തിൽ ഹിന്ദുക്കൾക്ക് യാതൊരു ഉപദ്രവവും ഉണ്ടാക്കുന്നതല്ലെന്നു ഉറപ്പുനൽകിയിരുന്നു' (കോൺഗ്രസും കേരളവും, എ, കെ, പിള്ള; പേജ് 419).

സ്വന്തം മതത്തിലും ജാതിയിലും പെട്ടവർ അക്രമം ചെയ്താലും അവരെ വെച്ചുപൊറുപ്പിക്കില്ലെന്നു അദ്ദേഹം ദൃഢനിശ്ചയം ചെയ്തിരുന്നു. മഞ്ചേരിയിലും പരിസരങ്ങളിലും ചില സാമൂഹ്യദ്രോഹികൾ നടത്തിവരുന്ന കൊള്ളകൾ നിർത്തിക്കണമെന്നു കെ. മാധവൻ നായർ അദ്ദേഹത്തോട് അഭ്യർഥിച്ചപ്പോൾ അദ്ദേഹം പറഞ്ഞ മറുപടി ഇങ്ങനെയായിരുന്നു: 'അതിനു തന്നെയാണ് ഞാൻ ഇവിടെ വന്നിട്ടുള്ളത്. മഞ്ചേരി നാലുംകൂടിയ സ്ഥലത്തു വെച്ച് ഞാൻ ഇപ്പോൾ ഇത് പറഞ്ഞുതന്നെയാണ് ഇങ്ങോട്ട് വന്നത്. കൊള്ളചെയ്യുന്ന ഏതു മാപ്പിളയെയും എന്റെ കൈയിൽ കിട്ടിയാൽ അവന്റെ വലത്തെ കൈ ഞാൻ വെട്ടി മുറിക്കും. അതിൽ സംശയമില്ല. ഇവിടെ ഒരു കൊള്ള ന



ടക്കുന്നുണ്ടെന്ന് കേട്ടിട്ടാണ് ഞാൻ ഇങ്ങോട്ട് തന്നെ ഇപ്പോൾ വന്നത്.' കൈ മുറിക്കുന്നതും മറ്റും സാഹസമാണെന്നും അതൊന്നും വേണ്ടെന്നും മാധവൻ നായർ പറഞ്ഞപ്പോൾ അദ്ദേഹം നായരുടെ ചെവിയിൽ ഇങ്ങനെ മന്ത്രിച്ചു. 'അങ്ങനെ പറഞ്ഞാലേ അവർ പേടിക്കുകയുള്ളൂ' (മലബാർ കലാപം, കെ, മാധവൻ നായർ, പേജ് 171).

മോഴിക്കുന്നത്ത് ബ്രഹ്മദത്തൻ നമ്പൂതിരിപ്പാട് വാരിയൻകുന്നത്തിനെ കുറിച്ച് പറയുന്നത് കാണുക: 'അതിലിടക്ക് ഒരു മാപ്പിള താനെഴുതിക്കൊടുത്ത ഒരു പണയാധാരം ഒരു ഹിന്ദുവിന്റെ കൈയിൽ നിന്ന് ബലം പ്രയോഗിച്ച് മടക്കിവാങ്ങി. ആ ഹിന്ദു ഹാജിയാരുടെ അടുക്കൽ സങ്കടം ബോധിപ്പിച്ചു. ഹാജിയാർ പ്രതിയുടെ കൈ വെട്ടുവാൻ കൽപിച്ചു. മാപ്പിള പേടിച്ചു പണയാധാരം ഹിന്ദുവിന് തന്നെ മടക്കിക്കൊടുത്തു. അതിനാൽ കൈ വെട്ടുവാനുള്ള കൽപന നടത്തിയില്ല' (ഖിലാഫത്ത് സ്മരണകൾ, മോഴിക്കുന്നത്ത്, പേജ് 54).

അദ്ദേഹത്തെ കുറിച്ച് പുറംലോകങ്ങളിൽ പ്രചരിപ്പിക്കുന്ന വാർത്തകൾ ശ്രദ്ധയിൽ പെട്ടപ്പോൾ അദ്ദേഹം 'ദി ഹിന്ദു' പത്രത്തിന് നൽകിയ പത്രക്കുറിപ്പ് ഇങ്ങനെയായിരുന്നു: 'എന്റെ ആൾക്കാർ ഹിന്ദുക്കളെ നിർബന്ധിച്ച് മതംമാറ്റാൻ ശ്രമിക്കുന്നുവെന്ന റിപ്പോർട്ട് അസത്യമാണ്. പോലീസ് ചാരന്മാർ ഇത്തരം ഹീനകൃത്യങ്ങൾ നടത്തി ഞങ്ങൾക്ക് ചീത്തപ്പേരുണ്ടാക്കാൻ ശ്രമിക്കുന്നു. ബ്രിട്ടീഷുകാരെ സഹായിക്കുന്ന ചില ഹിന്ദുക്കളെ എന്റെ ആൾക്കാർ ഉപദ്രവിച്ചിരിക്കാം. അവരെ സഹായിക്കുന്ന മാപ്പിളമാരെയും ഞാൻ ശിക്ഷിക്കും. ഹിന്ദുക്കളെ നിർബന്ധിച്ച് പട്ടാളത്തിൽ ചേർക്കുകയാണ് ചിലർ. ഇതിൽ നിന്ന് രക്ഷതേടി വളരെയേറെ ഹിന്ദുക്കളായ സഹോദരങ്ങൾ എന്റെ അടുക്കൽ വന്നു ഈ വാരിയൻകുന്നിൽ അഭയം തേടിയിരിക്കുകയായാണ്. നിർദ്ദോഷികളായ മനുഷ്യരെ ദ്രോഹിക്കുക എന്നതിൽ കവിഞ്ഞു ബ്രിട്ടീഷ് ഗവർമെന്റിനു ഇവിടെ ഒന്നും ചെയ്യാൻ കഴിയുന്നില്ല. മലബാറിലെ ജനങ്ങളെ വേട്ടയാടുകയാണവർ. ഇക്കാര്യം ലോകത്തിലുള്ള എല്ലാവരും അറിയട്ടെ. മഹാത്മജിയും മൗലാനയും അറിയട്ടെ' (ഹിന്ദു പത്രത്തിൽ നൽകിയ പ്രസ്താവന).

മാപ്പെഴുതിത്തന്നാൽ മക്കയിലേക്ക് നാടുകടത്താമെന്നു പറഞ്ഞ ജഡ്ജി കേണൽ ഹംഫ്രിയോട് അദ്ദേഹം പ്രതികരിച്ചത് ഇങ്ങനെയായിരുന്നു: 'ഞാൻ മക്കയെ ഇഷ്ടപ്പെടുന്നു. എന്നു കരുതി ഞാൻ മക്കയിലല്ല പിറന്നത്, ഇവിടെ വീരേതിഹാസങ്ങൾ രചിക്കപ്പെട്ട ഏറനാടൻ മണ്ണിലാണ് ഞാൻ ജനിച്ചത്. ഇതാണെന്റെ നാട്. ഈ ദേശത്തെയാണ് ഞാൻ സ്നേഹിക്കുന്നത്. ഇവിടെത്തന്നെ മരിക്കുകയും ഈ മണ്ണിൽ ലയിച്ചു ചേരണമെന്ന് അഭിലഷിക്കുകയും ചെയ്യുന്നവനാണ് ഞാൻ. പിന്നിൽ നിന്ന് കണ്ണുകെട്ടി വധിക്കാതെ മുന്നിൽ നിന്നും നെഞ്ചിലേക്ക് വെടിയുതിർത്തുകൊണ്ട് എനിക്കുള്ള വധശിക്ഷ നടപ്പാക്കണം. ഈ മണ്ണ് കണ്ടു ഞാൻ മരിക്കട്ടെ.'

ഇന്ത്യാരാജ്യത്തിന്റെ സ്വാതന്ത്ര്യം സ്വപ്നം കണ്ടുകൊണ്ട്, ഹിന്ദു, മുസ്‌ലിം മൈത്രിക്ക് വേണ്ടി നിലകൊണ്ട, നൂറ്റാണ്ടുകളായി ഇന്ത്യക്കാരെ അടക്കിഭരിച്ചുകൊണ്ടിരിക്കുന്ന അധിനിവേശ ശക്തികൾക്കെതിരെ ധീരോദാത്തം പോരാടിയ ആ മഹാമനുഷ്യൻ മലപ്പുറം കോട്ടക്കുന്നിന്റെ വടക്കുഭാഗത്തുവെച്ച് ബ്രിട്ടീഷുകാരുടെ വെടിയുണ്ടകൾ നെഞ്ചേറ്റി വാങ്ങുമ്പോഴും അദ്ദേഹം ഉയർത്തിപ്പിടിച്ചത് അചഞ്ചലമായ ദൈവവിശ്വാസവും ബ്രിട്ടീഷ് സാമ്രാജ്യത്വത്തോടുള്ള അടങ്ങാത്ത വിരോധവും ഭാരതമണ്ണിന്റെ സ്വാതന്ത്ര്യവും ആയിരുന്നു.

ഒട്ടേറെ ധീരദേശാഭിമാനികളെ രാജ്യത്തിനു സംഭാവന ചെയ്ത ചക്കിപ്പറമ്പൻ കുടുംബത്തിൽ ജനിച്ച് വാരിയൻകുന്നത്ത് താമസമാക്കിയ കുഞ്ഞഹമ്മദ് ഹാജിയെ സ്മരിക്കുമ്പോൾ അതിലേറ്റവും രോഷം കൊള്ളുന്നത് സാമ്രാജ്യത്വ ശക്തികളും അവർക്ക് ഓശാനപാടിയിരുന്ന സ്വാതന്ത്ര്യസമര വിരോധികളായിരുന്ന സംഘപരിവാറുമായിരിക്കുമെന്നതിൽ സംശയമില്ല. അതിനുള്ള മറുപടി പ്രമുഖ കവി കമ്പളത്ത് ഗോവിന്ദൻ നായർ 1944 ൽ സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി പുളിക്കൽ മുതൽ മോങ്ങം വരെ നടന്ന ജാഥയിൽ പാടിയത് നമുക്കേറ്റുപാടാം:

"അന്നിരുപത്തൊന്നിൽ നമ്മളിമ്മലയാളത്തില്
ഒന്നു ചേർന്നു വെള്ളയോടെതിർത്തു നല്ല മട്ടില്
ഏറനാട്ടിൻ ധീര മക്കള് ചോര ചിന്തിയ നാട്ടില്
ചീറിടും പീരങ്കികൾക്ക് മാറു കാട്ടിയ നാട്ടില്
വാരിയൻ കുന്നത്ത് വീര കുഞ്ഞഹമ്മദാജിയും
വാശി മൂത്ത മൂപ്പരുടെ കൂടെ കൂട്ടമായിയും
രാജ്യസ്നേഹം വീറുകൊണ്ട ധീരരുണ്ടീ നാട്ടില്
രക്ഷ വേണമെങ്കില് മണ്ടിക്കോട്ടവർ ഇംഗ്ലണ്ടില്!"

അബൂഅമീൻ
mail@nerpatham.com



# മഴ: അനുഗ്രഹവും ദൃഷ്ടാന്തവും

**"ഇനി, നിങ്ങൾ കുടിക്കുന്ന വെള്ളത്തെപ്പറ്റി നിങ്ങൾ ചിന്തിച്ചുനോക്കിയിട്ടുണ്ടോ? നിങ്ങളാണോ അത് മേഘത്തിൽ നിന്ന് ഇറക്കിയത്? അതല്ല, നാമാണോ ഇറക്കിയവൻ? നാം ഉദ്ദേശിച്ചിരുന്നെങ്കിൽ അത് നാം ദുസ്സ്വാദുള്ള ഉപ്പുവെള്ളമാക്കുമായിരുന്നു. എന്നിരിക്കെ നിങ്ങൾ നന്ദി കാണിക്കാത്തതെന്താണ്?"**
**(ക്വുർആൻ 56:68-70)**

**വെ**ള്ളം ജീവന്റെ അടിസ്ഥാന ഘടകമാണ്. വെള്ളത്തിന്റെ അഭാവത്തിൽ സസ്യലതാദികൾക്കോ ജന്തുജാലങ്ങൾക്കോ നിലനിൽപുണ്ടാവില്ല. നമ്മുടെ ഈ അടിസ്ഥാനാവശ്യത്തിന്റെ കാര്യമായ സ്രോതസ്സ് മഴയാണുതാനും. അതിനാൽ മഴയുടെ അഭാവത്തിൽ വരൾച്ചയുണ്ടാവുകയും അതോടനുബന്ധിച്ച് സസ്യലതാദികളും ജന്തുജാലങ്ങളും നശിക്കുകയും ചെയ്യുന്നു. കുടിക്കാനും കുളിക്കാനും മറ്റുമായി യഥേഷ്ടം നാം വെള്ളമുപയോഗിക്കുന്നു. എന്നാൽ ഈ തെളിനീർ നമുക്ക് ആര് നൽകുന്നുവെന്ന് നമ്മിൽ പലരും ചിന്തിക്കാറില്ല.

രണ്ടു ഹൈഡ്രജൻ തന്മാത്രകളും ഒരു ഓക്സിജൻ തന്മാത്രയും കൂടിച്ചേർന്നതാണ് വെള്ളമെന്ന് ശാസ്ത്രം വിശദീകരിക്കുമ്പോൾ ഒരിക്കലും ആ മഹാഅനുഗ്രഹത്തിന്റെ പിന്നിലുള്ള സംവിധായകനെ നിഷേധിക്കാനല്ല ബുദ്ധിയും വിനയവുമുള്ള വിശ്വാസികൾ തയാറാവുക. മറിച്ച് ആ അനുഗ്രഹദാതാവിന്റെ മുന്നിൽ നമ്രശിരസ്കരാവുകയാണ് അവർ ചെയ്യുക. കാരണം സ്വയം കത്തുന്നതും മറ്റൊന്നിനെ കത്താൻ സഹായിക്കുന്നതുമായ രണ്ട് മൂലകങ്ങൾ ചേർന്നിട്ട് അത്യുന്നമായ ഒരു ഇന്ധനമല്ല ഉണ്ടായത്. മറിച്ച് തീ കെടുത്താൻ പറ്റുന്ന എതിർ സ്വഭാവമുള്ള മറ്റൊന്ന്! അത് ആര് സംവിധാനിച്ചു? കേവല യാദൃച്ഛികതയോ? ഇതേയളവിൽ ആ തന്മാത്രകളെ സമന്വയിപ്പിച്ചത് പ്രകൃതിയുടെ അന്ധമായ ഏതോ പ്രവർത്തനമാണോ? അതല്ല സർവശക്തനും പരമകാരുണികനും യുക്തിജ്ഞനുമായ അല്ലാഹുവിന്റെ സംവിധാനമോ? ഏതിനെയാണ് ശരിയായ ബുദ്ധിയും യുക്തിയും ചിന്തയും അനുകൂലിക്കുന്നത്?

കരയെക്കാൾ മൂന്നിരട്ടിയോളം വരുന്ന കടലിൽ ഉപ്പുവെള്ളമാണെന്ന് നമുക്കറിയാം. പക്ഷേ, ആ വെള്ളം നീരാവിയായി മേൽപോട്ടുപോയി ഘനീഭവിച്ച് മഴത്തുള്ളികളായി തിരിച്ചുവരുമ്പോൾ അരുചികളൊന്നു മില്ലാത്ത ശുദ്ധമായ വെള്ളം! നാം അത് യഥേഷ്ടം ഉപയോഗിക്കുമ്പോഴും അതിന്റെ പിന്നിലെ അനുഗ്രഹദാതാവിനെക്കുറിച്ചോർക്കുവാനോ, അവനെ അറിയുവാനോ ആത്മാർഥമായി ശ്രമിക്കുന്നുണ്ടോ എന്നതാണ് ക്വുർആനിന്റെ ചോദ്യം.

തുള്ളികളായി മഴ പെയ്യുമ്പോൾ നമുക്കതൊരാശ്വാസമാണ്. എന്നാൽ ശക്തമായ ഐസ് കട്ടകളായിട്ടാണ് അത് ഭൂമിയിലേക്ക് പതിക്കുന്നതെങ്കിൽ അത് ദുരിതമാണ് വരുത്തുക. അന്തരീക്ഷത്തിലെ താപനിലയെ നിയന്ത്രിച്ചുകൊണ്ട് ഒരു 'എയർ കൂളർ' പോലെ മഴത്തുള്ളികൾ പെയ്തിറങ്ങുമ്പോഴും അതിനു പിന്നിലെ അനുഗ്രഹദാതാവായ അല്ലാഹുവിനെ വിസ്മരിച്ചുകൊണ്ട് കേവല യാദൃച്ഛികതയ്ക്ക് സർവവിധ 'ക്രെഡിറ്റും' നൽകുന്നത് ബുദ്ധിയും യുക്തിയും അംഗീകരിക്കുന്നതാണോ?

വെള്ളവും മഴയും അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹത്തിന്റെ ഭാഗമാണ്. അതുകൊണ്ട് തന്നെ മഴയില്ലാതെ വിഷമിച്ചപ്പോഴും മഴയുടെ ആധിക്യം കൊണ്ട് പ്രയാസപ്പെട്ടപ്പോഴും മുഹമ്മദ് നബിﷺയും അവിടുത്തെ അനുചരന്മാരും പരിഹാരത്തിനായി സർവശക്തനായ അല്ലാഹുവിനോട് പ്രാർഥിക്കുകയാണ് ചെയ്തത്.

ആ അനുഗ്രഹദാതാവിനോടുള്ള നന്ദിയുടെ ഭാഗമാണ് അവനെ മാത്രം ആരാധിക്കുകയെന്നത്. വെള്ളത്തിന് ബുദ്ധിമുട്ടുന്നവർക്ക് അത് നൽകി സഹായിക്കുക എന്നതും അത് ദുരുപയോഗം ചെയ്യാൻ പാടില്ല എന്നതും അതിന്റെ ധാർമികവശം തന്നെയാണ്.

അലി ചെമ്മാട്
alichemmad@gmail.com

ലേഖനം



# പരിണാമത്തെ വെള്ളപൂശുന്ന വ്യാഖ്യാന ഫാക്ടറികൾ

**ബാ**ക്ടീരിയകൾ ആന്റിബയോട്ടിക് മരുന്നുകൾക്കെതിരെ നേടുന്ന പ്രതിരോധശേഷി പരിണാമമാണെന്ന് ആഘോഷപൂർവം അവതരിപ്പിച്ചപ്പോൾ ഡോകിൻസ് പറഞ്ഞ ഒരു കാര്യംകൂടി ശ്രദ്ധിക്കുക: "അങ്ങനെ Ara-3 ഗോത്രത്തെ സംബന്ധിച്ച് പിന്നങ്ങോട്ട് ഫ്ളാസ്ക്കിൽ ലഭ്യമായ ഭക്ഷണത്തിന്റെ അളവ് ഗണ്യമായി വർധിക്കുകയും പോപ്പുലേഷൻ ഉന്നതി കൂടുതൽ ഉയരത്തിലെത്തി അവിടെ സ്ഥിരതയാർജിക്കുകയും ചെയ്തു.

Ara-3 താവഴിയിൽ ഉണ്ടായ 'ജനസംഖ്യാ വിസ്ഫോടനം' കുറച്ചു മുന്നോട്ട് പോയതോടെ അത് സ്ഥിരതയാർജിച്ചു എന്നത് പരഗണനനീയമാണ്. ഡോകിൻസ് കൃതിയുടെ രണ്ടാം അധ്യായത്തിൽ ഇല്ലിനോയ് യൂണിവേഴ്സിറ്റിയിൽ ചോളച്ചെടികളിൽ ഒന്നേകാൽ നൂറ്റാണ്ടോളമായി നടന്നുകൊണ്ടിരിക്കുന്ന ദീർഘകാല പരീക്ഷണം പരിചയപ്പെടുത്തുന്നുണ്ട്. ഇല്ലിനോയ് എക്സ്പിരിമെന്റ്


സ്റ്റേഷനിലെ കൃഷിശാസ്ത്രജ്ഞർ വളരെ പണ്ടേ, അതായത് 1896 മുതൽ ചെയ്തുവരുന്ന ഒരു പരീക്ഷണമാണിത്... ആദ്യ ഗ്രാഫിക് ചിത്രത്തിൽ ചോളവിത്തുകളിലെ എണ്ണയുടെ അളവിനെ സംബന്ധിച്ച കണക്കുകൾ രണ്ട് കൃത്രിമ രേഖകളുടെ സഹായത്തോടെ ചിത്രീകരിച്ചിരിക്കുന്നു. ഒരു രേഖ കൂടിയ എണ്ണയുടെ സാന്നിധ്യവും മറ്റേത് കുറഞ്ഞ സാന്നിധ്യവും പ്രദാനം ചെയ്യുന്നു. ഇത് ശരിക്കും നടത്തപ്പെട്ട പരീക്ഷണം തന്നെയാണ്. ബോധപൂർവമുള്ള രണ്ട് ഇടപെടലുകളുടെ ഫലമാണ് നാമിവിടെ താരതമ്യം ചെയ്യുന്നത്. വ്യത്യാസം വളരെ നാടകീയമാണെന്ന് മാത്രമല്ല അത് ക്രമേണ വർധിച്ചുവരികയും ചെയ്യുന്നു. മുകളിലേക്കുള്ള പോക്കും താഴേക്കുള്ള പോക്കും അവസാനം ഒരു സമതുലനാവസ്ഥയിലായി ഇല്ലാതാകുന്നതും കാണാം. കാരണം, കുറഞ്ഞ എണ്ണ സാന്നിധ്യം പൂജ്യത്തിൽ പോകാൻ സാധ്യമല്ല. കൂടിയ സാന്നിധ്യം വളരെ സ്പഷ്ടമായ കാരണങ്ങളാൽ അങ്ങനെയാകുകയുമില്ല.”[20]


ഡോകിൻസ്, ഇല്ലിനോയ് സർവകലാശാലയിൽ 124 കൊല്ലങ്ങളായി ചോളച്ചെടികളിൽ തുടർന്നുകൊണ്ടിരിക്കുന്ന പരീക്ഷണത്തിൽ സന്തുലിതാവസ്ഥ നിലനിൽക്കുന്നത് ചൂണ്ടിക്കാട്ടിയപോലെ ബാക്ടീരിയാ പരീക്ഷണത്തിലും ഒരു പ്രത്യേക നിരക്കിൽ (higher level) എത്തിയതോടെ വർധനവു നിലച്ച് സമതുലിതാവസ്ഥ പ്രാപിച്ചു. അതായത് ഇവിടെയും പരീക്ഷണം അതിന്റെ പരമകാഷ്ഠ ആറു മടങ്ങിൽ നിലനിർത്തി എന്നർഥം. ഒരു പരിധിയിൽ അപ്പുറം ഉന്നതിയും അധോഗതിയും ഉണ്ടാകാത്ത, സന്തുലിതത്വം പാലിക്കുന്ന വേറെയും ചില പരീക്ഷണങ്ങൾ ഡോകിൻസ് ഗ്രന്ഥത്തിൽ ഉദ്ധരിക്കുന്നുണ്ട്.

ഇതിന്റെ ഒരു ഒരു വർത്തമാനകാല വസ്തുത കേരളത്തിലെ കേരകർഷകർക്ക് പരിചയമുണ്ട്. 1998 മുതൽ കേരകർഷകർ നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ് മണ്ഡരി രോഗം.[21] (ലേഖകൻ ഒരു കേരകർഷകനാണ്). മെക്സിക്കൻ സ്വദേശിയായ ഈ കീടം ബാധിച്ച് അതിന്റെ ആദ്യനാളുകളിൽ തേങ്ങയുൽപാദനവും കൊപ്രയുടെയും വെളിച്ചെണ്ണയുടെയും ലഭ്യതയും ഗണ്യമായ തോതിൽ കുറഞ്ഞിരുന്നു. എന്നാൽ ഏതാനും വർഷങ്ങളായി നമ്മുടെ നാടൻ തെങ്ങിനങ്ങൾ രോഗബാധയുണ്ടെങ്കിലും അതിനോട് പ്രതിരോധം നേടി തേങ്ങയുൽപാദനം ഒരു പരിധിവരെ വർധിപ്പിച്ചിരിക്കുന്നു. ഒരു തേങ്ങയിൽ ശരാശരി 120/130 ഗ്രാം കൊപ്രയും കൊപ്രയിൽ നിന്ന് ശരാശരി 70% വെളിച്ചെണ്ണയും ഇന്ന് ലഭിക്കുന്നുണ്ട്. ഇതിൽ നിന്നെല്ലാം ഇത്തരം സമദൂരസിദ്ധാന്തം പ്രകൃതിയിൽ, അതിന്റെ നൈസർഗികതയിൽ, ആവാസവ്യവസ്ഥയിൽ നിലനിൽക്കുന്നു എന്ന് തെളിയിക്കുന്നു. അത് ഒരു പരിധിവരെ വളരെ താഴേക്കും ഏറ്റവും ഉന്നതിയിലേക്കും പോകാതെ, ആവാസവ്യവസ്ഥക്ക് ദോഷം വരാതെ നിലനിൽക്കുന്നതിന് സഹായിക്കുന്നു എന്ന് തെളിയിക്കുന്നതോടൊപ്പം പരിണാമം നടക്കാൻ പ്രകൃതി നിർധാരണം സഹായിക്കുന്നില്ല, പകരം തൽസ്ഥിതി നിലനിർത്തുകയാണ് ചെയ്യുക എന്നത് കൂടി ബോധ്യപ്പെടുത്തുന്നു.

ആദ്യകാലത്ത് മണ്ഡരി കീടബാധക്ക് പ്രത്യേക പ്രതിരോധവും ചികിത്സയും മരുന്നും ഒന്നും ഉണ്ടായിരുന്നില്ല. ഇപ്പോൾ കൃഷിവകുപ്പ് ചില ജൈവകീടനിയന്ത്രണ രീതികൾ കണ്ടെത്തിയിട്ടുണ്ട്. പക്ഷേ, അത് നടപ്പിലാക്കാൻ വലിയ പ്രായോഗിക ബുദ്ധിമുട്ടുകൾ തടസ്സമായിരിക്കുന്നു. ഇക്കാര്യം ആനക്കയം കൃഷി ഗവേഷണകേന്ദ്രവുമായി ബന്ധപ്പെട്ടാൽ മനസ്സിലാക്കാം. (മറ്റു ഗവേഷണ കേന്ദ്രങ്ങളിൽനിന്നും ഇക്കാര്യം അറിയാമായിരിക്കും).

പരിഭാഷകൻ രവിചന്ദ്രൻ ബാക്ടീരിയാ പരീക്ഷണത്തെ അതിശയോക്തിയോടെ പരിചയപ്പെടുത്തിയ ഭാഗത്ത് പറഞ്ഞത് ‘സ്ഥൂലപരിണാമവും (Macro evolution) അനുഭവഭേദ്യമാണെന്നു തെളിയിക്കാനാണ് ലെൻസ്കിയുടെ പരീക്ഷണം ഡോകിൻസ് പരാമർശിക്കുന്നത്. അക്കാദമിക് സംവാദങ്ങളുടെ അജണ്ട നിശ്ചയിക്കാൻ ശേഷിയുള്ള പരീക്ഷണം ‘പുസ്തകത്തിന്റെ ഹൃദയഭാഗമാണ്’ എന്നാണ് വാദം. എന്നാൽ, ഇവിടെ നമുക്ക് ചോദിക്കാനു





ള്ളത് രവിചന്ദ്രൻ പറയുന്നത് പോലെ ലെൻസ്കിയുടെ ഈ ബാക്ടീരിയ കൾച്ചറിലൂടെ സ്ഥൂലപരിണാമത്തിന് എന്തു തെളിവാണ് ലഭിച്ചത് എന്നാണ്. സർവസാധാരണയായി ഇ-കോളി ബാക്ടീരിയകൾക്ക് മാത്രമല്ല ഏത് ബാക്ടീരിയകൾക്കും ഉണ്ടാകാറുള്ള ചില പരിവർത്തനങ്ങൾ മാത്രമെ ഇവിടെയും ഈ 32 കൊല്ലങ്ങൾ പിന്നിട്ടിട്ടും സംഭവിച്ചിട്ടുള്ളൂ എന്നതല്ലേ മനസ്സിലാക്കാൻ കഴിഞ്ഞത്? (ഡോകിൻസ് ഗ്രന്ഥരചന നടത്തിയ കാലത്ത് 20 കൊല്ലമെ ആയിരുന്നുള്ളൂ. ലെൻസ്കി പരീക്ഷണം നിർത്തിയ മാർച്ച് 8ന് 32 കൊല്ലം കഴിഞ്ഞു).

ഇനിയാണ് നാം ശരിക്കും പരിണാമവിശ്വാസത്തിന്റെ ഹൃദയം തകർന്നു വീഴുന്നത് കാണാൻ പോകുന്നത്. ഡോകിൻസ് ഈ പരീക്ഷണത്തിന്റെ സമയദൈർഘ്യത്തെ കുറിച്ച് തുടക്കത്തിൽ പറയുന്നു: “ലെൻസ്കിയും സംഘവും തങ്ങളുടെ ഈ സവിശേഷദിനചര്യ 20 വർഷമാണ് തുടർന്നുകൊണ്ടുപോയത്. അതായത് ഏകദേശം 7000 ‘ഫ്ളാസ്ക് തലമുറ’കളിലായി ബാക്ടീരിയകളുടെ ഏതാണ്ട് 45000 തലമുറകളാണ് ഉൽപാദിപ്പിക്കപ്പെട്ടത്. ശരാശരി ആറ്/ഏഴ് തലമുറകൾ ഓരോ ദിവസവും പിറവിയെടുക്കുമെന്ന കണക്കിന്റെ അടിസ്ഥാനത്തിലാണ് 45000 എന്ന സംഖ്യയിലെത്തിച്ചേരുന്നത്. ഈ പറയുന്നത് ശരിയായ പശ്ചാത്തലത്തിൽ വിലയിരുത്തണമെങ്കിൽ മനുഷ്യന്റെ കാര്യം ചിന്തിച്ചാൽ മതിയാകും. നമ്മുടെ 45000 തലമുറകൾ പിറകോട്ട് പോയാൽ ഏതാണ്ട് പത്ത് ലക്ഷം വർഷം പിന്നിലുള്ള ഹോമോ എറക്ടസിന്റെ (homo eructus) കാലഘട്ടത്തിലാണ് നാമെത്തിച്ചേരുക.”[22]

വളരെ നല്ലൊരു താരതമ്യമാണ് അദ്ദേഹം നടത്തിയിട്ടുള്ളത്. മനുഷ്യപരിണാമ ചരിത്രവുമായി ലെൻസ്കി പരീക്ഷണത്തിന്റെ കാലയളവ് താരതമ്യം ചെയ്തതിലൂടെ ആ പരീക്ഷണത്തിന്റെ വൈപുല്യം വായനക്കാർക്ക് കൃത്യമായി ബോധ്യപ്പെടാനും ഉൾക്കൊള്ളാനും എളുപ്പത്തിൽ സാധ്യമാകും. നമുക്കും ഈ സാധ്യത ഉപയോഗപ്പെടുത്തി മനുഷ്യപരിണാമ, ബാക്ടീരിയാ പരീക്ഷണ താരതമ്യത്തിലൂടെ വിശകലനം ചെയ്യാം. ഡോകിൻസ് ഈ കണക്കുകൾ അവതരിപ്പിച്ച കാലത്തെക്കാൾ ഇപ്പോൾ ഒരുപാട് തലമുറകൾ മുന്നോട്ട് പോയി എന്നതുകൂടി പരിഗണിക്കേണ്ടതുണ്ട്.

ദിനേനെ 6.64 തലമുറകൾ പിന്നിടുന്നുണ്ട്.[23] നമുക്ക് ലെൻസ്കി പരീക്ഷണം നിർത്തിയ 2020 മാർച്ച് 8 വരെയുള്ള കണക്കുകൾ പരിഗണിക്കാം. നീണ്ട 32 വർഷങ്ങൾ; അഥവാ 11701 ദിവസം. ഒരു ദിവസം 6.64 തലമുറകൾ; അതായത് 77694ലേറെ ബാക്ടീരിയാ തലമുറകൾ! ഒരു മനുഷ്യതലമുറ 22.2 വർഷമായാണ് ഡോകിൻസ് തന്റെ ഗ്രന്ഥത്തിൽ കണക്കാക്കിയിട്ടുള്ളത്. അങ്ങനെയെങ്കിൽ 259762-ലക്ഷം വർഷത്തിലധികം വരും! (2.6 മില്യൺ വർഷം) ഇത്രയും പിന്നോട്ട് പോയാൽ നാം നമ്മുടെ ‘മുമ്മുതുമുത്തച്ഛൻമാർ’ ആയ അസ്ട്രലോപിതിക്കസും പരന്ത്രോപസും (Australopithecus, Paranthropus) ജീവിച്ച കാലഘട്ടത്തിൽ എത്തിച്ചേരും! എന്തൊരു അത്ഭുതമാണിത്! ലെൻസ്കി പരീക്ഷണത്തിന്റെ മായാലോകം ശരിക്കും ഇപ്പോഴാണ് അനാവൃതമാകുന്നത്. അസ്ട്രലോപിതിക്കസിൽ നിന്ന് ഇന്നത്തെ മനുഷ്യൻ ഹോമോസാപ്പിയൻസിൽ എത്താൻ ഇരുപതിലേറെ വ്യത്യസ്ത സ്പിഷീസുകളിലൂടെ ജൈത്രയാത്ര നടത്തിയിട്ടുണ്ട്.[24] എത്ര ഉദാത്തമായ പരീക്ഷണം!


1. Australopithecus africanus,
2. Paranthropus aethiopicus
3. Australopithecus garhi
4. Homo rudolfensis
5. Paranthropus robustus
6. Australopithecus sediba
7. Homo habilis
8. Homo rudolfensis

9. Homo erectus
10. Paranthropus boisei
11. Homo gautengensis
12. Homo ergaster
13. Homo sp
14. Homo heidelbergensis
15. Homo antecessor
16. Homo rhodesiensis
17. Homo cepranensis
18. Homo Neanderthalensis
19. early Homo sapiens
20. Homo naledi
21. Homo sapiens

ഇവിടെ ചില സംശയങ്ങൾ വീണ്ടും ബാക്കിനിൽക്കുന്നു. മനുഷ്യന് സ്വന്തം പരിണാമത്തിൽ തന്റെ മുൻഗാമികൾ എന്ന് പറയുന്ന പത്തിരുപത് വ്യത്യസ്ത വർഗങ്ങളിൽ തൊട്ടുമുമ്പുള്ള നിയാണ്ടർത്താൽകാരനെ പോലും നേരിട്ട് കാണാനുള്ള ഭാഗ്യമില്ലാതെ ചില വ്യാഖ്യാനഫാക്ടറി അപ്പങ്ങളുടെ പിൻബലത്തിൽ മാത്രം വിശ്വസിക്കേണ്ട ഗതികേട് എന്തുകൊണ്ട്? എന്നാൽ ഇത്രയും സുദീർഘമായ പരീക്ഷണത്തിൽ ആദ്യ ഇ-കോളി ബാക്ടീരിയകളിൽ നിന്നും കാതലായ ജനിതകമാറ്റം പോലും ഇല്ലാതെ അവന്മാർ വെറും ശാപ്പാട്ടുരാമൻമാരായി മാറിയതിലൂടെ പൊണ്ണത്തടിയൻമാരുമായി എന്ന ബാക്ടീരിയാ പരിണാമം മാത്രം! മാത്രമല്ല സുഖലോലുപരായ അവർ ഇരട്ടിച്ച് പെരുകുന്നതിൽ സമർഥരുമായി. എന്നാലോ ഇവന്മാർ വല്ലപ്പോഴെങ്കിലും വയറിളക്കം, ഛർദി, മൂക്കടപ്പ്, ശ്വാസതടസ്സം, പനി ഇങ്ങനെ ചില പ്രശ്നങ്ങൾ സൃഷ്ടിക്കും. അവരെ നശിപ്പിക്കാൻ അവന്മാരേക്കാളേറെ അളവിലും തൂക്കത്തിലും വലിപ്പത്തിലും ആൻറിബയോട്ടിക്കുകൾ അകത്താക്കിയാലും അതിൽ നിന്നെല്ലാം രക്ഷപ്പെട്ടു നമ്മെ വീണ്ടും ദ്രോഹിക്കുന്നതിൽ ഒട്ടും ലജ്ജയില്ല. വല്ലാത്ത പഹയൻമാർ! എങ്കിലും അവർ തങ്ങളുടെ ഇ-കോളിക്കുപ്പായം അഴിക്കില്ല. അവരുടെ ആ അതിജീവനം തന്നെയാണ് 32 കൊല്ലം (= 2.6 മില്യൺ വർഷം) നടത്തിയ പരീക്ഷണത്തിലെ 'ആകെമൊത്തം' ഫലം!


ബാക്ടീരിയാ പരീക്ഷണം സൂക്ഷ്മമായി വിലയിരുത്തി മനുഷ്യപരിണാമവുമായി താരതമ്യപ്പെടുത്തിയാൽ ഈ പരീക്ഷണം പരിണാമം നടക്കുന്നില്ല എന്നല്ലേ തെളിയിക്കുന്നത്? അല്ലായിരുന്നുവെങ്കിൽ ഇ-കോളി ബാക്ടീരിയ പരിണമിച്ച് ഏറ്റവും ചുരുങ്ങിയത് ഒരു റീ-കോളി (റിച്ചാർഡ്-കോളി) ബാക്ടീരിയയെങ്കിലും ആകേണ്ടിയിരുന്നു. പക്ഷേ, അങ്ങനെ സംഭവിച്ചില്ല എന്ന് മാത്രമല്ല; കാതലായ യാതൊരു ജനിതകമാറ്റം പോലും ഉണ്ടായില്ല എന്നത് അവഗണിക്കാൻ കഴിയില്ല. ബാക്ടീരിയകൾ സാധാരണ ആന്റിബയോട്ടിക്കുകളോട് നേടുന്ന പ്രതിരോധത്തിൽ കൂടുതൽ ഒന്നും സംഭവിച്ചില്ല.

ഇതോടെ ഗ്രന്ഥഹൃദയത്തിന്റെ വെടിതീരുകയാണ് ചെയ്യുന്നത്. പരിണാമത്തിനു തെളിവായി അവതരിപ്പിച്ച ദീർഘകാല ഇ-കോളി ബാക്ടീരിയാ പരീക്ഷണം പരിണാമം നടക്കുന്നില്ല എന്ന് വസ്തുനിഷ്ഠമായി തെളിയിക്കുന്ന പരീക്ഷണമായി പരിണമിച്ച ദയനീയ കാഴ്ചയാണിവിടെ നാം കണ്ടത്. ഇതിലൂടെ സംഭവിച്ചത്, പരിണാമമെന്ന ആശയം ആവിഷ്കരിച്ച ചാൾസ് ഡാർവിൻ തന്നെ, തന്റെ ഗുരുവായി സ്വീകരിച്ച ലോകപരിണാമ പ്രബോധന പ്രധാനി റിച്ചാർഡ് ഡോകിൻസിന്റെ നിരവധി വ്യാഖ്യാനഫാക്ടറി ത്യാഗങ്ങളിൽ ഏറ്റവും ഉന്നതമെന്നു അദ്ദേഹം തന്നെ സാക്ഷ്യപ്പെടുത്തിയ 'ചാൾസ് ഡാർവിനു പരിണാമം പഠിപ്പിക്കാൻ' പാഠപുസ്തകമായി 'പരിണാമ സിലബസ് കമ്മിറ്റി'യംഗീകരിച്ച 'ഭൂമിയിലെ



ഏറ്റവും മഹത്തായ ദൃശ്യവിസ്മയം പരിണാമത്തിന്റെ തെളിവുകൾ' എന്ന ഗ്രന്ഥത്തിന്റെ ഹൃദയത്തിൽ പരിണാമ തെളിവായി അവതരിപ്പിച്ച ബാക്ടീരിയാ പരീക്ഷണം; പക്ഷേ അത് പരിണാമമേ നടക്കുന്നില്ല എന്ന വസ്തുതക്ക് കൃത്യമായ തെളിവായിരിക്കുന്ന മഹാത്ഭുതമാണിവിടെ 'നമ്മുടെ കൺമുന്നിൽ' നടന്നുകൊണ്ടിരിക്കുന്നത്.

അസ്ട്രലോപിതിക്കസിൽ നിന്ന് ഹോമോസാപ്പിയൻസിലേക്കുള്ള നീണ്ട 2.6-മില്യണിലേറെ കാലത്തെ ചരിത്രത്തിൽ ഇരുപത്തി ഒന്ന് വ്യത്യസ്ത വർഗങ്ങൾ ഉണ്ടെന്ന് ഏതാനും ചില ഫോസിൽ കഷ്ണങ്ങളുടെ അടിസ്ഥാനത്തിൽ ആവിഷ്ക്കരിച്ച പരിണാമവക്താക്കളുടെ വാദം ലെൻസ്കി പരീക്ഷണത്തെ മനുഷ്യപരിണാമവുമായി താരതമ്യം ചെയ്തതിലൂടെ മനുഷ്യപരിണാമം എന്നത് തെളിവുകൾ ഇല്ലാത്ത സങ്കൽപമാണ് എന്ന് വ്യക്തമാക്കുകയാണ് അദ്ദേഹം ചെയ്തിട്ടുള്ളത്. ഇ-കോളി ബാക്ടീരിയകൾ 77500ലേറെ തലമുറകൾ (32 കൊല്ലങ്ങൾ = 2.6 മില്യൺ വർഷം) പിന്നിട്ടപ്പോഴും; അവയുടെ എല്ലാ പരിണാമവും വകവച്ചു കൊടുത്തുകൊണ്ട് പരിശോധിച്ചാൽ പോലും ആദ്യ ഇ-കോളിയിൽ നിന്ന് വ്യത്യസ്തമല്ലാത്ത ഇ-കോളിതന്നെയാണ് ഇപ്പോഴും നിലനിൽക്കുന്നത് എന്നത് വസ്തുനിഷ്ഠയാഥാർഥ്യമാണ്. അങ്ങനെയെങ്കിൽ മനുഷ്യപരിണാമത്തിലെ ഏറ്റവും അവസാന കണ്ണിയായ നിയാണ്ടർതാൽ മനുഷ്യൻ[25] പോലും നിലനിൽക്കുന്നില്ല. മാത്രമല്ല അതിനു മുമ്പ് കഴിഞ്ഞുപോയ ഇരുപതിൽ കുറയാത്ത സ്പീഷീസുകൾ! ഇവയുടെയൊന്നും പൊടിപോലും ജീവനോടെയില്ല. അതൊക്കെ പോട്ടെ, വളരെ സരളമായ ഏകകോശ ജീവിയായ ഇ-കോളി ബാക്ടീരിയ ഇത്രയും ദീർഘമായ കാലം കഴിഞ്ഞിട്ടും ഒരു മാറ്റവും വരാതെ അതേപടി തുടരുന്നു! എന്നാൽ ഏറ്റവും സങ്കീർണ ജൈവയന്ത്രമായ മനുഷ്യനിൽനിന്ന് ഈ കാലഘട്ടത്തിനുള്ളിൽ തന്നെ ഇത്രയും വിപുലമായ രീതിൽ വ്യത്യസ്ത വർഗങ്ങൾ രൂപമെടുക്കുകയും ചെയ്തു?



എന്തൊക്കെയോ എവിടെയൊക്കെയോ കൂടിച്ചേരാതെ മുഴച്ചുനിൽക്കുന്നു! അത്രയും ലളിതമായ ഏകകോശ ബാക്ടീരിയകൾക്ക് ഒരു പരിണാമവും സംഭവിച്ചില്ല; എന്നാൽ 70 ട്രില്യൻ കോശങ്ങളാൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ഇതേകാലയളവിൽ ഇത്രയും വിപുലമായ വൈജാത്യങ്ങളോടെ 21 വ്യത്യസ്ത വർഗങ്ങളായി പരിണമിച്ചു എന്ന് പറയാൻ എങ്ങനെ കഴിയും? ലെൻസ്കി പരീക്ഷണം സ്ഥൂലപരിണാമം തെളിയിക്കുമെന്നാണല്ലോ അവകാശപ്പെടുന്നത്. ഈ പ്രശ്നങ്ങൾക്ക് എത് വ്യാഖ്യാനഫാക്ടറിയിലാണാവോ പരിഹാരമുള്ളത്? മനുഷ്യപരിണാമത്തിലേക്ക് നയിച്ച ഉൽപ്പരിവർത്തനങ്ങൾ എന്തൊക്കെയായിരുന്നു? ലെൻസ്കി പരീക്ഷണശാലയിൽ നടത്തിയത് പരിണാമം നടക്കാൻ വേണ്ട എല്ലാ സാഹചര്യങ്ങളും കൃത്രിമമായി സൃഷ്ടിച്ചുകൊണ്ടായിരുന്നു. ആ കണിശമായ സാഹചര്യത്തിൽ പോലും ഏകകോശജീവിയായ ഇ-കോളിബാക്ടീരിയകളിൽ പരിണാമം നടന്നില്ല. പിന്നെയെങ്ങനെയാണ് പ്രകൃതിയിലെ പ്രതികൂല സാഹചര്യത്തിൽ മനുഷ്യപരിണാമം നടക്കുക? പരിണാമ പ്രചാരകരോടും വിശ്വാസികളോടും ചിന്തിക്കാനും ചോദ്യം ചെയ്യാനും ധൈര്യപ്പെടുക എന്ന് മാത്രമെ പറയാനുള്ളൂ. ആരെങ്കിലും പറഞ്ഞ പരിണാമകഥകൾ വിശ്വസിക്കാൻ മാത്രം നമുക്ക് ബൗദ്ധികാടിമത്തം വേണ്ടതുണ്ടോ? നാം പ്രത്യയശാസ്ത്ര അടിമത്തത്തിൽ നിന്നും മോചനം നേടി ചിന്താശേഷിയുള്ള മനുഷ്യരായി മാറുക. **(അവസാനിച്ചില്ല).**

20. ഭൂമിയിലെ ഏറ്റവും മഹത്തായ ദൃശ്യവിസ്മയം: പരിണാമത്തിന്റെ തെളിവുകൾ: പേജ് 104,105.

21. https://ml.wikipedia.org/wiki/മണ്ഡരി

22. ഭൂമിയിലെ ഏറ്റവും മഹത്തായ ദൃശ്യവിസ്മയം: പരിണാമത്തിന്റെ തെളിവുകൾ: പേജ് 162

23. https://en.wikipedia.org/wiki/E._coli_longterm_evolution_experiment

24. https://en.wikipedia.org/wiki/List_of_human_evolution_fossils#Lower_Paleolithic:_2.58_0.3_million_years_old

25. https://en.wikipedia.org/wiki/Neanderthal

അബ്ദുൽ ജബ്ബാർ മദീനി
abduljabbaricc@gmail.com

ലേഖനം

ഇസ്‌ലാം പഠിപ്പിക്കുന്ന ഉത്തമ സ്വഭാവങ്ങൾ: 24


# നീതിപാലനം

**കാ**ര്യങ്ങൾ അതിന്റെ സ്ഥാനങ്ങളിൽ, സമയങ്ങളിൽ, രീതികളിൽ, തോതുകളിൽ, കൂടുകയോ കുറയുകയോ മുന്തിപ്പിക്കുകയോ പിന്തിപ്പിക്കുകയോ ചെയ്യാതെ ഉപയോഗിക്കൽ നീതിയുടെ തേട്ടമാണെന്ന് ദാർശനികർ പറയാറുണ്ട്. ജനങ്ങൾ നീതിയിൽ വർത്തിക്കുവാൻ അല്ലാഹു അവന്റെ ദൂതന്മാരെ നീതിയുടെ തുലാസുമായി നിയോഗിച്ചുവെന്നത് നീതിയുടെ പ്രാധാന്യവും നീതിയിൽ വർത്തിക്കുന്നതിന്റെ അനിവാര്യതയുമാണ് അറിയിക്കുന്നത്.

അല്ലാഹു പറഞ്ഞു: "തീർച്ചയായും നാം നമ്മുടെ ദൂതന്മാരെ വ്യക്തമായ ദൃഷ്ടാന്തങ്ങളുംകൊണ്ട് അയക്കുകയുണ്ടായി. ജനങ്ങൾ നീതിപൂർവം നിലകൊള്ളുവാൻ വേണ്ടി അവരോടൊപ്പം വേദഗ്രന്ഥവും തുലാസും ഇറക്കികൊടുക്കുകയും ചെയ്തു" (ക്വുർആൻ 57:25).

നീതി സ്ഥാപിക്കുവാൻ അല്ലാഹു കൽപിച്ചു. അതിന് അവൻ പ്രോത്സാഹിപ്പിച്ചു. നീതിയിൽ വർത്തിക്കുന്നവരെ അവൻ വാഴ്ത്തി. ഈ വിഷയങ്ങളിൽ വചനങ്ങൾ ധാരാളമാണ്:





"തീർച്ചയായും അല്ലാഹു കൽപിക്കുന്നത് നീതിപാലിക്കുവാനും നന്മ ചെയ്യുവാനും കുടുംബബന്ധമുള്ളവർക്ക് (സഹായം) നൽകുവാനുമാണ്. അവൻ വിലക്കുന്നത് നീചവൃത്തിയിൽ നിന്നും ദുരാചാരത്തിൽനിന്നും അതിക്രമത്തിൽനിന്നുമാണ്. നിങ്ങൾ ചിന്തിച്ചുഗ്രഹിക്കുവാൻ വേണ്ടി അവൻ നിങ്ങൾക്ക് ഉപദേശം നൽകുന്നു" (ക്വുർആൻ 16:90).

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനു വേണ്ടി സാക്ഷ്യംവഹിക്കുന്നവരെന്ന നിലയിൽ കണിശമായി നീതിനിലനിർത്തുന്നവരായിരിക്കണം. അത് നിങ്ങൾക്കുതന്നെയോ, നിങ്ങളുടെ മാതാപിതാക്കൾ, അടുത്ത ബന്ധുക്കൾ എന്നിവർക്കോ പ്രതികൂലമായിത്തീർന്നാലും ശരി" (ക്വുർആൻ 4:135).

"അതിനാൽ നീ പ്രബോധനം ചെയ്തുകൊള്ളുക. നീ കൽപിക്കപ്പെട്ടതുപോലെ നേരെ നിലകൊള്ളുകയും ചെയ്യുക. അവരുടെ തന്നിഷ്ടങ്ങളെ നീ പിന്തുടർന്നുപോകരുത്. നീ പറയുക: അല്ലാഹു അവതരിപ്പിച്ച ഏത് ഗ്രന്ഥത്തിലും ഞാൻ വിശ്വസിച്ചിരിക്കുന്നു. നിങ്ങൾക്കിടയിൽ നീതിപുലർത്തുവാൻ ഞാൻ കൽപിക്കപ്പെടുകയും ചെയ്തിരിക്കുന്നു" (ക്വുർആൻ 42:15).

"മൂസായുടെ ജനതയിൽതന്നെ സത്യത്തിന്റെ അടിസ്ഥാനത്തിൽ മാർഗദർശനം ചെയ്യുകയും അതനുസരിച്ചുതന്നെ നീതിപാലിക്കുകയും ചെയ്യുന്ന ഒരു സമൂഹമുണ്ട്" (ക്വുർആൻ 7:159).

"(ഇനിയും) രണ്ടു പുരുഷന്മാരെ അല്ലാഹു ഉപമയായി എടുത്തുകാണിക്കുന്നു. അവരിൽ ഒരാൾ യാതൊന്നിനും കഴിവില്ലാത്ത ഊമയാകുന്നു. അവൻ തന്റെ യജമാനന് ഒരു ഭാരവുമാണ്. അവനെ എവിടേക്ക് തിരിച്ചുവിട്ടാലും അവൻ യാതൊരു നൻമയും കൊണ്ടുവരില്ല. അവനും നേരായ പാതയിൽ നിലയുറപ്പിച്ചുകൊണ്ട് നീതികാണിക്കാൻ കൽപിക്കുന്നവനും തുല്യരാകുമോ" (ക്വുർആൻ 16:76).

"സത്യത്തിന്റെ അടിസ്ഥാനത്തിൽ മാർഗദർശനം നൽകുകയും അതനുസരിച്ചുതന്നെ നീതി നടത്തുകയും ചെയ്യുന്ന ഒരു സമൂഹം നാം സൃഷ്ടിച്ചവരുടെ കൂട്ടത്തിലുണ്ട്" (ക്വുർആൻ 7:181).

താൻ ഏറ്റെടുത്തതോ ഏൽപിക്കപ്പെട്ടതോ ആയ ഭരണനേതൃത്വം, ഇതര പദവികൾ, സന്നദ്ധപ്രവർത്തനം, അനാഥ സംരക്ഷണം, സ്വദക്വഃ, തുടങ്ങിയുള്ള ഉത്തരവാദിത്തങ്ങളിലും ഇണകൾക്കും കുടുംബത്തിനും നൽകേണ്ടതായ അവകാശങ്ങളിലും നീതി കൈവിടാതെ വർത്തിക്കുന്നവർക്ക് അന്ത്യനാളിൽ മഹത്ത്വങ്ങളേറെയാണ്. നീതിയുടെ രൂപങ്ങളും രീതികളും ഭിന്നങ്ങളാണ്:

## നേതൃത്വത്തിന്റെ നീതി

ചുമതല ഏൽപിക്കപ്പെട്ടവർ ആരായാലും തങ്ങളുടെ കീഴ്ഘടകങ്ങളോട് നീതിയിൽ വർത്തിക്കൽ അനിവാര്യവും നിർബന്ധവുമാണ്; നേതൃത്വം, ഭരണം പോലുള്ള പ്രത്യേകമായ വിഷയത്തിലായാലും പൊതുവിലുള്ള ഇതര വിഷയങ്ങളിലായാലും. ഭരണാധികാരി നീതിപാലിച്ചാൽ അയാൾക്കുള്ള മഹത്ത്വം അറിയിക്കുന്ന ഒരു തിരുമൊഴി നോക്കൂ:

അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം; തിരുദൂതർ(ﷺ) പറഞ്ഞു:"ഏഴുകൂട്ടർ, അല്ലാഹു തന്റെ നിഴലല്ലാതെ മറ്റൊരു നിഴലുമില്ലാത്ത നാളിൽ അവർക്ക് തണലേകും: നീതിമാനായ ഭരണാധികാരി..." (ബുഖാരി).

## വിധിയിലെ നീതി

"വിശ്വസിച്ചേൽപിക്കപ്പെട്ട അമാനത്തുകൾ അവയുടെ അവകാശികൾക്ക് നിങ്ങൾ കൊടുത്തു വീട്ടണമെന്നും ജനങ്ങൾക്കിടയിൽനിങ്ങൾ തീർപ്പുകൽപിക്കുകയാണെങ്കിൽ നീതിയോടെ തീർപ്പുകൽപിക്കണമെന്നും അല്ലാഹു നിങ്ങളോട് കൽപിക്കുന്നു. എത്രയോ നല്ല ഉപദേശമാണ് അവൻ നിങ്ങൾക്ക് നൽകുന്നത്" (ക്വുർആൻ 4:58).

അബൂമൂസൽഅശ്അരി(റ)ക്ക് അമീറുൽ മുഅ്മിനീൻ ഉമർ(റ) ഇപ്രകാരം എഴുതി: "താങ്കളുടെ തിരിഞ്ഞു നോട്ടത്തിലും സദസ്സിലും നീതിയിലും ജനങ്ങൾക്കിടയിൽ താങ്കൾ തുല്യത പുലർത്തുക; താങ്കളുടെ നീതിയിൽ ദുർബലൻ നിരാശപ്പെടാതിരിക്കട്ടെ. താങ്കളുടെ അനീതിയിൽ പ്രമാണി ആശ വെക്കാതിരിക്കുകയും ചെയ്യട്ടെ"(സുനനുദ്ദാറക്വുത്നി, ഹദീഥ് സ്വഹീഹാകുന്നു, ഇർവാഉൽഗലീൽ 8:241).

### ഭാര്യമാരോട് നീതി

"അനാഥകളുടെ കാര്യത്തിൽ നിങ്ങൾക്കു നീതി പാലിക്കാനാവില്ലെന്ന് നിങ്ങൾ ഭയപ്പെടുകയാണെങ്കിൽ (മറ്റു) സ്ത്രീകളിൽനിന്ന് നിങ്ങൾ ഇഷ്ടപ്പെടുന്ന രണ്ടോ, മൂന്നോ, നാലോ പേരെ വിവാഹം ചെയ്തു കൊള്ളുക. എന്നാൽ (അവർക്കിടയിൽ) നീതി പുലർത്താനാവില്ലെന്ന് നിങ്ങൾ ഭയപ്പെടുകയാണെങ്കിൽ ഒരുവളെ മാത്രം (വിവാഹം കഴിക്കുക); അല്ലെങ്കിൽ നിങ്ങളുടെ അധീനത്തിലുള്ള അടിമസ്ത്രീയെ (ഭാര്യയെപ്പോലെ സ്വീകരിക്കുക.)നിങ്ങൾ അതിരുവിട്ട് പോകാതിരിക്കാൻ അതാണ് കൂടുതൽ അനുയോജ്യമായിട്ടുള്ളത്" (ക്വുർആൻ 3:03).

### മക്കൾക്കിടയിലെ നീതി

നുഅ്മാനുബ്നുബഷീറി(റ)ൽ നിന്ന് നിവേദനം: "എന്റെ പിതാവ് അദ്ദേഹത്തിന്റെ കുറച്ചു സമ്പത്ത് എനിക്ക് ദാനമായി നൽകി. അപ്പോൾ എന്റെ മാതാവ് അംറബിൻത് റവാഹ പറഞ്ഞു: 'തിരുദൂതർ സാക്ഷ്യം വഹിക്കുന്നതുവരെ ഞാൻ (ഈ സ്വദക നൽകൽ) ഇഷ്ടപ്പെടുകയില്ല.' അപ്പോൾ എന്റെ പിതാവ് എനിക്കു നൽകിയ സ്വദഖയിൽ നബി(സ)യെ സാക്ഷിയാക്കുവാൻ അദ്ദേഹത്തിന്റെ അടുക്കൽ പോയി. അപ്പോൾ തിരുദൂതർ(സ) പിതാവിനോടു ചോദിച്ചു: 'താങ്കളുടെ മക്കൾക്ക് എല്ലാവർക്കും ഇപ്രകാരം താങ്കൾ നൽകിയിട്ടുണ്ടോ?' അദ്ദേഹം പറഞ്ഞു: 'ഇല്ല.' തിരുമേനി(സ) പറഞ്ഞു: 'നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. മക്കൾക്കിടയിൽ നീതികാണിക്കുക.' അപ്പോൾ എന്റെ പിതാവ് തിരിച്ചു വന്നു പ്രസ്തുത സ്വദഖ മടക്കിവാങ്ങി" (ബുഖാരി).



### സംസാരത്തിൽ നീതി

"നിങ്ങൾ സംസാരിക്കുകയാണെങ്കിൽ നീതിപാലിക്കുക. അതൊരു ബന്ധുവിന്റെ കാര്യത്തിലായിരുന്നാൽ പോലും. അല്ലാഹുവോടുള്ള കരാർ നിങ്ങൾ നിറവേറ്റുക. നിങ്ങൾ ശ്രദ്ധിച്ച് മനസ്സിലാക്കുവാൻ വേണ്ടി അല്ലാഹു നിങ്ങൾക്ക് നൽകിയ ഉപദേശമാണത്" (ക്വുർആൻ 6:152).

### അളവിലും തൂക്കത്തിലും നീതി

"നിങ്ങൾ നീതിപൂർവം അളവും തൂക്കവും തികച്ചുകൊടുക്കണം. ഒരാൾക്കും അയാളുടെ കഴിവിലുപരിയായി നാം ബാധ്യത ചുമത്തുന്നതല്ല" (ക്വുർആൻ 6:152)

### അമുസ്‌ലിംകളോട് നീതി

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിന് വേണ്ടി നിലകൊള്ളുന്നവരും നീതിക്ക് സാക്ഷ്യം വഹിക്കുന്നവരുമായിരിക്കുക. ഒരു ജനതയോടുള്ള അമർഷം നീതി പാലിക്കാതിരിക്കാൻ നിങ്ങൾക്ക് പ്രേരകമാകരുത്. നിങ്ങൾ നീതി പാലിക്കുക. അതാണ് ധർമനിഷ്ഠയോട് ഏറ്റവും അടുത്തത്" (ക്വുർആൻ 5:08).

"മതകാര്യങ്ങളിൽ നിങ്ങളോട് യുദ്ധം ചെയ്യാതിരിക്കുകയും നിങ്ങളുടെ വീടുകളിൽനിന്ന് നിങ്ങളെ പുറത്താക്കാതിരിക്കുകയും ചെയ്യുന്നവരെ സംബന്ധിച്ചിടത്തോളം നിങ്ങളവർക്ക് നന്മ ചെയ്യുന്നതും നിങ്ങളവരോട് നീതി കാണിക്കുന്നതും അല്ലാഹു നിങ്ങളോട് നിരോധിക്കുന്നില്ല. തീർച്ചയായും അല്ലാഹു നീതി പാലിക്കുന്നവരെ ഇഷ്ടപ്പെടുന്നു" (ക്വുർആൻ 60:08).

നീതിയുടെ മഹത്ത്വവും പ്രതിഫലവുമറിയിക്കുന്ന ഒരുതിരുമൊഴി ഇപ്രകാരമുണ്ട്. അബ്ദുല്ലാഹ് ഇബ്നുഅംറി(റ)ൽനിന്ന് നിവേദനം; അല്ലാഹുവിന്റെ റസൂൽ(സ) പറഞ്ഞു:

"അല്ലാഹുവിന്റെ അടുക്കൽ നീതിമാന്മാർ, കാരുണ്യവാനായവന്റെ വലതുഭാഗത്ത് പ്രകാശത്തിന്റെ മിമ്പറുകളിലായിരിക്കും. അവന്റെ ഇരുകരങ്ങളും യമീനുകളാണ് (അനുഗൃഹീതങ്ങളാണ്). അവർ (നീതിമാന്മാർ) തങ്ങളുടെ വിധിയിലും കുടുംബത്തിലും തങ്ങൾ ഏറ്റെടുത്ത കാര്യങ്ങളിലും നീതി പുലർത്തുന്നവരാണ്" (മുസ്‌ലിം).




## നേർപഥം ഓൺലൈൻ ക്വിസ് നിബന്ധനകൾ

- സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം വാരികയുടെ ഏറ്റവും പുതിയ ലക്കത്തിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ ആസ്പദമാക്കിയാണ് വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന ഓൺലൈൻ ക്വിസ് മത്സരം സംഘടിപ്പിക്കുന്നത്.
- ലോക്ക്ഡൗൺ പിരീഡിൽ എല്ലാ വെള്ളിയാഴ്ചയും വൈകുന്നേരം 7 മണിക്ക് മാഗസിൻ ഓൺലൈനിൽ അപ്‌ലോഡ് ചെയ്യുകയും ഞായറാഴ്ച രാവിലെ പത്തു മണി മുതൽ സമീൽ ഓൺലൈൻ ലൈബ്രറിയിൽ ചോദ്യങ്ങൾ ലഭ്യമാവുകയും ചെയ്യും.
- എല്ലാ ആഴ്ചയും ബുധൻ രാത്രി 12 മണി വരെ മാത്രമെ ഉത്തരങ്ങൾ സ്വീകരിക്കുകയുള്ളൂ.
- പേരും മൊബൈൽ നമ്പറും വെച്ചാണ് മത്സരാർഥികൾ ഓൺലൈനിൽ പ്രവേശിക്കേണ്ടത്. വിജയികളുടെ വിലാസം മൊബൈൽ നമ്പർ വെച്ചാണ് കണ്ടെത്തുന്നത് എന്നതിനാൽ സ്വന്തം നമ്പർ മാത്രമേ ഉപയോഗിക്കാവൂ.
- ഒരേ നമ്പറിൽ നിന്ന് ഒരാഴ്ചയിൽ ഒന്നിലധികം മത്സരങ്ങൾ പങ്കെടുക്കാൻ സാധ്യമാകില്ല.
- ശരിയുത്തരങ്ങൾ വ്യാഴാഴ്ച മുതൽ ഓൺലൈനിൽ ലഭ്യമാവും.
- ഏറ്റവും കൂടുതൽ ശരിയുത്തരങ്ങൾ അയച്ചതിനെ ആധാരമാക്കിയാണ് ഓരോ ആഴ്ചയിലെയും ഒന്ന്, രണ്ട്, മൂന്ന് സ്ഥാനക്കാരെ നിശ്ചയിക്കുന്നത്.
- വിജയികളുടെ പേരുകൾ വ്യാഴാഴ്ച മുതൽ സമീൽ ഓൺലൈൻ ലൈബ്രറിയിലൂടെയും നേർപഥം വെബ്സൈറ്റിലൂടെയും നേർപഥത്തിലൂടെയും പബ്ലിഷ് ചെയ്യും.
- വിജയികളെ ഔദ്യോഗികമായി വിവരമറിയിക്കുകയും സമ്മാനം നേരിട്ടെത്തിക്കുകയും ചെയ്യും.
- ഓരോ മത്സരത്തിലും ലഭിച്ച മാർക്കുകൾ ഉൾപ്പെടുത്തിയാണ് ഫൈനൽ മത്സരത്തിലെ വിജയികളെ തെരഞ്ഞെടുക്കുന്നത്. ഫൈനൽ പോയിന്റിൽ തുല്യത പാലിച്ചാൽ തുടർ മത്സരത്തിലൂടെ വിജയിയെ കണ്ടെത്തും.
- ഓരോ മത്സരത്തിലും ലഭിക്കുന്ന മാർക്കുകൾ ഉൾപ്പെടുത്തി പരിഷ്കരിക്കുന്ന പോയിന്റ് ടേബിൾ ഓൺലൈനിൽ ലഭ്യമാവും.
- മെഗാ മത്സര വിജയികൾക്കുള്ള സമ്മാനങ്ങൾ സംസ്ഥാന പ്രോഗ്രാമിലായിരിക്കും വിതരണം ചെയ്യുക.
- നേർപഥം ജീവനക്കാരുടെയോ മാനേജ്മെന്റിന്റെയോ എൻട്രികൾ മത്സരത്തിന് പരിഗണിക്കുന്നതല്ല.
- മത്സരങ്ങളെ കുറിച്ചുള്ള അന്തിമ തീരുമാനം നേർപഥം ക്വിസ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും.

## നേർപഥം ഓൺലൈൻ ക്വിസ് വിജയികൾ - ലക്കം: 180

**ഒന്നാം സമ്മാനം:**
Musheer A, Angadithodiyil, Karimba, Palakkad

**രണ്ടാം സമ്മാനം:**
Sahad Sattar, Dubai

**മൂന്നാം സമ്മാനം:**
Juvairiya A.T, Ayichathod, Pulamanthol, Malappuram

നബീൽ പയ്യോളി
nabeelpayyoly@gmail.com

ലേഖനം




# കേരളം പ്രവാസികളെ കൈവെടിഞ്ഞോ?

അവസാനം സംസ്ഥാന സർക്കാർ തിരുത്തിയിരിക്കുന്നു. കേരളത്തിലേക്ക് യാത്രചെയ്യുന്ന ഗൾഫ് മലയാളികൾക്ക് കോവിഡ് നെഗറ്റീവ് സർട്ടിഫിക്കറ്റ് വേണം എന്ന തികച്ചും അപ്രായോഗിക നിർദേശമാണ് ഇപ്പോൾ പിൻവലിച്ചിരിക്കുന്നത്. പകരം എൻ 95 മാസ്ക്, ഫേസ് ഷീൽഡ്, പി.പി.ഇ കിറ്റുകൾ ധരിക്കണം എന്ന നിബന്ധന വെച്ചു. നാട്ടിലേക്ക് വന്ന മിക്കവരും പി.പി.ഇ കിറ്റുകൾ ധരിച്ചിരുന്നു എന്നത് ഒരു യാഥാർഥ്യമാണ്. ഗൾഫിലെ മലയാളികളോട് കാണിക്കുന്ന ക്രൂരതയുടെ അവസാന ഉദാഹരണം മാത്രമാണ് നോർക്ക പ്രിൻസിപ്പൽ സെക്രട്ടറി ഇളങ്കോവൻ ഇറക്കിയ ഉത്തരവ്. വിദേശരാജ്യങ്ങളിൽ നടപ്പിലാക്കേണ്ട നിർദേശങ്ങൾ അതത് രാജ്യങ്ങളിലെ അനുഭവസ്ഥരോടോ സർക്കാർ സംവിധാനങ്ങളോടോ സർക്കാർ അനുകൂല സംഘടനകളോടോ ആലോചിക്കുക എന്ന സാമാന്യമര്യാദ പോലും പാലിക്കാതെ അന്തപുരിയിലെ ശീതീകരിച്ച മുറിയിലിരുന്ന് ഉത്തരവിറക്കുകയാണ് കേരള ഭരണകൂടം. യഥാർഥത്തിൽ അവർ കുത്തിക്കുറിക്കുന്നത് പ്രവാസി മലയാളികളുടെ മരണക്കുറിപ്പാണ്.

പ്രവാസികൾ നാടിന്റെ നട്ടെല്ലാണെന്നും അവർ ഉള്ളതുകൊണ്ടാണ് നമ്മൾ കഞ്ഞികുടിച്ച് കഴിയുന്നത് എന്നും പറയുന്ന കേരള സർക്കാർ പ്രവാസിദ്രോഹ നടപടികൾ നിരന്തരം സ്വീകരിക്കുന്നത് അത്ഭുതപ്പെടുത്തുന്നു. ആരാണ് ഈ തെറ്റായ തീരുമാനങ്ങൾക്ക് പിന്നിൽ? ഈ ഇരട്ട മുഖങ്ങൾ തകർക്കുന്നത് നൂറുകണക്കിന് ജീവനുകളെയാണ് എന്ന് തിരിച്ചറിയാനുള്ള വിവേകം മലയാളികൾക്ക് ഉണ്ടാവണം. തെറ്റായ തീരുമാനങ്ങൾ എടുക്കുകയും പ്രതിഷേധങ്ങൾ ഉയരുമ്പോൾ ഗതിഗേടുകൊണ്ട് അത് തിരുത്തുകയും ചെയ്യുന്നത് ജനാധിപത്യ ഭരണകൂടത്തിന് ഭൂഷണമല്ല. ഓരോ തീരുമാനം എടുക്കുമ്പോഴും അതിന്റെ പ്രത്യാഘാതങ്ങൾ അനുഭവിക്കേണ്ടിവരുന്ന പാവങ്ങളുടെ മുഖമാണ് ജനാധിപത്യ ഭരണകൂടങ്ങളുടെ മനസ്സിൽ തെളിഞ്ഞുവരേണ്ടത്. എങ്കിലേ അവർക്ക് ശരിയായ തീരുമാനങ്ങളിലേക്ക് എത്താൻ സാധിക്കുകയുള്ളൂ.

വിദേശ രാജ്യങ്ങളിൽ താമസിക്കുന്ന തങ്ങളുടെ പൗരന്മാരെക്കുറിച്ച് ഒട്ടും ആശങ്കയില്ലാത്ത ഭരണകൂടം ആണ് കേന്ദ്രത്തിലുള്ളത്. എന്നാൽ പാവപ്പെട്ടവരായ പ്രവാസികൾ പോലും ക്വാറന്റൈൻ ചെലവ് വഹിക്കട്ടെ, ഇൻസ്റ്റിറ്റ്യൂഷൻ ക്വാറന്റൈനിൽനിന്നുള്ള പിൻമാറ്റം, എയർഇന്ത്യയുടെ നിരക്കേ ചാർട്ടഡ് ഫ്‌ളൈറ്റുകളിലും ഈടാക്കാവൂ, ചാർട്ടഡ് ഫ്‌ളൈറ്റുകളിൽ വരുന്നവർ 48 മണിക്കൂറിനുള്ളിൽ കോവിഡ് ടെസ്റ്റ് നടത്തി നെഗറ്റീവ് ആണെന്ന സർട്ടിഫിക്കറ്റ് വേണം തുടങ്ങി പ്രവാസികളുടെ വരവിനെ തടസ്സപ്പെടുത്താൻ നമ്മുടെ ഭരണകൂടം നിരന്തരം ഗൂഢതന്ത്രം മെനയുകയായിരുന്നു. അത് പ്രവാസികളെ വലിയ മാനസിക സമ്മർദത്തിലേക്ക് തള്ളിവിട്ടു എന്നത് യാഥാർഥ്യമാണ്. കോവിഡ് കാലത്ത് അൻപതിൽ അധികം മലയാളികൾ എങ്കിലും ഹൃദയസ്തംഭനം മൂലം ഗൾഫ് രാജ്യങ്ങളിൽ മരണപ്പെട്ടിട്ടുണ്ട്. ആത്മഹത്യ ചെയ്തവർ വേറെയും. ഭരണകൂടം തങ്ങളുടെ പൗരന്മാരെ മരണത്തിലേക്ക് തള്ളിവിട്ടു എന്നത് എത്ര ക്രൂരമാണ്! വർഷങ്ങളായി 'പ്രവാസി വാഴ്ത്തൽ പാട്ടുകൾ' പാടുകയായിരുന്നു കേരളം. വിവാഹം, രോഗം, ആഘോഷങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരോഗ്യ കേന്ദ്രങ്ങൾ, വീടുകൾ, ബിസിനസ് സംരംഭങ്ങൾ തുടങ്ങി കേരളീയന്റെ സുഖദുഃഖങ്ങളിൽ പ്രവാസികളുടെ വിയർപ്പിന്റെ രുചിയുണ്ടായിരുന്നു. കേരളത്തിന്റെ ദുരന്തമുഖങ്ങളിൽ പ്രവാസിസമൂഹം കൈമെയ് മറന്നു പ്രവർത്തിച്ചു. രണ്ട് പ്രളയങ്ങൾ അതിന്റെ നേർസാക്ഷ്യം ആയിരുന്നു. എന്നാൽ ചരിത്രത്തിലെ ഏറ്റവും വലിയ പ്രതിസന്ധിയിൽ പ്രവാസി സമൂഹം അകപ്പെട്ടപ്പോൾ കേരളം അവരെ കൈവിട്ടു! ഏതൊരു പ്രവാസിയുടെയും നെഞ്ചകത്തെ തകർക്കുന്നതാണ് ഈ സമീപനം.

കഴിഞ്ഞ മാർച്ച് മാസത്തിൽ തുടങ്ങിയ കോവിഡ് വ്യാപനം ഗൾഫ് രാജ്യങ്ങളെ വല്ലാതെ പിടിച്ചുകുലുക്കി. അതിൽ നിസ്സഹായരായി നിൽക്കുകയായിരുന്നു പാവം പ്രവാസി മലയാളികൾ. രോഗഭീതിയും രോഗവ്യാപനവും പൊടുന്നനെ ഉണ്ടായ ലോക്ഡൗണും അവധിയില്ലാതെ പണിയെടുക്കുന്ന പ്രവാസികൾക്ക് മുമ്പിൽ ഇരുട്ട് വീഴ്ത്തി. ഗൾഫ് ഭരണാധികാരികൾ മുഴുവൻ ജനങ്ങൾക്കും ചികിത്സയും ക്വാറന്റൈൻ സൗകര്യങ്ങളും സൗജന്യമായി ലഭ്യമാക്കി. എങ്കിലും രോഗികളുടെ എണ്ണത്തിലെ വർധന സൗകര്യങ്ങൾ പര്യാപ്തമാവാത്ത സാഹചര്യത്തിലേക്ക് കാര്യങ്ങൾ പോയപ്പോൾ എല്ലാവരും ഒന്ന് സ്തബ്ധരായി. എന്നാൽ പ്രവാസി മലയാളി സമൂഹം ദുരന്തമുഖത്തെ രക്ഷകരായി മാറി. ഗൾഫ് ഭരണകൂടങ്ങളോട് ചേർന്നുനിന്നും അവർ നൽകുന്ന സൗകര്യങ്ങൾ ആവശ്യക്കാർക്ക് ലഭ്യമാക്കിയും മലയാളി സമൂഹം തങ്ങളുടെ സഹോദരങ്ങളുടെ ദുരിതമകറ്റാൻ മുന്നിട്ടിറങ്ങി. കേന്ദ്രസർക്കാരും കേരളസർക്കാരും എംബസി കോൺസുലേറ്റ്, നോർക്ക, ലോകകേരള സഭ തുടങ്ങിയ സംവിധാനങ്ങളും കുറ്റകരമായ മൗനവും നിസ്സംഗതയും പുലർത്തിയപ്പോൾ നമ്മുടെ രക്ഷക്ക് നമ്മൾ മാത്രമേയുള്ളൂ എന്ന തിരിച്ചറിവിൽ പ്രവാസി മലയാളി സമൂഹം കൈകോർത്ത് പിടിച്ചു. സ്വന്തം രാജ്യത്തെ ഭരണകൂടങ്ങൾക്ക് മുന്നിൽ ഉന്നയിച്ച ആവശ്യങ്ങൾ പലതും അനുഭാവപൂർവം പരിഗണിക്കപ്പെട്ടില്ല. പട്ടിണിയും രോഗഭീതിയും ഒഴിയാത്ത ഇടങ്ങളിൽ സാന്ത്വനമായി പ്രവാസി സമൂഹം എത്തി. സന്മനസ്സുകളുടെ സഹായവും സ്വന്തം പോക്കറ്റിലെ പണവും മാത്രമായിരുന്നു അവർക്ക് ഉണ്ടായിരുന്നത്. എങ്കിലും തങ്ങളുടെ സഹോദരങ്ങൾ പട്ടിണികിടക്കുന്നില്ലെന്നും ചികിത്സയും സാന്ത്വനവും കിട്ടാതെ പ്രയാസപ്പെടുന്നില്ലെന്നും അവർ ഉറപ്പ് വരുത്തി. സാമ്പത്തികവും ശാരീരികവും മാനസികവുമായി തങ്ങൾക്ക് ചെയ്യാവുന്നതെല്ലാം രാപകലില്ലാതെ ഓടിനടന്ന് ചെയ്ത ഗൾഫിലെ പ്രവാസി മലയാളി സമൂഹം നടത്തിയ പ്രവർത്തനങ്ങൾ ലോകത്തിന് തന്നെ മാതൃകയാണ്. പ്രവാസികൾക്ക് നൽകുന്ന സേവനങ്ങൾക്ക് ഫീസാ

യി ഈടാക്കിയ കോടികണക്കിന് രൂപ എമ്പസികളുടെ കയ്യിലുള്ളപ്പോളാണ് അവർ വെറും നോക്കുകുത്തിയായി നിന്നത്. ഓഫീസ് നവീകരണത്തിനും സമ്മേളന മാമാങ്കങ്ങൾക്കും കോടികൾ പൊടിപൊടിക്കുന്ന നോർക്കയും ലോകകേരളസഭയും തഥൈവ! പ്രവാസികൾ തികഞ്ഞ അനാഥത്വം അനുഭവിച്ച നാളുകളാണിത്.

ജോലി നഷ്ടപ്പെട്ടവർ, ഗർഭിണികൾ, നിത്യരോഗികൾ, വൃദ്ധർ, സന്ദർശകവിസയിൽ എത്തിയ മാതാപിതാക്കൾ, കുട്ടികൾ, വിദ്യാർഥികൾ, പ്രവാസം അവസാനിപ്പിച്ച് നാട്ടിലേക്ക് പോകാനിരിക്കുന്നവർ തുടങ്ങി നാടണയൽ അത്യാവശ്യമായവരുടെ നിരന്തര രോദനങ്ങളുടെ ഫലമായി കേരളം നോർക്ക വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യാൻ പറഞ്ഞു. അഞ്ച് ലക്ഷത്തിലധികം മലയാളികളാണ് ഗൾഫിൽനിന്നും നോർക്കയിൽ രജിസ്റ്റർ ചെയ്തത്. എന്തിനായിരുന്നു ഈ രജിസ്ട്രേഷൻ എന്നത് ഇന്നും ചോദ്യചിഹ്നമായി നിൽക്കുന്നു. പിന്നീട് എംബസി രജിസ്ട്രേഷനും ചെയ്യേണ്ടി വന്നു പാവം പ്രവാസികൾക്ക്. വലിയ സമ്മർദങ്ങൾക്കും നിയമപോരാട്ടങ്ങൾക്കും ഒടുവിൽ അവർക്ക് നാട്ടിലെത്താൻ കേന്ദ്ര സർക്കാർ ഫ്ളൈറ്റൊരുക്കി. വന്ദേ ഭാരത് എന്ന ഓമനപ്പേരിൽ എയർ ഇന്ത്യ അന്താരാഷ്ട്ര വിമാനസർവീസ് ആരംഭിച്ചു. പാവങ്ങൾ സ്വന്തം പണം മുടക്കി നാട്ടിലേക്ക് പോകണം. സർക്കാർ ഇന്ധന, എയർപോർട്ട് നികുതികളും മറ്റും ഈടാക്കി തങ്ങളുടെ പൗരന്മാർക്ക് തണലേകി! കേരളം വായിൽ കൊള്ളാത്ത പ്രഖ്യാപനങ്ങളുമായി പ്രവാസി സ്നേഹം പ്രകടിപ്പിച്ചുകൊണ്ടിരുന്നു. കോർപ്പറേഷൻ പൈപ്പിലെ വെള്ളംപോലെ ഓരോ തുള്ളയായി ഇറ്റുന്ന കണക്ക് ഏതാനും ഫ്ളൈറ്റുകൾ ആണ് ഗൾഫിൽനിന്നും കേന്ദ്ര സർക്കാർ അനുവദിച്ചത്. പാവങ്ങൾക്ക് ടിക്കറ്റിനുള്ള പണം കണ്ടെത്തുക എന്നതും പ്രവാസി സമൂഹത്തിന്റെ ബാധ്യതയായി മാറി. കേരളത്തിലെ സുമനസ്സുകളും ഈ ശ്രമങ്ങൾക്ക് സഹായം നൽകി.

ഇങ്ങനെ പോയാൽ ഒരു വർഷം കഴിഞ്ഞാലും അത്യാവശ്യക്കാർക്ക് നാട്ടിലെത്താൻ പറ്റില്ലെന്ന് തിരിച്ചറിഞ്ഞ പ്രവാസി സമൂഹം ചാർട്ടഡ് ഫ്ളൈറ്റുകൾക്ക് ശ്രമം തുടങ്ങി. ഒടുവിൽ അതിന് അനുമതി ലഭിച്ചു. സ്വന്തം രാജ്യത്തെ പൗരന്മാരെ എങ്ങനെ പ്രയാസപെടുത്താം എന്ന് ഓരോ ഘട്ടത്തിലും കേന്ദ്ര സംസ്ഥാന സർക്കാരുകൾ എന്ന് ഗവേഷണം നടത്തി നിയമക്കുരുക്കുകൾ തീർക്കുകയും ചെയ്തു. എങ്കിലും അനാഥത്വം സമ്മാനിച്ച ധൈര്യം പ്രവാസികളെ തളർത്തിയില്ല. ഇടക്ക് ടിക്കറ്റ് ചാർജ്ജ് മടങ്ങുകൾ വർദ്ധിപ്പിച്ച് ലാഭക്കൊതി മൂത്ത എയർ ഇന്ത്യ കാണിച്ച മനുഷ്യത്വ രഹിത നിലപ്പെടുകളെയും പ്രവാസി സമൂഹം ചെറുത്ത് തോൽപിച്ചു. അതിനിടയിൽ ഗൾഫ് പ്രവാസികൾക്ക് മാത്രം കോവിഡ് പരിശോധന വേണം എന്ന തികച്ചും വിവേചനപരമായ നിബന്ധന കേരളം മുന്നോട്ട് വെക്കുന്നത്. അതിൽ കേരളത്തിന്റെ ആരോഗ്യമന്ത്രിയുടെ പ്രസ്താവന ശ്രദ്ധയിൽ പെട്ടു. 'പ്രവാസികൾക്ക് ടിക്കറ്റെടുത്ത് നൽകുന്ന സാമൂഹ്യ പ്രവർത്തകർക്ക് എന്താ ആ പാവങ്ങൾക്ക് ഒരു ടെസ്റ്റ് കൂടി ചെയ്ത് കൊടുത്താൽ' എന്നതായിരുന്നു ആ പ്രസ്താവന! ദുരന്തമുഖത്ത് ഭരണകൂടം നിസ്സംഗത പുലർത്തിയപ്പോൾ രക്ഷകരായെത്തിയ പ്രവാസികളെ പരിഹസിക്കുന്നതായിരുന്നു മന്ത്രിയുടെ പ്രസ്താവന. പ്രവാസി സമൂഹത്തിന്റെ സമൃദ്ധികാലത്ത് അവർ നൽകിയ എല്ലാ ആനുകൂല്യങ്ങളും അനുഭവിച്ച് ദുരന്തമുഖത്ത് മുഖംതിരിഞ്ഞുനിന്ന ഭരണകൂടം ചരിത്രത്തിന്റെ ഏടുകളിൽ കറുത്ത മഷികൊണ്ട് എഴുതപ്പെടും. സ്കോർബോർഡിൽ അക്കങ്ങൾ എഴുതാൻ കാത്തിരിക്കുന്ന സ്കോറർ ആയി മാറുന്നു നമ്മുടെ ഭരണാധികാരികൾ. നേട്ടങ്ങളുടെ പട്ടികയിലേക്ക് കണ്ണുംനട്ടിരിക്കുന്ന ഭരണകൂടങ്ങൾക്ക് പാവങ്ങളുടെ കണ്ണുനീർ കണ്ണുതുറപ്പിക്കാൻ ഉതകുന്നില്ലെന്നതിൽ ലജ്ജിക്കുന്നു. ഗൾഫ്നാടുകളിൽ വന്ന് പ്രോഗാമുകൾ അവതരിപ്പിക്കാനും സ്വീകരണങ്ങൾ ഏറ്റുവാങ്ങാനും മത്സരിച്ച മലയാളി കലാകാരന്മാരും സാഹിത്യകാരന്മാരും ഈ ദുരന്തകാലത്ത് കുറ്റകരമായ മൗനത്തിൽ തന്നെയാണ്. മത, രാഷ്ട്രീയ സാമൂഹിക സംഘടനകളും തങ്ങളുടെ ഭാഗധേയം നിർവഹിച്ചോ എന്ന് സ്വയം വിലയിരുത്തേണ്ടതുണ്ട്.



ഇതിനിടയിൽ 300ൽ അധികം മലയാളികളാണ് മണലാരണ്യത്തിൽ മണ്ണോടുചേർന്നത്. കോവിഡും മാനസിക സമ്മർദവും മൂലവും ഹൃദയം തകർന്നും അവർ അന്നംതേടിവന്ന നാട്ടിൽതന്നെ അന്ത്യവിശ്രമംകൊണ്ടു. പല കുടുംബങ്ങളിലെയും ഏക അത്താണിയാണ് എന്നെന്നേക്കുമായി നഷ്ടമായത്. ഒരുപിടി സ്വപ്നങ്ങളുമായി കുടുംബത്തോട് യാത്രപറഞ്ഞവർ സ്വപ്നങ്ങൾ ബാക്കിയാക്കി ഭൂവാസം വെടിഞ്ഞു. കേരളവും കേന്ദ്രവും ഈ മരണങ്ങൾ അറിഞ്ഞില്ലെന്ന മട്ടിലാണ് പെരുമാറിയത്. നിരാലംബരായ കുടുംബങ്ങൾക്കും അനാഥരായ കുഞ്ഞുങ്ങൾക്കും വൈധവ്യം പേറുന്ന സഹോദരിമാർക്കും പുത്രവിയോഗം തകർത്ത മാതാപിതാക്കൾക്കും ആശ്വാസം നൽകാൻ ഇതുവരെ സർക്കാരുകളോ കേരളീയ സമൂഹമോ തയ്യാറായിട്ടില്ല എന്നത് ഖേദകരമാണ്. ക്രൂരമായ രാഷ്ട്രീയകൊലപാതക കേസിൽ കോടതി ശിക്ഷിച്ച പ്രതി മരണപ്പെട്ടപ്പോൾ സ്തുതിഗീതങ്ങളും അനുശോചന പ്രവാഹങ്ങളും നിറഞ്ഞുനിന്ന ഇടങ്ങളിൽ പ്രവാസി ജീവനുകൾക്ക് വിലയില്ലായിരുന്നു. ഗൾഫിൽനിന്നും പ്രവാസി മരണങ്ങൾ റിപ്പോർട്ട് ചെയ്യാത്ത ഒരു ദിവസം പോലും കടന്നുപോകുന്നില്ല. ചില ദിവസങ്ങളിൽ അഞ്ചും അതിലധികവും മരണങ്ങളാണ് നടക്കുന്നത്. ഹൃദയം നടുങ്ങുന്ന കാഴ്ചകൾ!



ഗൾഫിൽനിന്ന് നാട്ടിലേക്ക് ആരും വരേണ്ട എന്ന മനോഭാവം കേരളീയ പൊതുസമൂഹത്തിന് ഉണ്ടോ എന്ന് സാമൂഹ്യ മാധ്യമങ്ങളും അന്തിച്ചർച്ചകളും ശ്രദ്ധിച്ചാൽ തോന്നിപ്പോകും. ഓരോ ദിവസവും കേരളത്തിലെ രോഗികളുടെ എണ്ണം പറയുന്നിടത്ത് വിദേശത്തുനിന്ന് വന്നവർ, അന്യസംസ്ഥാനത്തുനിന്ന് വന്നവർ എന്നിങ്ങനെ വേർതിരിച്ചു പറയുന്നതു കൊണ്ടാവും ഈ ഒരു പൊതുബോധം രൂപപ്പെട്ടത്. പക്ഷേ, കണക്കുകൾ പരിശോധിക്കുമ്പോൾ ഒരുലക്ഷത്തിൽ താഴെ പ്രവാസികൾ മാത്രമെ നാട്ടിൽ ഇതുവരെ എത്തിയിട്ടുള്ളൂ. അതിൽ രണ്ട് ശതമാനത്തിൽ താഴെ പേർക്ക് മാത്രമാണ് രോഗം സ്ഥിരീകരിച്ചത്. ബാക്കി 98 ശതമാനം ആളുകൾക്കും രോഗം ഇല്ലെന്ന സത്യം ഈ കണക്കുകൾക്കിടയിൽ മറക്കപ്പെടുന്നു. രോഗിയാവുക എന്നത് ആരുടെയും കുറ്റമല്ല, അത് നാളെ നമുക്കോരോരുത്തർക്കും വന്നേക്കാം എന്ന തിരിച്ചറിവുണ്ടാവണം. രോഗികൾക്ക് സാന്ത്വനവും ആശ്വാസവും നൽകുക എന്നതാണ് മനുഷ്യത്വമുള്ള ഏതൊരാളുടെയും കടമ. പ്രവാസികളെ അന്യവൽക്കരിക്കാൻ ബോധപൂർവം ചില കേന്ദ്രങ്ങൾ ശ്രമിക്കുന്നു എന്നാണ് കരുതേണ്ടത്. അതിന്റെ പ്രതിഫലനമാണ് കൊല്ലത്ത് പ്രവാസിയെ തടഞ്ഞ സംഭവം. എന്തായാലും പ്രവാസികളെ അന്യവൽക്കരിക്കാനുള്ള ശ്രമങ്ങൾക്ക് സർക്കാർ തടയിടണം. ഇല്ലെങ്കിൽ വലിയ ദുരന്തങ്ങൾക്ക് നാം സാക്ഷിയാവേണ്ടി വരും.

നാട്ടിലേക്കു മടങ്ങാൻ രജിസ്റ്റർ ചെയ്തവരിൽ ചിലരെങ്കിലും ഈ മണ്ണിൽ തന്നെ അലിഞ്ഞു ചേർന്നു. ഇനിയും പ്രതീക്ഷയോടെ കാത്തിരിക്കുന്നവരെ നാട്ടിലെത്തിക്കാൻ വേണ്ടിയാണ് സർക്കാരും പ്രതിപക്ഷവും കേരള പൊതുസമൂഹവും ശ്രമിക്കേണ്ടത്. കൂടുതൽ വിമാന, കപ്പൽ സർവീസുകൾ ആരംഭിക്കാൻ തയ്യാറാവണം. അതിന് ശക്തമായ ഇടപെടലുകൾ ഉണ്ടാവണം. കേരളത്തിലെ ആരോഗ്യ സംവിധാനത്തിന്റെയും വിഭവശേഷിയുടെയും വളരെ ചെറിയ ശതമാനം മാത്രമാണ് കോവിഡ് കാലത്ത് ഉപയോഗിച്ചത്. അതുകൊണ്ട് ഇങ്ങോട്ട് വന്നാൽ ഇവിടെ പ്രതിസന്ധി രൂക്ഷമാകും എന്ന് പറയുന്നത് ന്യായീകരിക്കാവതല്ല. നമുക്ക് ധാരാളം വിഭവശേഷിയുണ്ട്. അത് ഓരോ കേരളീയന്റെയും ക്ഷേമത്തിന് ഉപയോഗപ്പെടുത്തേണ്ടതു തന്നെയാണ്. ഒന്നാം നമ്പറാകാൻ മനുഷ്യജീവനുകൾ ബലികൊടുക്കേണ്ടതില്ല. ഇന്ത്യയിലെ ഹോട്ട് സ്പോട്ടായ സ്ഥലങ്ങളിൽ നിന്നു പോലും ഒരു പരിശോധനയും കൂടാതെ ഫ്ളൈറ്റിൽ അടക്കം ദിനേന ആളുകൾ വരുന്നു. യൂറോപ്പ്, അമേരിക്ക യു.കെ തുടങ്ങിയ ഹോട്ട്സ് പോട്ട് രാജ്യങ്ങളിൽനിന്ന് വരുന്നവർക്ക് ടെസ്റ്റ് ആവശ്യമില്ല താനും. അതുകൊണ്ട് തന്നെ വരാൻ കാത്തിരിക്കുന്ന പ്രവാസികളെ തടയാൻ പറയുന്ന ന്യായങ്ങൾ പൊള്ളയാണ്. ഈ പ്രതിസന്ധിയിൽ പിടിച്ചു

നിൽക്കാൻ സാധിക്കാത്തവർ മാത്രമാണ് നാട്ടിലേക്ക് മടങ്ങാനിരിക്കുന്നത്. അവരെ ഇനിയും തടയാൻ ശ്രമിച്ച് മാനസിക സമ്മർദത്തിലേക്ക് തള്ളിവിടരുത്. മറ്റു രാജ്യങ്ങളിൽ ജീവിക്കുന്ന പ്രവാസികളെ അപേക്ഷിച്ച് ഗൾഫിലുള്ളവരിൽ വലിയൊരു വിഭാഗം അന്നംതേടി വന്നവരാണ്. കുടുംബജീവിതം ആഗ്രഹിച്ച് ഫാമിലി സഹിതം ഗൾഫിൽ നിൽക്കുന്നവർ പോലും ജീവിത ചെലവുകൾ അഡ്ജസ്റ്റ് ചെയ്ത് ജീവിച്ചുപോകുന്നവരാണ്. സ്യൂട്ടും കോട്ടുമിട്ട് നടക്കുന്ന കോടീശ്വരന്മാരുടെ മുഖമല്ല ഗൾഫിലെ യാഥാർഥമുഖം എന്ന് ഇനിയെങ്കിലും നാമൊക്കെ മനസ്സിലാക്കണം.

ഒരു കാര്യം കൂടി നമ്മൾ മനസ്സിലാക്കേണ്ടതുണ്ട്. പ്രവാസികൾ മിക്കവാറും നാട്ടിൽ പോകാൻ അർഹതപ്പെട്ടവർ തന്നെയാണ്. കാരണം ഒന്നോ രണ്ടോ വർഷം കൂടുമ്പോൾ ഒന്നോ രണ്ടോ മാസം ആണ് പ്രവാസികൾ നാട്ടിൽ വരുന്നതും കുടുംബത്തോടൊപ്പം ചെലവഴിക്കുന്നതും. ഫാമിലിയായി താമസിക്കുന്നവർ റമദാൻ മുതൽ ഹജ്ജ് വരെയുള്ള കാലയളവിലാണ് നാട്ടിലേക്ക് അവധിക്ക് പോവാറുള്ളത്. ഈ അർഥത്തിൽ ഗൾഫിലെ ബഹുഭൂരിപക്ഷം ആളുകളും നാട്ടിലേക്ക് വരാൻ അർഹർ തന്നെയാണ്. എന്നാൽ ഈ മഹാമാരിയുടെ ഇടയിൽ അത്യാവശ്യക്കാർ നാട്ടിലേക്ക് പോയിട്ട് നമ്മുടെ കാര്യം ആലോചിക്കാം എന്ന നിലയിൽ നിൽക്കുന്നവരാണവർ. സഹജീവിസ്നേഹത്തിന്റെ കരുതലിന്റെ യഥാർഥ മാതൃക അതുതന്നെയാണ്. സ്വന്തം നാട്ടിലേക്ക് ആരും വരേണ്ടതില്ലെന്ന് പറഞ്ഞ് ചാനൽ ചർച്ചകളിലും സാമൂഹ്യമാധ്യമങ്ങളിലും ഭരണ കേന്ദ്രങ്ങളിലും ഇരിക്കുന്നവർ മനസ്സിലാക്കേണ്ടത് ഗൾഫിലുള്ളവർ വരുന്നത് സ്വന്തം നാട്ടിലേക്കും വീട്ടിലേക്കുമാണ് എന്നാണ്; ആരുടെയും ഔദാര്യത്തിലേക്കല്ല എന്ന് ഇത്തരക്കാരെ വിനയപൂർവം ഉണർത്തുന്നു. പ്രവാസികൾക്ക് മുമ്പിൽ കേരളത്തിന്റെ വാതിൽ കൊട്ടിയടക്കാൻ ആർക്കും സാധ്യമല്ല. ശക്തമായ പ്രതിഷേധങ്ങൾ ഇനിയും ഉയരും. നീതിതേടി നീതിപീഠങ്ങളെ സമീപിച്ചാണ് സർക്കാരുകളുടെ പല തെറ്റായ തീരുമാനങ്ങളും തിരുത്തിച്ചത്. അത് ഇനിയും പ്രവാസലോകം ഒറ്റക്കെട്ടായി തുടരുക തന്നെ ചെയ്യും.

മരണമടഞ്ഞ പാവം പ്രവാസികളുടെ കുടുംബങ്ങൾക്ക് അടിയന്തിര ധനസഹായം ലഭ്യമാക്കാൻ സർക്കാരുകൾ തയ്യാറാവണം. ജോലി നഷ്ടപ്പെട്ട് വരുന്നവരുടെ പുനരധിവാസം, അവർക്കുള്ള ധനസഹായം, ആരോഗ്യ, വിദ്യാഭ്യാസ സഹായങ്ങൾ എന്നിവ ലഭ്യമാക്കാൻ അധികാരികൾ തയ്യാറാവണം. അവർക്ക് ആശ്വാസ പദ്ധതികളാണ് ഈ സാഹചര്യത്തിൽ പ്രഖ്യാപിക്കേണ്ടത്. അവധിയിൽ പോയി സൗദിയിലേക്ക് തിരിച്ചുവരാൻ സാധിക്കാത്തവർക്ക് പൂർണമായും കോവിഡ് മുക്തമായതിന് ശേഷമെ തിരിച്ചുവരാൻ സാധിക്കുകയുള്ളൂ എന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. അത് മാസങ്ങൾ നീണ്ടേക്കാം. അതുകൊണ്ട് നാട്ടിലുള്ളവർ തങ്ങളുടെ വരുമാനമാർഗം കണ്ടെത്തി പുതുജീവിതം തുടങ്ങുന്നതാണ് അഭികാമ്യം. മൂന്നരക്കോടി മലയാളികളിൽ മൂന്ന് കോടിയും കേരളത്തിൽ തന്നെ ജോലി ചെയ്ത് ജീവിക്കുന്നവരാണ്. അതുകൊണ്ട് അവിടെ പട്ടിണിയാവും എന്ന് ആരും ഭയപ്പെടേണ്ട. ഓരോരുത്തർക്കും അനുയോജ്യമായ തൊഴിൽ കണ്ടെത്തി ശിഷ്ടകാലം നാട്ടിൽ കുടുംബത്തോടൊപ്പം കഴിയാം. ഉള്ളതുകൊണ്ട് ജീവിക്കാൻ എല്ലാവരും തയ്യാറായാൽ സമാധാനവും സംതൃപ്തിയും ഉണ്ടാവും. അനാവശ്യ സമരങ്ങളും അക്രമ സമരങ്ങളും പകപോക്കലുകളും അവസാനിപ്പിച്ച് നാടിന്റെ വിഭവശേഷി ഉപയോഗപ്പെടുത്തി കേരളത്തെ പുനർനിർമിക്കണം. അതിനുള്ള ഇച്ഛാശക്തി രാഷ്ട്രീയ പാർട്ടികളും ഭരണകൂടവുമാണ് കാണിക്കേണ്ടത്. പുതിയ സംരംഭങ്ങൾ തുടങ്ങിയവരെ ആത്മഹത്യയിലേക്ക് നയിക്കുന്ന തരത്തിൽ സാഡിസ്റ്റ് മനോഭാവം പേറുന്ന ഉദ്യോഗസ്ഥവൃന്ദവും മാറേണ്ടതുതന്നെ.

എന്തായലും സൗദിയും യു.എ.ഇയും അടക്കം പല ഗൾഫ് രാഷ്ട്രങ്ങളും കോവിഡിനോടൊപ്പം ജീവിക്കാൻ തീരുമാനിച്ചു. മിക്ക മേഖലകളും പഴയത് പോലെ പ്രവർത്തനം ആരംഭിച്ചു. ജാഗ്രതയും കരുതലും കൈവെടിയാതെ ജീവിത സന്ധാരണം സാധ്യമാണെന്ന് നമ്മെ ബോധ്യപ്പെടുത്തുകയും അതിനനുസരിച്ച് കാര്യങ്ങൾ മുന്നോട്ട് പോവുകയും ചെയ്യുന്നു. ഈ മഹാമാരിയുടെ പ്രതിസന്ധിച്ചുഴിയിൽ അകപ്പെട്ട പ്രവാസികളെ അനാഥമാക്കാൻ ശ്രമിച്ചവർക്ക് അതിജീവനത്തിന്റെ പുതുമാതൃക കാണിക്കാൻ പ്രവാസി സമൂഹത്തിന് സാധിച്ചു. മത രാഷ്ട്രീയ വ്യത്യാസമന്യെ നന്മയുവുള്ളവർ ഈ രംഗത്ത് തോളോട് തോൾ ചേർന്നുനിന്ന് പ്രവർത്തിച്ചതിന്റെ ഫലമായാണ് ഗൾഫിലെ കോവിഡ് വ്യാപനത്തിന് ഒരു പരിധിവരെ തടയിടാൻ സാധിച്ചത്. ഈ കൂട്ടായ്മയും ഐക്യവും ഭാവിയിലും പ്രതിസന്ധികളെ അതിജയിക്കാനുള്ള കരുത്തായി മാറും എന്ന് പ്രത്യാശിക്കാം.

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com

കഥ

# കോവിഡുകാലത്തെ ഗൾഫുകാരന്റെ വീട്

"ഉമ്മാ, ഇന്നും നാലുമണിച്ചായക്ക് കടി അരി വറുത്തതാണോ?" എട്ടുവയസ്സുകാരിയായ മകൾ സഹ്‌ല അത് ചോദിച്ചപ്പോഴേക്കും 'എന്നും ഒരു അരിവറുത്തത്' എന്നു പറഞ്ഞ് അഞ്ചുവയസ്സുള്ള മകൻ സദീദ് തന്റെ മുന്നിലെത്തിയ പാത്രം തട്ടിത്തെറിപ്പിച്ചിരുന്നു.

മറുത്തൊന്നും പറയാതെ ഡൈനിംഗ് ടേബിളിൽ ചിതറിക്കിടക്കുന്ന അരിമണികൾ സഫിയ പെറുക്കിയെടുത്തുകൊണ്ടിരുന്നു. തങ്ങളുടെ ഉപ്പ കോവിഡ് ബാധിച്ച് ഷാർജയിലെ ആശുപത്രയിൽ കിടക്കുകയാണെന്നും തന്റെ പക്കൽ നയാപൈസയില്ലെന്നും പാവം കുട്ടികൾക്കറിയില്ലല്ലോ.

'ഉപ്പ ഇപ്പോൾ വിളിക്കാറുമില്ല. ഇനി വിളിച്ചാൽ എന്നും കഞ്ഞിയും ചമ്മന്തിയും ചായയും അരി വറുത്തതും മാത്രമെ ഉമ്മ തരാറുള്ളൂ എന്ന് ഞാൻ പറയും' മകൻ സങ്കടത്തോടെ അത് പറയുമ്പോൾ സഫിയ കരച്ചിലടക്കാൻ പാടുപെട്ടു.

ഗെയ്റ്റിനു പുറത്ത് ഒരു വാഹനം വന്നുനിൽക്കുന്ന ശബ്ദം കേട്ട് സഫിയ ജനൽകർട്ടൻ നീട്ടി. സഹായ വിതരണക്കാരാണ്. ഒരു കിറ്റ് കിട്ടിയാൽ മതിയായിരുന്നു. ഒന്നോ രണ്ടോ ദിവസത്തിനുള്ള അരിയും ചെറുപയറും മാത്രമെ വീട്ടിൽ ബാക്കിയുള്ളൂ.

'ഈ വീട്ടിൽ കൊടുക്കണോ?' വണ്ടിയിൽനിന്നൊരാൾ കൂടെയുള്ളവനോട്.

'ഹേയ് ഇത് ഗൾഫുകാരന്റെ വീടാ. ഇവർക്കതിന്റെ ആവശ്യമുണ്ടാകില്ല' എന്നു പറഞ്ഞുകൊണ്ട് തൊട്ടപ്പുറത്തുള അറവുകാരൻ മമ്മദിന്റെ വീട്ടിലേക്ക് അയാൾ കിറ്റുമായി നടന്നു. ആ വീട്ടിൽ നിന്ന് അപ്പോൾ ബിരിയാണി പാകം ചെയ്യുന്നതിന്റെ മണം ഉയരുന്നുണ്ടായിരുന്നു. മക്കൾ ബിരിയാണിയുടെ മണം അറിയാതിരിക്കാൻ ജനൽപാളികളെല്ലാം അടച്ച് ഉള്ളിൽനിന്നുയർന്ന ഒരു തേങ്ങലോടെ സഫിയ തളർന്നിരുന്നു.

അന്നേരമാണ് മൊബൈൽ ശബ്ദിച്ചത്.

"ഉമ്മാ, ഇതാ ഫോൺ...വല്ലിപ്പയാ" മകൾ നൽകിയ ഫോൺ സഫിയ വാങ്ങി.

"മോളേ...കുട്ടികൾ എവിടെയാ?"

"അവർ അപ്പുറത്തുണ്ട് ഉപ്പാ."

"ആരെങ്കിലും അങ്ങോട്ട് വിളിച്ചിരുന്നോ?"

"ഇല്ലല്ലോ ഉപ്പാ, എന്താ കാര്യം...?"

"അത്...അത്... ഞാൻ പിന്നെ വിളിക്കാം മോളേ..." ഉപ്പ ഫോൺ വെച്ചപ്പോൾ ശബ്ദം ഇടറിയിരുന്നുവോ? എന്തോ പറയാനുള്ളതു പോലെ!

കോളിംഗ് ബെല്ലടിയൊച്ചയാണ് സഫിയയെ ചിന്തയിൽനിന്നുണർത്തിയത്. അവൾ കതകു തുറന്നു. വാർഡ് മെമ്പറാണ്. ഗെയ്റ്റിനടുത്ത് അയൽക്കാരായ രണ്ടുപേർ മാറിനിൽക്കുന്നു.

"എന്താണ് മെമ്പറേ?" സഫിയ തലയിലെ തട്ടം ശരിയാക്കിക്കൊണ്ട് ചോദിച്ചു.

"ഷാർജയിൽനിന്നും സുബൈറിന്റെ സുഹൃത്തുക്കൾ വിളിച്ചിരുന്നു. സുബൈറിന്റെ സ്ഥിതി അൽപം ഗുരുതരമാണെന്ന് പറഞ്ഞു..."

അപ്പോഴേക്കും അയൽവാസികളായ രണ്ടു സ്ത്രീകൾ അവിടെയെത്തി.

'ആയിഷത്താ, നിങ്ങൾ സഫിയാനെ കാര്യം പറഞ്ഞു മനസ്സിലാക്കൂ' എന്നു പറഞ്ഞ് മെമ്പർ മുറ്റത്തേക്കിറങ്ങി.

'ഒക്കെ പടച്ചവന്റെ വിധിയാ മോളേ' എന്നു പറഞ്ഞ് അയൽക്കാരികൾ സഫിയയെ അകത്തേക്ക് കൂട്ടിക്കൊണ്ടു പോകാൻ ശ്രമിച്ചപ്പോൾ അവളുടെ ഹൃദയമൊന്ന് പിടഞ്ഞു. എല്ലാവരും പറയാൻ മടിക്കുന്നതെന്താണെന്ന് അവൾ തിരിച്ചറിഞ്ഞു കഴിഞ്ഞു.

'എന്റെ ഇക്കാ' എന്ന വിളിയോടെ അവൾ നിലത്തു വീണു.

അരി വറുത്തത് വേണ്ടെന്നു പറഞ്ഞ് തട്ടിക്കളഞ്ഞെങ്കിലും വീണ്ടും അതെടുത്ത് തിന്നുകൊണ്ടിരിക്കുകയായിരുന്ന സഹ്‌ലയും സദീദും അതുകേട്ട് ഓടിവന്നു. എന്താണ് സംഭവിച്ചതെന്നറിയാതെ പകച്ചു നിൽക്കുന്ന കുട്ടികളോട് എന്താണ് പറയേണ്ടതെന്നറിയാതെ അയൽക്കാരികൾ കണ്ണുതുടച്ചു.


സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം
വാരികയിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ ആസ്പദമാക്കി
വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന ഓൺലൈൻ ക്വിസ് മത്സരം.

# നേർപഥം Online Quiz

- ശരിയുത്തരമയക്കുന്ന 1,2,3 സ്ഥാനക്കാർക്ക് ആഴ്ച തോറും സമ്മാനങ്ങൾ..!!
- എല്ലാ ഞായറാഴ്ചയും 10 AM മുതൽ ബുധൻ 12 AM വരെ ഉത്തരമയക്കാൻ അവസരം.

zameel
the soulmate

**വിശദവിവരങ്ങൾക്ക്
നേർപഥം വെബ്സൈറ്റോ
സമീൽ ഓൺലൈൻ ലൈബ്രറിയോ
സന്ദർശിക്കുക.**




Circulation Manager | Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2
Kerala | India | Ph: 0495 4019437 | +91 92075 25244 | **mail@nerpatham.com | www.nerpatham.com**

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2020 JULY 04

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

GREEN VALLEY
PUBLIC SCHOOL

Affiliated to CBSE : 930857
Green Valley Campus,
Nellikkapramba, Mukkam
Kozhikode dt, Pin : 673602
Tel : 9061716600



# GREEN HOME

Residential Campus For Boys

**Green valley public school** is a school with real difference, providing students with distinct opportunities and advantages to develop their full potential academically, socially and personally

Affiliated to **CBSE, New Delhi**, the school is a safe retreat to the students who join us from other international schools and the Gulf countries.

Dedicated to provide exceptional learning experience to the students for holistic development and moral rectitude with excellence ethics and beyond

**Green home residential program** is an endeavor for outstation students to learn as well as to live in a comfortable, safe and healthy surrounding.

We provide a homely environment for outstation students with a pantry that serves delicious and nutritious homely food and laundry services.

We provide Islamic religious education aiming to instill faith and a better understanding of true Islam in our students.

## Special features included

01 Curriculum focusing on quran, belief system, jurisprudence and Islamic history

02 Guidelines prepared by panel experts in the field of Islamic education

03 Quran memorizing with tajweed

04 Communicative Arabic and English

**Registration open for grade 5-8 (boys only )**

/greenvalleycampus

+91 9061716600
greenvalleyinstitutions@gmail.com

**GREEN VALLEY PUBLIC SCHOOL**
ADMISSION STARTED
[2020-2021]

**LKG to VIII**
**STANDARD**